## Farook Training College Innovative Academia (FTCIA)

# Online Collaborative Learning Project (OCLP)

## Pre-Edited Version of Study Materials.

(Chance for minor errors)

# Farook Training College Innovative Academia (FTCIA)

## **Online Collaborative Learning Project (OCLP)**

### **Project Team:**

**Project Head: Dr. T. Mohamed Saleem. Principal**
**Project Director: Dr. K. Vijayakumari. Associate Professor**

**Associate Directors:**
**1. Dr. G. Manoj Praveen. Associate Professor.**
**2. Dr. Niranjana. KP. Assistant Professor**

**Student Directors:**
**Afrah B.Ed Natural Science**
**Anuraj B.Ed Social Science**
**Ranisha B.Ed Malayalam**
**Ayisha Jubna B.Ed Mathematics**
**Anjana B.Ed Physical Science**
**Rahma B.Ed English**

*The entire materials are prepared by the B.Ed students (2020-22) of Farook Training College, Calicut, Kerala.*

*It is expected that this will be a support for those who need simplified, concise but comprehensive study materials for their examination preparation. It is a smart footstep to self learning and peer learning.*

*A note of appreciation to all student teachers who are the workforce behind this great endeavor.*

Team OCLP

FTC

**EDU05.4Theoretical basis of malayalam**

# Unit1. significance of mother tongue

## ഭാഷ നിർവചനം

- “ ഒരു പ്രത്യേക ജനവിഭാഗം ആശയവിനിമയ അർത്ഥം ഉപയോഗിക്കുന്നതും ആശയവുമായി വെറും താൽക്കാലിക ബന്ധം മാത്രമുള്ളതുമായ ഉച്ചാരണ- ശബ്ദങ്ങളുടെ സ്വരൂപ ഘടനയോട് കൂടിയ പഠിത- വൃത്തിയാണ് ഭാഷ “ - കെ എം പ്രഭാകരവാര്യർ

*** Functions of language in a society**

- ആശയവിനിമയത്തിനുള്ള ഉപാധിയാണ് ഭാഷ – ആശയങ്ങളോ വിചാരങ്ങളോ വിവരങ്ങളോ പരസ്പരം കൈമാറ്റം ചെയ്യുന്നതിനെ ആശയ-വിനിമയം എന്നു പറയുന്നു .

- സാമൂഹികവും സാംസ്കാരികവുമായ ഉന്നമ – നത്തിനുള്ള ഉപാധിയാണ് ഭാഷ

- പരസ്പര സഹകരണത്തിലും ഐക്യത്തിനും ഭാഷ സഹായകമാകുന്നു

- ഭാഷയും ചിന്തയും തമ്മിൽ അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു എന്നാൽ ഭാഷയിലൂടെ മാത്രമേ ചിന്ത സാധ്യമാകൂ എന്ന കാഴ്ചപ്പാട് പൂർണ്ണമായും ശരിയല്ല എന്നാണ് ആധുനികർ പറയുന്നത്

* സംസ്കാരം വളർത്താൻ ഭാഷ സഹായിക്കുന്നു

- ചിന്തകളും അനുഭവങ്ങളും മറ്റുള്ളവരിൽ എത്തിക്കാൻ ഭാഷ ആവശ്യമാണ്

- മനുഷ്യരെ മറ്റു ജീവജാലങ്ങളിൽ നിന്നും വ്യത്യസ്ഥരാക്കി
  തീർക്കുന്ന ഒരു സവിശേഷ പ്രതിഭാസമാണ് ഭാഷ
- ദേശീയതയുടെ രൂപവത്കരണത്തിന് ഭാഷ ഏറെ
  പ്രാധാന്യമുണ്ട്
- മനുഷ്യന്റെ സാമൂഹ്യ വളർച്ചയിൽ ഭാഷയുടെ പങ്ക്
- വലുതാണ്
- കലകൾ സാഹിത്യങ്ങൾ എന്നിവ പരിപോഷിക്കുന്നത്
  ഭാഷയിലൂടെയാണ്
- മനസ്സ് ചിന്ത ഭാവന പങ്കുവയ്ക്കൽ സംസ്കാരം ലോകബോധം
  ആശയവിനിമയം എന്നിങ്ങനെ ജീവിതം പൂർണമായിത്തന്നെ
  ഭാഷയുടെ ആവിഷ്ക്കാര മണ്ഡലത്തിലാണ്

## * Relevance of mother tongue in a Democratic Society

- മാതൃഭാഷ : തന്റെ ചുറ്റുമുള്ള സമൂഹം സംസാരിക്കുന്ന ഭാഷയാണ് മാതൃഭാഷയായി നാം പരിഗണിക്കുന്നത് മാതൃഭാഷാ എന്നത് ഒരു വ്യക്തിയുടെ അവൻ ഉൾപ്പെടുന്ന പാരമ്പര്യ സമൂഹത്തിന്റെ സാധാരണ സംസാരശൈലിയും ലിപി ഉണ്ടെങ്കിൽ അതുൾപ്പെടുന്ന അച്ചടി ശൈലിയും അടങ്ങുന്ന ഭാഷയാണ്

*- അമ്മിഞ്ഞപ്പാലിൻ ഒപ്പം കുഞ്ഞു സ്വായത്തമാക്കുന്ന
ഒന്നാണ് മാതൃഭാഷ കുട്ടിയുടെ ചിന്താശക്തി ആശയവിനിമയത്തിനുള്ള കഴിവ് ഇവയൊക്കെ രൂപപ്പെടുന്നത് ഈ പ്രായത്തിൽ ആയതിനാൽ മാതൃഭാഷയ്ക്കുള്ള പ്രാധാന്യം വളരെ വലുതാണ്

• മനുഷ്യന്റെ വൈകാരികാവസ്ഥ കളെ വെളിവാ- ക്കാൻ മാതൃഭാഷ ഓളം കഴിവ് മറ്റൊരു ഭാഷയ്ക്ക് ഇല്ല

- സ്വന്തം അനുഭവങ്ങൾ ഏറ്റവും സത്യസന്ധമായി പ്രകടിപ്പിക്കാൻ കഴിയുന്നത് മാതൃഭാഷയിലൂടെ യാണ് അതായത് വ്യക്തിയുടെ ചിന്താ പ്രക്രിയ നടക്കുന്നതിന് ഉചിതം മാതൃഭാഷ തന്നെ
- എല്ലാ ജനങ്ങൾക്കും തുല്യ പരിഗണണനയും തുല്യ
- അവകാശങ്ങളും നൽകുകയാണ് ജനാധിപത്യ ക്രമം സഹകരണം സ്നേഹം സഹിഷ്ണുത ആത്മാർത്ഥത മതേതരത്വം ഇവയൊക്കെയാണ് ജനാധിപത്യത്തിന്റെ അടിസ്ഥാന മൂല്യങ്ങൾ ഇവയൊക്കെയും വിദ്യാഭ്യാസതിന്റെ യും ലക്ഷങ്ങളാണ് ഇവയെല്ലാം സ്വതമാക്കാൻ വിദ്യാർഥികളെ പ്രാപ്തരാക്കുന്നത്

- ശരിയായി ചിന്തിക്കാനും പ്രവർത്തിക്കാനും കഴിയുന്നത് മാതൃഭാഷയിലൂടെയുള്ള പഠനത്തി- ലാണ് എന്നാലേ ശരിയായ രീതിയിലുള്ള ആശയ- വിനിമയവും അഭിപ്രായ സ്വാതന്ത്ര്യവും ഉണ്ടാകൂ

- പരസ്പര ഐക്യവും സഹകരണവും പങ്കുവയ്- ക്കലും സാധ്യമാകുന്നത് മാതൃഭാഷയിലൂടെ യാണ്

- ദേശീയ( ഉപദേശീയത) രൂപവത്കരണത്തിന് മാതൃഭാഷ കാരണമാകുന്നു
- കുട്ടികളിൽ മാതൃഭാഷയിലൂടെയുള്ള പഠനം നേതൃത്വ ഗുണവും സംഘബോധവും വർദ്ധിപ്പി- ക്കാൻ സഹായിക്കുന്നു
- ജനാധിപത്യ സർക്കാറുകളിൽ നിന്ന് അവകാശ- ങ്ങൾ  ചോദിച്ചു വാങ്ങാനും നഷ്ടപ്പെട്ടത് നേടിയെടുക്കാനും മാതൃഭാഷ പരിജ്ഞാനം സഹായിക്കും. ഭരണഭാഷ മാതൃഭാഷയെ ആകുന്നതോടെ ജനാധിപത്യപ്രക്രിയ സുതാര്യമായി തീരും

# മാതൃഭാഷ ഒരു ബോധന മാധ്യമമെന്ന നിലയിൽ

- ബോധന മാധ്യമം മാതൃഭാഷയിലായിരിക്കണം
- കുട്ടികളുടെ അഭിരുചികൾ ,അടിസ്ഥാനാവശ്യങ്ങൾ എന്നിവയെല്ലാം മാതൃഭാഷയുമായി ബന്ധപ്പെട്ടു കിടക്കുന്നു
- കുട്ടികളുടെ സൃഷ്ടിപരവും ഉത്പാദനക്ഷമവുമായ സ്വാഭാവികസിദ്ധികൾ പ്രയോജനപ്പെടുത്താൻ ഇതു സഹായകമാണ്
- വിദ്യാഭ്യാസ നിലവാരം താഴാതെ വിദ്യാഭ്യാസകാലം ചുരുക്കാം
- സംസ്കാരവും സാമൂഹികമായ തനിമ നിലനിർത്താം

മാതൃഭാഷ എന്നത് ജനിതകമായി പാരമ്പര്യമായി ഒരു വ്യക്തിയിലേക്ക് കൈമാറ്റപ്പെടുന്ന ഭാഷയാണ് .ഇവിടെ കുട്ടി ചുറ്റുപാടുള്ള പൊതുസമൂഹം സംസാരിക്കുന്ന ഭാഷയാണ് മാതൃഭാഷയായി വരുന്നത് .ഔപചാരിക വിദ്യാഭ്യാസത്തിനു മുമ്പേ അതാരംഭിക്കുന്നു .കുട്ടിയുടെ ചിന്താശക്തി ,ആശയവിനിമയത്തിനുള്ള കഴിവ് ഇവയൊക്കെ ഈ പ്രായത്തിൽ രൂപപ്പെടുന്നതിനാൽ മാതൃഭാഷക്കുള്ള പ്രധാന്യം വില കുറച്ചു കാണാൻ കഴിയില്ല .പ്രാഥമിക തലത്തിലുള്ള പഠനം കുട്ടിയെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനമാണ് .ഭാവിയിലേക്കുള്ള പഠനത്തിന്റെ അടിസ്ഥാനവും ഇതാണ് .തദ്ദേശീയ ഭാഷയിലൂടെയല്ലാത്ത വിദ്യാഭ്യാസ രീതി കുട്ടികളെ പ്രതികൂലമായി ബാധിക്കുന്നു .

# ഔദ്യോഗിക ഭാഷയും മാതൃഭാഷയും

- ❖ഭരണം ഭരണീയ ജനങ്ങളുടെ ഭാഷയിലായിരിക്കണമെന്നത് ജനാധിപത്യത്തിന്റെ അടിസ്ഥാന പ്രമാണങ്ങളിലൊന്നാണ്
- ❖ജനാധിപത്യ സംവിധാനത്തിൽ ജനങ്ങളുടെ ഭാഷയിൽ തന്നെ  ഭരണം നിർവഹിക്കപ്പെടണം
- ❖ജനാധിപത്യം സാർത്ഥകമാകുന്നത് ഭരണഭാഷ ജനങ്ങളുടെ ഭാഷയാകുമ്പോഴാണ്
- ❖ജനാധിപത്യ വ്യവസ്ഥിതിയിൽ ഭൂരിപക്ഷം ജനങ്ങളുടെ മാതൃഭാഷ അഥവാ  പ്രാദേശിക ഭാഷ ഭരണ കാര്യങ്ങൾ നിർവഹിക്കാനുള്ള ഭാഷയായി ഉപയോഗിച്ചേ മതിയാവു

- ❖അതനുസരിച്ചു കേരളത്തിലെ ഏതാണ്ട് മുഴുവന്‍ ജനങ്ങളും സംസാരിക്കുന്ന മലയാളം ആയിരിക്കണം കേരളത്തിന്റെ ഔദ്യോഗിക ഭാഷ

## പ്രായോഗിക പ്രശ്നങ്ങള്‍

ഇന്നത്തെ സ്ഥിതിയില്‍ ഭരണഭാഷ പൂര്‍ണമായും മലയാളമാക്കുന്നതിനു പ്രായോഗികമായി ചില ബുദ്ധിമുട്ടുകളുണ്ട് .അവയില്‍ ചിലത് താഴെ കൊടുക്കുന്നു .

- ❖കേരളത്തിലെ നല്ലൊരു ജനവിഭാഗത്തിന് മലയാളത്തോടുള്ള പുച്ഛവും അവഗണനയും

- കേരളത്തിലെ വളർന്നു വരുന്ന വിദ്യാർത്ഥികളിൽ ഏതാണ്ട് പകുതിയോളം പേർ പാഠ്യ പദ്ധതിയുടെ ഭാഗമായി മലയാളം പഠിക്കുന്നില്ല
- സെക്രട്ടറിയേറ്റ് ,കോടതികൾ, ഓഫീസുകൾ ,മുതലായവയുമായുള്ള എഴുത്തുകുത്തുകൾ ഇംഗ്ലീഷിൽ തന്നെ നടത്തേണ്ടി വരുന്നു
- ഫയലുകളുടെ മുൻ മാതൃകകൾ ലഭിക്കാനില്ല
- ഇംഗ്ലീഷിലെ പദങ്ങൾക്ക് അനുയോജ്യമായ മലയാളം പദങ്ങളുടെ ലഭ്യതകുറവ്
- ഭരണകാര്യങ്ങൾക്ക് വേണ്ടി ഉപയോഗിക്കുന്ന മലയാളം പലപ്പോഴും വികലവും പരിഹാസ്യവും ആശയഗ്രഹണത്തിനു ഉപകരിക്കാത്തതുമാണ്
- വേണ്ടത്ര പ്രമാണ ഗ്രന്ഥങ്ങൾ ലഭ്യമല്ല .ശബ്ദാവലികൾ അപര്യാപ്തമാണ്
- ഡിപ്പാർട്ട്മെന്റൽ ടെസ്റ്റുകളിൽ മലയാള ഭാഷ പരിജ്ഞാനം പരിശോധിക്കുന്നില്ല

# മാതൃഭാഷയും നാടോടിവിജ്ഞാനീയവും

ഫോക്ലോറുകളുടെ പുരാവൃത്ത
ഘടനയെയും പഠനത്തെയും വളര്‍ച്ചയേയും
വളരെയധികം സഹായിച്ചത്
മാതൃഭാഷയാണ്. ഇതൊരു വിജ്ഞാന
ശാഖയായി വളര്‍ന്നപ്പോള്‍ അതിന്‍െറ
വളര്‍ച്ചയെ സ്വാധീനിച്ചത്
ഭാഷാശാസ്ത്രമായിരുന്നു.

നാടോടി സാഹിത്യത്തിലെ ജീവിതത്തെ
കുറിച്ച് പഠിക്കുമ്പോൾ ആ
സമൂഹത്തിൻ്റെ ബോധ മനസിനെ
മനസ്സിലാക്കാൻ ശ്രമിക്കുകയാണ്
ചെയ്യുന്നത്. നാടോടി വിജ്ഞാന ത്തിൻറെ
ഒരു പ്രധാന ധർമ്മമായി
അറിയപ്പെടുന്നതാണ് നിരക്ഷര
സമൂഹത്തിൻറെ ആത്മാവിഷ്കാരം ആയ
ഫോക്ക് ഘടകങ്ങൾ.

നാടോടി ഗാനങ്ങളും നാടൻപാട്ടും
കഥകളും മിത്തുകളും
വീരേതിഹാസഗാനങ്ങളും
ഐതിഹ്യങ്ങളുമെല്ലാം ഭാഷയിലെ
വാമൊഴികളായി, വീജ്ഞാന
ദാതാക്കളായി
അറിയപ്പെട്ടു.ആധുനികവൽക്കരണത്തി
ൻ്റെയും നഗരവൽക്കരണത്തിൻ്റെ
യും

തീക്ഷ്ണമായ പ്രക്രിയകളാൽ രൂപം
മാറിക്കൊണ്ടിരിക്കുന്ന  കേരള നാടിൻ്റെ
ബോധമണ്ഡലത്തിൽ നിന്നും ഈ നാടൻ
സാഹിത്യരൂപങ്ങളായ മിത്തുകളും
ഐതിഹ്യങ്ങളും വരും തലമുറയ്ക്ക്
വേണ്ടി അച്ചടി മഷി പുരട്ടി സംരക്ഷിച്ചു
വയ്ക്കുക എന്ന ചരിത്രപരമായ ദൗത്യമാണ്
ഇന്ന് നമ്മുടെ മാതൃഭാഷ
ചെയ്തുകൊണ്ടിരിക്കുന്നത്.

# മാതൃഭാഷയും സംസ്കാരവും

പിറന്നുവീഴുന്ന ഓരോ കുഞ്ഞും അമ്മ നൽകുന്ന അമൃതിനൊപ്പം തന്നെ മാതൃഭാഷയും നുണഞ്ഞിറക്കി തുടങ്ങുന്നു.മാതാപിതാക്കളുടെ ഭാഷതന്നെ ഒരു കുഞ്ഞിന് മാതൃഭാഷയായി കൊള്ളണമെന്നില്ല. മാതാപിതാക്കളിൽ നിന്നും വേർപെട്ട് മറ്റൊരു നാട്ടിൽ

വളരേണ്ടിവരു
ന്ന കുഞ്ഞിനും അവിടെ
ആശയവിനിമയം കൂടുതലായി
ഉപയോഗിക്കുന്ന ഭാഷ ആയിരിക്കും
മാതൃഭാഷ. വളരുംതോറും ആ ഭാഷ
കൂടുതൽ സ്വായത്തമാക്കുകയും ഒപ്പം
അവിടുത്തെ സംസ്കാരവും.

ഓരോ ജനതയും ഭാഷയെ
വികസിപ്പിച്ചെടുത്തത് അവരുടെ
സംസ്കാരത്തിന് അനുഗുണമായാണ്.

അതായത് ഒരു കൂട്ടായ്മയുടെ ഭാഗമായി എന്തെല്ലാം ആവശ്യങ്ങൾ പൂർത്തീകരിക്കപ്പെടുന്നുണ്ടോ അവയെയെല്ലാം പ്രതിനിധീകരിക്കുന്ന ഭാഷ അതായിരിക്കും ആ ജനതയുടെ മാതൃഭാഷ .ചുരുക്കത്തിൽ മാതൃഭാഷയും സംസ്കാരവും തമ്മിലുള്ള ബന്ധം അടിവേരുകൾ മുതൽക്കുതന്നെ തുടങ്ങുന്നു.

ഓരോ സംസ്കാരത്തെയും ജീവശ്വാസം അവരുടെ മാതൃഭാഷയാണ്. ഓരോ ജനതയുടെയും നിലനിൽപ്പ് തന്നെ അവരുടെ സംസ്കാരത്തിൽ അധിഷ്ഠിതമാണ്. സംസ്കാര കൈമാറ്റത്തിന് ഭാഷയും സഹായകമാകുന്നുണ്ട്. അത് ഒരുപക്ഷേ ഭാഷയുടെ വളർച്ചയ്ക്കോ തളർച്ചയ്ക്കോ കാരണമാകാം.

# ഔദ്യോഗികഭാഷ

ഭാഷാടിസ്ഥാനത്തിൽ കേരളസംസ്ഥാനം രൂപവത്കരിച്ചതുമുതൽ ആരംഭിച്ചതാണ് ഔദ്യോഗികഭാഷ മലയാളമാക്കാനുള്ള യത്നം. ആദ്യത്തെ ഇ.എം.എസ്. മന്ത്രിസഭ അധികാരമേറ്റയുടൻ 1957 ഓഗസ്റ്റ് 31-ന് കോമാട്ടിൽ അച്യുതമേനോൻ അധ്യക്ഷനായി ഒരു സമിതിയെ നിയോഗിച്ചു.

സാഹിത്യനിരൂപകനും ശാസ്ത്രജ്ഞനുമായ ഡോ. കെ. ഭാസ്കരൻനായർ, കെ. ദാമോദരൻ, പി.ടി. ഭാസ്കരപ്പണിക്കർ എന്നിവരായിരുന്നു അംഗങ്ങൾ. 1969-ൽ നിലവിൽവന്ന കേരള ഔദ്യോഗിക ഭാഷാനിയമം മലയാളമോ ഇംഗ്ലീഷോ ആയിരിക്കും കേരളത്തിന്റെ ഔദ്യോഗികഭാഷയെന്ന് വ്യവസ്ഥചെയ്തു.

1973-ലെ ഭേദഗതിപ്രകാരം മലയാളവും ഇംഗ്ലീഷും ഔദ്യോഗികഭാഷകളായി. ഏതൊക്കെ ആവശ്യങ്ങൾക്കാണ് ആ ഭാഷകൾ ഉപയോഗിക്കേണ്ടതെന്ന വിജ്ഞാപനവും സർക്കാർ പുറപ്പെടുവിച്ചു. മലയാളത്തിലെഴുതുന്ന ഫയലുകൾ ഒരുഘട്ടത്തിലും ഇംഗ്ലീഷിലേക്ക് മാറ്റരുതെന്ന് 1983-ൽ സർക്കാർ ഉത്തരവിട്ടു.

1984-ലെ മറ്റൊരുത്തരവ് സർക്കാർ കാര്യാലയങ്ങളിൽ നിത്യേന ഉപയോഗിക്കുന്നതും കേരളത്തിനുള്ളിലെ ആവശ്യങ്ങൾക്ക് മാത്രമുള്ളതുമായ അപേക്ഷാപത്രങ്ങൾ മലയാളത്തിൽ മാത്രമേ അച്ചടിക്കാവൂ എന്നും നിർദേശിക്കുകയുണ്ടായി.

ഔദ്യോഗികഭാഷ മലയാളമാക്കുന്നതിനെ സംബന്ധിച്ച സുപ്രധാന നിരീക്ഷണങ്ങൾ വി.എം. സുധീരന്റെ നേതൃത്വത്തിലുള്ള നിയമസഭാ എസ്റ്റിമേറ്റ് കമ്മിറ്റി 1983-ൽ നൽകിയ റിപ്പോർട്ടിൽ അവതരിപ്പിച്ചിരുന്നു. ‘ഭരണം ജനങ്ങൾക്കുവേണ്ടിയാണ്. അതു ജനങ്ങളുടെ ഭാഷയിലാവണം. ജനാധിപത്യ വ്യവസ്ഥിതിയെത്തന്നെ അർഥപൂർണമാക്കുവാൻ ഇതാവശ്യവുമാണ്.

ജനങ്ങളുടെ പങ്കാളിത്തം ഭരണത്തിൽ ഉറപ്പുവരുത്തുവാൻ ഇതു കൂടിയേതീരൂ. സ്വാതന്ത്ര്യംകിട്ടി മൂന്നു ദശവത്സരം പിന്നിട്ടിട്ടും ഇക്കാര്യത്തിൽ അഭിമാനാർഹമായ നേട്ടം കൈവരിക്കാൻ നമുക്കു കഴിഞ്ഞിട്ടില്ല..... ഭരണഭാഷ മാതൃഭാഷയായായാലേ പറയാനുള്ളതു പറയാനും അവകാശപ്പെടാനുള്ളത് അവകാശപ്പെടാനും സാധാരണക്കാരനു കഴിയൂ' എന്ന ആ നിരീക്ഷണം ഇന്നും പ്രസക്തമാണ്.

മാതൃഭാഷാ
പോഷണത്തിനുവേണ്ടിയുള്ള ഇത്തരം
ശ്രമങ്ങളുടെ ഫലമായി ഒട്ടേറെ
ഉത്തരവുകൾ ഉണ്ടായിട്ടുണ്ടെങ്കിലും
അവയിൽ പലതും
‘പരാജയപ്പെടുത്ത’പ്പെട്ടതായാണ്
അനുഭവം. ഇംഗ്ലീഷിലുള്ള രേഖകൾ
സാമാന്യജനങ്ങൾക്കു
വായിച്ചുമനസ്സിലാക്കാൻ വേണ്ടി എല്ലാ
സർക്കാർ വകുപ്പുകളിലും ഡെപ്യൂട്ടി
സെക്രട്ടറി റാങ്കിൽ കുറയാത്ത

ഉദ്യോഗസ്ഥന്റെ നേതൃത്വത്തിൽ മൂന്നിൽ കുറയാത്ത അംഗസംഖ്യയുള്ള പരിഭാഷാ സെൽ ഉണ്ടാക്കണമെന്ന് 2003-ൽ സർക്കാർ നിർദേശിച്ചെങ്കിലും നടപ്പാവാത്തത് ഉദാഹരണം.

# UNIT II

# AIMS AND OBJECTIVES OF TEACHING MALAYALAM.

# ഭാഷാ അധ്യാപനത്തിന്റെ പൊതുവായ ലക്ഷ്യങ്ങൾ

- **അറിവ് നേടാൻ :** വിവിധ വസ്തുക്കളെക്കുറിച്ചുള്ള അറിവ് നേടലാണ് ബോധനത്തിന്റെ പ്രധാനലക്ഷ്യം. വസ്തുതകൾ വ്യക്തമായി സ്വായത്തമാക്കിയാലേ ചിന്താപ്രക്രിയ സാധ്യമാവുകയുള്ളൂ. ഈ ചിന്തയാണ് സാമൂഹ്യപുരോഗതിക്ക് സഹായകമാകുന്നത്.
- **ധാരണ ശക്തിയുടേയും വിമർശനാത്മക**

ധാരണ ശക്തിയുടെയും
വിമർശനാത്മക ചിന്തയുടെയും
വികാസത്തിൽ പ്രധാന
വസ്തുക്കളെക്കുറിച്ചുള്ള
പരിജ്ഞാനം അത്യാവശ്യമാണ്
ഇതുവഴി സാമൂഹിക പ്രശ്നങ്ങളെ
കുറിച്ചുള്ള വ്യക്തമായ
ധാരണയും ബോധവും
വളർത്താൻ ഭാഷാ പാഠങ്ങൾ
വിദ്യാർത്ഥികളെ

# സ്വയം പഠനത്തിനുള്ള പരിശീലനം

ബോധനത്തിന് പ്രധാനപ്പെട്ട മറ്റൊരു ലക്ഷ്യം ശരിയായ പഠനരീതികൾ സ്വായത്തമാക്കാൻ വിദ്യാർത്ഥികളെ സഹായിക്കലാണ് എന്ന തിരിച്ചറിവ് അധ്യാപകൻ ഉണ്ടാകണം പഠനം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് നല്ലത് വായിക്കാനും നല്ല ജീവിതാനുഭവങ്ങൾ ആർജ്ജിക്കുന്നതിനും കുട്ടിക്കുള്ള താൽപര്യവും തെരഞ്ഞെടുക്കലുമാണ്.

# ശീലങ്ങളുടെയും നൈപുണികളുടെയും രൂപീകരണം

ഭാഷാ പഠനത്തിൽ ശീലങ്ങൾക്കും നൈപുണികൾ ക്കും വളരെയധികം പ്രാധാന്യമുണ്ട്. വ്യക്തത, വേഗത, കൃത്യത തുടങ്ങിയ ശീലങ്ങൾക്കൊപ്പം തന്നെ ഭാഷാ പഠനത്തിന് ആവശ്യമായ വിവിധതരത്തിലുള്ള ശ്രദ്ധ, സംഭാഷണം, വായന, എഴുത്ത് എന്നിവയും കൈവരിക്കേണ്ടതാ ്

## സ്വഭാവ പരിശീലനം.

ഏതു പഠനത്തിന്റെയും ബോധനത്തിന്റെയും ലക്ഷ്യം സാമൂഹിക നന്മ കാത്തുസൂക്ഷിക്കുന്ന നല്ല പൗരന്മാരെ സൃഷ്ടിക്കുക എന്നതാണ്. സാമൂഹികാ  ധിഷ്ഠിതമായ മൂല്യങ്ങൾ ഉൾക്കൊള്ളുന്നതിന് ഭാഷാ പഠനങ്ങൾ സഹായകമാകുന്നു.

# വിദ്യാഭ്യാസപരമായ ലക്ഷ്യങ്ങൾ

1 . അടിസ്ഥാന ശേഷികളിലും പ്രക്രിയകളിലും പ്രാവീണ്യം നേടുക ( Mastery of basic skills and fundamental processes )

1.1 വായിക്കാനും എഴുതാനും പഠിക്കുക . അടിസ്ഥാന ഗണിതശേഷികൾ ആർജിക്കുക .

1.2 വായനയിലൂടെയും ശ്രവണത്തിലൂ ടെയും ആശയങ്ങൾ സ്വാംശീകരിക്കാനുള്ള കഴിവു നേടുക .

1.3 ലേഖനത്തിലൂടെയും ഭാഷണത്തിലൂ ടെയും ആശയവിനിമയം നടത്താനുള്ള കഴിവു വളർത്തുക .

# ന്റെ പ്രത്യേക ലക്ഷ്യങ്ങൾ

വിദ്യാഭ്യാസത്തിന്റെ
അടിസ്ഥാനഘടകം ഭാഷയായ
തുകൊണ്ടുതന്നെ ഭാഷാ
ധ്യാപനത്തിന് വ്യക്തമായ ചില
പ്രത്യേക ലക്ഷ്യങ്ങളുണ്ട്.
വിദ്യാഭ്യാസത്തിന്റെ ഓരോ
ഘട്ടത്തിലും നിയതമായ ചില
ലക്ഷ്യങ്ങൾ ഉണ്ടെങ്കിലും
അധ്യാപനത്തിന് അടിസ്ഥാനപര

1- അന്യരുടെ സംസാരം വ്യക്തമായും അനായാസമായും ഗ്രഹിക്കാനുള്ള കഴിവ്.

2- സ്വന്തം ആശയങ്ങൾ വ്യക്തമായും സ്പഷ്ടമായും അന്യരെ ധരിപ്പിക്കുവാനുള്ള കഴിവ്.

3- ലിഖിത ഭാഷയിലുള്ള ആശയങ്ങൾ വായിച്ചു മനസ്സിലാക്കുന്നതിനും മറ്റുള്ളവർക്ക് മനസ്സിലാകുന്ന തരത്തിൽ അർത്ഥ വ്യക്തതയോടെ വായിക്കുന്നതിനുള്ള കഴിവ്.

4- സ്വന്തം ആശയങ്ങൾ നല്ല ഭാഷയിൽ വ്യക്തമായി എഴുതുന്നതിനുള്ള കഴിവ്.

# ഭാഷാധ്യാപനത്തിലെ പൊതുവായ ഉദ്ദേശ്യങ്ങൾ

ഭാഷാബോധനോദ്ദേശ്യങ്ങളെ പ്രധാനമായും നാലായി വർഗീകരിച്ചിരിക്കുന്നു.

*ആശയ പരം

*അന്വേഷണ പരം

*നൈപുണിപരം

*വൈകാരികപരം

# ന്റെ പ്രത്യേക ഉദ്ദേശ്യങ്ങൾ

* കൂട്ടായ്മയും സാമൂഹിക ബന്ധങ്ങളും സ്ഥാപിച്ചെടുക്കാൻ ഉതകുന്ന തരത്തിലുള്ള ഭാഷ ഫലപ്രദമായി ഉപയോഗിക്കുന്നതിന്.

* പ്രശ്നങ്ങളെ അപഗ്രഥിച്ചും വിവരങ്ങൾ ക്രോഡീകരിച്ചും ആശയം രൂപീകരിക്കുന്നതിനും അവ ശക്തിയുക്തമായി അവതരിപ്പിക്കുന്നതിനും.

* സാമൂഹികവും സാംസ്കാരികവുമായ ഘടകങ്ങളെ സ്വാംശീകരിക്കാനും സ്വന്തം പ്രതികരണങ്ങൾ പ്രകടിപ്പിക്കുന്നതിനും.

* സ്വന്തം ആശയങ്ങളെയും അനുഭവങ്ങളെയും സർഗ്ഗാത്മകമായി പ്രകടിപ്പിക്കുന്നതിന്

# ഭാഷാധ്യാപനോദ്ദേശ്യങ്ങൾ

* വിവിധ സാഹിത്യ രൂപങ്ങളിൽ നിന്ന് ഭാഷാഭേദങ്ങൾ തിരിച്ചറിയുന്നതിനുള്ള ശേഷി നേടുന്നതിന്.

* കാര്യക്ഷമമായി ഭാഷ പ്രയോഗിക്കുന്നതിനും അപഗ്രഥിക്കുന്നതിനുമുള്ള കഴിവ് നേടുന്നതിന്.

* നോവൽ സാഹിത്യത്തെ കുറിച്ച്( പുരാണ, ആധുനിക ) വിശദമായി അറിയുന്നതിന്.

* ആനുകാലിക ചെറുകഥകൾ, കവിതകൾ വായിച്ച് ആസ്വദിക്കുന്നതിനും സ്വതന്ത്രമായ രചന നടത്തുന്നതിനും.

* മധ്യകാല കവിതാശാഖകളിൽപ്പെട്ട കൃതികൾ വായിച്ച് ആസ്വദിക്കുന്നതിനും

* നിരൂപണം, പഠനം, ഉപന്യാസം
തുടങ്ങിയ വായിച്ച്
ഗ്രഹിക്കുന്നതിനും
ആസ്വദിക്കുന്നതിനും.
* യാത്രാവിവരണങ്ങൾ വായിച്ച
ആസ്വദിക്കുന്നതിന്.
* ആത്മകഥകൾ വായിച്ച്
ആസ്വദിക്കുന്നതിന്.
* ലഘു ജീവചരിത്രങ്ങൾ

# തലത്തിലെ ഭാഷാധ്യാപനോദ്ദേശ്യങ്ങൾ

*സാമാന്യവും വിശേഷവുമായ വ്യവഹാരങ്ങളിൽ ഫലപ്രദമായി ഭാഷ പ്രയോജനപ്പെടുത്താനുള്ള കഴിവ് നേടുന്നതിന്.

* വ്യത്യസ്ത ശാഖകളിലും പ്രസ്ഥാനങ്ങളിലും ഉള്ള സാഹിത്യരചനകൾ ആസ്വദിക്കാനും, വിലയിരുത്താനും പ്രാപ്തരാക്കുന്നതിന്.

* വൈവിധ്യമാർന്ന സംസ്കാരം ഉൾക്കൊള്ളാനും സാംസ്കാരിക മൂല്യങ്ങൾ സംരക്ഷിക്കാനും വിനിമയം ചെയ്യാനും കഴിവുള്ളവരാ ക്കുന്നതിന്.

* ഭാഷാപഠനം, താരതമ്യം, സിദ്ധാന്ത രൂപീകരണം എന്നിവയിൽ കഴിവ് നേടുന്നതിന്.


*സ്വതന്ത്രമായ ആവിഷ്കരണത്തിലും ഭാഷാന്തരണത്തലൂടെയുള്ള ആവിഷ്കരണത്തിലും നൈപുണി നേടുന്നതിന്.
* ആശയങ്ങളും, അനുഭൂതികളും പ്രകടിപ്പിക്കുന്നതിന്.
* വിവിധ ഉപന്യാസ മാതൃകകൾ പരിശോധിച്ചു രചനാശൈലി വിലയിരുത്തുന്നതിന്.
* മൂല്യങ്ങളും, മനോഭാവങ്ങളുംഉൾ ക്കൊള്ളാനും സംക്രമിപ്പിക്കാനും പ്രാപ്തരാക്കുന്നതിന്

# ഉദ്ദേശ്യാധിഷ്ഠിത ബോധനം
## ( Objective Based Instruction )

ക്ലാസ്സാധ്യാപനത്തെക്കുറിച്ചുള്ള ആധുനിക സമീപനമാണ് ഉദ്ദേശ്യാധിഷ്ഠിത ബോധനം. പഴയകാല സമീപനം പാഠ്യവസ്തുവിനെ അടിസ്ഥാനപ്പെടുത്തിയതായിരുന്നു. ആധുനിക സമീപനം അനുസരിച്ച് ബോധനത്തെയും വിദ്യാഭ്യാസപ്രക്രിയയെയും വിശദീകരിക്കുന്നത് പരസ്പര ബന്ധിതങ്ങളായ വസ്തുതകളെ

1- ഉദ്ദേശ്യങ്ങൾ
2- പഠനാനുഭവങ്ങൾ
3- മൂല്യനിർണയം

ഇവ മൂന്നും തമ്മിലുള്ള ബന്ധം താഴെക്കാണുന്ന തരത്തിൽ ചിത്രീകരിക്കാം.


ഉദ്ദേശ്യങ്ങൾ
പഠനാനുഭവങ്ങൾ
മൂല്യനിർണയം

* ഉദ്ദേശ്യത്തെ അടിസ്ഥാനപ്പെടുത്തിയുള്ളതാണ് പഠനാനുഭവങ്ങൾ.
* ഉദ്ദേശ്യങ്ങൾ വ്യക്തമാകണമെങ്കിൽ പഠനാനുഭവങ്ങൾ ഉണ്ടാവണം.
* മൂല്യനിർണയത്തിലൂടെ മാത്രമേ ഉദ്ദേശ്യത്തെ വ്യക്തമാക്കാൻ ആവൂ. പഠനാനുഭവത്തിലൂടെ നേടിയ കാര്യങ്ങളെക്കുറിച്ചുള്ള തെളിവ് നൽകാൻ കഴിയുന്നത് മൂല്യനിർണയത്തിന്

## ഉദ്ദേശ്യങ്ങൾ

**ഏറ്റവും അടിസ്ഥാനപരമായ വസ്തുതയാണ് ഉദ്ദേശ്യങ്ങൾ. ഉദ്ദേശ്യങ്ങൾ ശരിയായി പ്രസ്താവിച്ചില്ലെങ്കിൽ പഠനാനുഭവങ്ങൾ ക്രമീകരിക്കാനോ അതുവഴി മൂല്യനിർണയത്തിനോ സാധ്യമല്ല**

# പഠനാനുഭവങ്ങൾ

പഠിതാവ് പാഠ്യവസ്തു പഠിക്കുന്നതിന്റെ ഫലമായി വ്യവഹാര പരിവർത്തനങ്ങൾ ഉണ്ടാകുന്നു. ഇത് നടക്കുന്നത് പാഠ്യ വസ്തുവും പഠിതാവും തമ്മിലുള്ള ഇടപെടലുകളിൽ കൂടിയാണ്. ഈ ഇടപെടലിന്റെ ഫലത്തെയാണ് പഠനാനുഭവങ്ങൾ എന്നു പറയുന്നത്. ബോധനോദ്ദേ ശ്യങ്ങളുടെ

# മൂല്യനിർണയം

പഠനാനുഭവങ്ങൾ ഫലപ്രദമായോ എന്നറിയുന്നതിനും പഠിതാവ് പഠനോദ്ദേശ്യ ങ്ങളിലേക്കെത്തിയോ എന്ന റിയുന്നതിനും സഹായിക്കുന്ന പ്രവർത്തനമാണ് "മൂല്യനിർണയം ". ബോധനോദ്ദേശ്യങ്ങളുടെ ഫലമായി പഠിതാവിൽ ഉണ്ടാകുന്നതും കാണാവുന്നതും അളക്കാൻ കഴിയുന്നതുമായ വ്യവഹാര പരിവർത്തനങ്ങളെ

Title of the paper

# ബ്ലൂംസ് ടാക്സോണമി

വ്യവഹാരമനഃശാസ്ത്രത്തിന് പൊതുസമൂഹത്തിൽ വലിയ അംഗീകാരം ലഭിച്ചതോടെ അത് വിദ്യാഭ്യാസത്തിലും സ്വാധീനം ചെലുത്തി തുടങ്ങി അതിൻറെ ഫലമായി നിരീക്ഷണ വിധേയമായ വ്യവഹാരങ്ങൾ ആയിരിക്കണം വിദ്യാഭ്യാസത്തിൻറെ ലക്ഷ്യങ്ങൾ എന്ന ചിന്താഗതിക്കും ശക്തിപ്രാപിച്ചത് വിദ്യാഭ്യാസത്തിൻറെ ലക്ഷ്യം എന്നാൽ അഭിലഷണീയമായ ചില വ്യവഹാര പരിവർത്തനങ്ങൾ വിദ്യാർത്ഥികളിൽ വരുത്തുക എന്നതായിരിക്കണം. ഈ ഉദ്ദേശ്യങ്ങളെ മുൻനിർത്തിയാണ് പഠനാനുഭവങ്ങൾ ആസൂത്രണം ചെയ്യുക ഉദ്ദേശ്യം വെച്ച് പഠനം അഥവാ വ്യവഹാര പ്രവർത്തനം നടന്നു എന്ന് പരിശോധിക്കുകയും ചെയ്യണം ഇങ്ങനെ ഉപദേശങ്ങളുടെ അടിസ്ഥാനത്തിൽ പഠനാനുഭവങ്ങൾ നൽകുകയും മൂല്യനിർണയം നടത്തുകയും ചെയ്യുന്ന ബോധന സമ്പ്രദായത്തിലാണ് ഉദ്ദേശിച്ച അധിഷ്ഠിത ബോധനം എന്ന് പറയുന്നത്

പഠനത്തിൻറെ ഭാഗമായി വിദ്യാർഥികളിൽ ഉണ്ടാവേണ്ട ഈ മാറ്റത്തെ ബോധനോദ്ദേശ്യങ്ങൾ എന്നാണ് വിശേഷിപ്പിക്കുന്നത്. കുട്ടികളിലുള്ള വ്യവഹാര പരിവർത്തനങ്ങൾ ആയിരിക്കും ഈ  ഉദ്ദേശ്യങ്ങൾ .അമേരിക്കൻ മനശാസ്ത്രജ്ഞനായ ബെഞ്ചമിൻ  ബ്ലൂ മും സഹപ്രവർത്തകരും കൂടി വിദ്യാഭ്യാസ ഉപദേശങ്ങളെ ശാസ്ത്രീയമായി അപഗ്രഥിക്കുകയും വിശദീകരിക്കുകയും ചെയ്തിട്ടുണ്ട് .ബ്ലൂംസ് ടാക്സോണമി ഓഫ് എഡ്യൂക്കേഷണൽ ഒബ്ജക്റ്റീവ് എന്നാണ്

ബ്ലൂ ഉദ്ദേശ്യങ്ങളെ മൂന്ന് മണ്ഡലങ്ങൾ ആയി തിരിച്ചിരിക്കുന്നു

പോലെ

1 വൈജ്ഞാനിക മണ്ഡലം Cognitive domain

2 വൈകാരികോഗ്നിറ്റീവ് Affective domain

3 മനശ്ചാലക മണ്ഡലം Psycomotor domain

അറിവിൽ നിന്ന് തുടങ്ങി മൂല്യനിർണയ ത്തിലേക്ക് ഉയരുന്ന മാതൃകയാണ് ബ്ലൂം വിശദീകരിക്കുന്നത്

ഈ ക്രമത്തെ ആണ് ശ്രേണി അഥവാ ടാക്സോണമി എന്ന് വിളിക്കുന്നത്

1. അറിവ് knowledge

ബുദ്ധിപരമായ മണ്ഡലത്തിൽ ഏറ്റവും താഴത്തെ ബോധന ഉദ്ദേശം ആണ് അറിവ്

ബോധന ഫലമായി പഠിതാവ് ആർജിക്കുന്ന വ്യത്യസ്തതരം വിവരങ്ങൾ

പ്രത്യേകമായ വയെ കുറിച്ചുള്ള അറിവ്

പ്രത്യേക വസ്തുതകളെ കൈകാര്യം ചെയ്യുന്നതിനുള്ള അറിവ്

ഒരു പ്രത്യേക മേഖലയിലെ സാർവലൗകികവും ദുർഗ്രഹമായ കാര്യങ്ങളെ കുറിച്ചുള്ള അറിവ്

## 2. ഗ്രഹണം Comprehension

അറിവും അത് ഉപയോഗിക്കുന്നതിനുള്ള മാനസിക ശക്തിയും കൂടിച്ചേർന്നതാണ് ഗ്രഹണം അല്ലെങ്കിൽ ധാരണ

ചിന്തയുടെ അടിത്തറ

ഗ്രഹണ ത്തിലൂടെ പഠിതാവിന് വിവർത്തനം, വ്യാഖ്യാനം, പ്രവച നാത്മക നിഗമനം എന്നീ മാനസിക പ്രക്രിയകൾ സാധ്യമാവു ന്നു

സ്വന്തം ഭാഷയിൽ കുട്ടി

## പ്രയോഗം Application

നേടിയ അറിവുകളെ ജീവിതത്തിൽ പ്രയോജനപ്പെടുത്തുന്നതിന് ഉള്ള കഴിവാണ് പ്രയോഗം

ആർജ്ജിക്കുകയും ഗ്രഹിക്കുകയും ചെയ്ത കാര്യങ്ങൾ പഠിതാവ് നൂതന സാഹചര്യത്തിൽ പ്രയോഗിക്കുന്നു

ഉദാ: സന്ദർഭത്തിനനുസരിച്ച് പഠിച്ച ശൈലികളും വാക്കുകളും മറ്റും ഉപയോഗിക്കുന്നത്

- അപഗ്രഥനം Analysis

വിശകലനം എന്നും പറയാം

അറിയുകയും ഗ്രഹിക്കുകയും പ്രയോഗിക്കുകയും ചെയ്തു കാര്യങ്ങളെ വിശകലനം ചെയ്യുന്നതിന് പഠിതാവിനെ സഹായിക്കുന്ന ബുദ്ധിപരമായ പ്രക്രിയ

ആശയവിനിമയത്തിലെ വ്യത്യസ്ത ഘടകങ്ങളെ വേർതിരിച്ചറിയുക

ഒരു ആശയവിനിമയത്തിന് ഭാഗമായ ഘടകങ്ങൾ തമ്മിലുള്ള ബന്ധത്തെ സൂചിപ്പിക്കുന്നു

സംഘടന തത്വങ്ങളുടെ അപഗ്രഥനം അതായത് ആശയവിനിമയ യോജിപ്പിച്ചു നിർത്തുന്ന ഘടനാപരവും വസ്തുതകളെ കൂട്ടിച്ചേർക്കൽ

- ഉദ്ഗ്രഥനം Synthesis

ആശയങ്ങളെ പരസ്പരം ബന്ധിപ്പിക്കുകയാണ് ഇവിടെ ചെയ്യുന്നത്
ഒരു കാര്യത്തെ പല രീതിയിൽ കാണുകയും പുതിയ തലത്തിലേക്ക് മാറ്റുകയും ചെയ്യുന്നു
വ്യത്യസ്തമായ ഒരു ആശയ നിർമ്മാണം
ഒരു പദ്ധതിയുടെ നിർമ്മാണം
ദുർഗ്രഹ ബന്ധങ്ങളുടെ ഉല്പത്തി അതായത് വിവിധ സാഹിത്യ രൂപങ്ങളുടെ രചനയ്ക്ക് പിറകിലുള്ള കാരണങ്ങൾ സമാനമാണെന്ന് പരികൽപന രൂപീകരിക്കുന്നു

- മൂല്യനിർണയം Valuing

നേടിയ അറിവിനെക്കുറിച്ചുള്ള  പഠിതാവിൻറെ സ്വന്തം വിലയിരുത്തൽ ആണിത്

വൈജ്ഞാനിക മണ്ഡലത്തിലെ ഏറ്റവും ഉയർന്ന തലം

നേടിയ അറിവിൻറെ ഗുണദോഷങ്ങൾ വിലയിരുത്തുന്ന ഘട്ടം

പ്രത്യേക ഉദ്ദേശങ്ങളുടെ ഫലമായി നേടിയ അറിവിൻറെ മൂല്യം കണക്കാക്കുന്ന പ്രക്രിയയാണ് മൂല്യനിർണയം

# വൈകാരിക മണ്ഡലം Affective domain

- കെർത്തു വാൾ വൈകാരിക മണ്ഡലത്തെ വിശദീകരിക്കുന്നു
- RRVOC
- 5 ഉദ്ദേശ്യങ്ങൾ
- സ്വീകരിക്കൽ Recieving

പുതിയ കാര്യങ്ങൾ സ്വീകരിക്കുന്നതിനും ശ്രദ്ധിക്കുന്നതിനു മുള്ള പഠിതാവിൻറെ തയ്യാറാകൽ ആണിത്

ഉദ്ദേശ്യങ്ങൾ എന്താണെന്ന് പഠിതാവിനെ ബോധ്യപ്പെടുത്തുന്ന ആദ്യ ഘട്ടമാണിത്

- പ്രതികരിക്കൽ Recieving

കേവലമായി ശ്രദ്ധിക്കുന്നതിൽ നിന്നും ഉപരിയായി പ്രതികരിക്കുന്ന ഘട്ടമാണിത്

ഒരു പ്രവർത്തനത്തിലോ വിഷയത്തിലോ പഠിതാവ് പൂർണമായി ഇടപെടണം

- മൂല്യ വൽക്കരണം Valuing

താൻ ചെയ്തതിലെ ശരിയും സമൂഹം ചെയ്തതിലെ ശരിയും തമ്മിലുള്ള അന്തരം കുട്ടി വിലയിരുത്തുന്നു
പെരുമാറ്റത്തെ നിയന്ത്രിക്കാനുള്ള ഘടകമാണിത്

- സംഘാടനം Organization

സ്വീകരിച്ചതിനെ ചിട്ടപ്പെടുത്തി ജീവിതത്തിലേക്ക് കൊണ്ടുവരുന്നു

വ്യവസ്ഥാപിത മൂല്യങ്ങളുടെ സംഘാടനം ആണിത്

- സ്വാഭാവികരണം Character formation

മൂല്യ ശേഖരണത്തിൻറെ അത്യുന്നതമായ ഒരു പ്രക്രിയയാണിത്

ഗുണത്തെ ആക്കി മാറ്റുന്നു

# മനശ്ചലക മണ്ഡലംPsycomotor domain

- IMPAN

- Imitation അനുകരണം

മറ്റൊരാൾ ചെയ്യുന്ന പ്രവർത്തിയെ അതേപടി ആവർത്തിക്കുകയും പകർത്തുകയും ചെയ്യുന്നു

- Manipulation കൗശലം

ഒരു പരിധിവരെ വൈദഗ്ധ്യത്തോടെ യും മറ്റുള്ളവരുടെ സഹായമോ ഇടപെടൽ ഇല്ലാതെയും ചില പ്രവർത്തനങ്ങൾ ചെയ്യാനുള്ള കഴിവ് നേടുന്നു

രേഖാമൂലമോ വാക്കാലുള്ള നിർദ്ദേശങ്ങളിൽ നിന്ന് ഒരു പ്രവർത്തനം ചെയ്യാൻ ഈ തലത്തിൽ കഴിയും

- Precision കൃത്യ ത

ഒരു പരിധിവരെ വൈദഗ്ധ്യത്തോടെ യും മറ്റുള്ളവരുടെ സഹായം ഓ ഇടപെടലോ ഇല്ലാതെയും ചില പ്രവർത്തനങ്ങൾ ചെയ്യാനുള്ള കഴിവ് ഉയർന്ന അളവിൽ ഉള്ളതും കൃത്യതയോടെ കൂടിയതും എന്നാൽ ചെറിയ പിശകുകളും പിശകുകൾ ഓട് പ്രവർത്തിക്കാനുള്ള കഴിവ് ഉണ്ടാകും

- Articulation സന്ധാനം

വ്യത്യസ്തവും പുതുമയുള്ളതും ആയ രീതികൾ വികസിപ്പിക്കുകയും ഒന്നിലധികം പ്രവർത്തനങ്ങൾ സംയോജിപ്പിക്കുകയും ചെയ്യുന്നു

ഒന്നിലധികം പ്രവർത്തികൾ ഈ ഘട്ടത്തിൽ നന്നായി വികസിപ്പിച്ചിട്ടുണ്ട്

സന്ദർഭോചിതമായി പ്രവർത്തനങ്ങളെ പരിഷ്കരിക്കാനും സാധിക്കും

- Naturalization സ്വാഭാവിക രണം

യാന്ത്രികമായ അവബോധ ജന്യമായ അബോധാവസ്ഥയിൽ ഒക്കെ പ്രവർത്തിക്കാനുള്ള കഴിവാണ് ഈ തലത്തിൽ എത്തുമ്പോൾ ഉണ്ടാവുക

ശാരീരികമായോ മാനസികമായ ആയ അദ്ധ്വാനമില്ലാതെ യാന്ത്രികമായി ഉള്ള പ്രകടനം അഥവാ അതിനെ കുറിച്ച് ചിന്തിക്കാതെ കൂടുതൽ സ്വാഭാവികമായി പ്രവർത്തനങ്ങൾ ചെയ്യുന്നു

**NCERT**

# Revised Blooms taxonomy

- **2002 ആൻഡേഴ്സൺ ബ്ലൂ മിൻറെ വർഗ്ഗീകരണ ത്തെ പരിഷ്കരിച്ചു**
- **3 പരിഷ്ക്കാരങ്ങൾ**

1. **Terminological change**
2. **Structural change**
3. **Order change**

**നാമ രൂപത്തിൽ ഉള്ളവയെ ക്രിയ രൂപത്തിലേക്ക് മാറ്റി**

**പഠന നേട്ടത്തിൽ അധിഷ്ഠിതമായ മാറ്റമാണ് സ്വീകരിച്ചത്**

**ബ്ലൂംസ് ടാക്സോണമി യിൽ ഉദ്ദേശ്യം അധ്യാപക കേന്ദ്രീകൃതം ആയിരുന്നു ഇവിടെ വിദ്യാർത്ഥി കേന്ദ്രീകൃതമാണ് ഉദ്ദേശ്യം**

- Bloom RBT

| | Bloom | RBT |
|---|---|---|
| 1. | അറിവ് | ഓർമ്മിക്കുന്നു |
| 2. | ഗ്രഹണം | മനസ്സിലാക്കുന്നു |
| 3. | പ്രയോഗം | പ്രയോഗിക്കുന്നു |
| 4. | വിശകലനം | അപഗ്രഥിക്കുന്നു |
| 5. | മൂല്യനിർണയം | വിലയിരുത്തുന്നു |
| 6. | ഉദ്ഗ്രഥനം | സൃഷ്ടിക്കുന്നു |

ഏറ്റവും ഉയർന്ന തലം സൃഷ്ടിക്കലാണ്- സൃഷ്ടിപരത

പഠിച്ചതിൽ നിന്ന് പുതിയ ആശയത്തെ ഉണ്ടാക്കി എടുക്കുന്നതാണ് ദ്വിമാനമായ സാധ്യത

# സ്പഷ്ടീകരണം

- പെരുമാറ്റത്തിൽ ഉണ്ടാവുന്ന നിരീക്ഷിക്കാവുന്നതാണ് അളക്കാവുന്ന തുമായ മാറ്റങ്ങളാണ്  സ്പഷ്ടീകരണങ്ങൾ
- അറിവ് കുട്ടിയിൽ എത്തിയോ എന്നതിന് നിരീക്ഷിക്കാൻ പറ്റുന്ന തെളിവാണിത്
- ഉദ്ദേശങ്ങൾടെ തെളിവുകൾ
- ഉദ്ദേശങ്ങങ്ങളോടൊപ്പംചേർന്നുനിൽക്കുന്നതാണ് സ്പഷ്ടീകരണം
- ഹ്രസ്വ കാലയളവിൽ കുട്ടിയിൽ ഉണ്ടായിരിക്കേണ്ട മാറ്റം ആണ് ഉദ്ദേശ്യം

- ഉദാ
- ഉദ്ദേശ്യങ്ങൾ സ്പഷ്ടീകരണം

1. അറിവ് സ്മരിക്കുന്നു
1. ഗ്രഹണം വർഗ്ഗീകരിക്കുന്ന നു
1. പ്രയോഗം പ്രയോഗിക്കുന്നു
1. നൈപുണികൾ നിർമ്മിക്കുന്നു

# പഠനനേട്ടം

- പഠന പ്രവർത്തനങ്ങളുടെ ഫലമായി   അറിവ് , ശേഷികൾ ,മനോഭാവങ്ങൾ മൂല്യങ്ങൾ എന്നിവ കുട്ടിയിൽ ഉണ്ടാവുന്നു
- ഹ്രസ്വകാലം കൊണ്ട് ആസ്വദിക്കുന്നതും ദീർഘകാലം കൊണ്ട് ആർജ്ജിക്കു ന്നതും
- കുട്ടിയിൽ ഉണ്ടാകുന്ന മാറ്റങ്ങളെ മുൻകൂട്ടി നിശ്ചയിക്കാൻ സാധിക്കും
- പഠന പ്രവർത്തനത്തിന് വിവിധഘട്ടങ്ങളിൽ കുട്ടി കൈവരിക്കേണ്ട ലക്ഷ്യംങ്ങളായി നാം കണക്കാക്കുന്ന വയാണ് പഠനനേട്ടങ്ങൾ
- പഠനനേട്ടങ്ങൾ അളക്കാൻ പറ്റുന്നതും നിരീക്ഷണ വിധേയമായിരിക്കും

# UNIT 3 ഭാഷാനൈപുണികൾ

- ഭാഷ പഠിക്കുന്നതിന്റെ ഉദ്ദേശ്യം, ആ ഭാഷയിൽ ആശയവിനിമയത്തിന് പ്രാപ്തരാക്കുക എന്നതാണ്. ഇതിനായി കുട്ടികൾ ഭാഷാനൈപുണികൾ കൈവശമാക്കേണ്ടതുണ്ട് .
- നൈപുണികൾ കൈവശമാക്കാൻ കുട്ടികളെ പ്രാപ്തരാക്കാൻ പറ്റുന്ന വിധത്തിലായിരിക്കണം ഭാഷാ പഠന ക്ലാസുകൾ.
- നൈപുണികൾ 4തരം
- ശ്രവണം , ഭാഷണം , വായന , ലേഖനം

- ആശയങ്ങൾ സ്വീകരിക്കുന്ന വഴികൾ ശ്രവണവും വായനയുമാണ്.
- പ്രകടിപ്പിക്കുന്നത് ഭാഷണം ലേഖനം എന്നിവ വഴിയാണ്.
- ശ്രവണം, വായന -സ്വീകരണനൈപുണികൾ
- ഭാഷണം, ലേഖനം -ഉത്പാദനനൈപുണികൾ
- മികച്ച ശ്രവണം ഭാഷണത്തെയും, മികച്ച വായന ലേഖനത്തെയും സ്വാധീനിക്കുന്നുണ്ട്.
- ശ്രവണവും ഭാഷണവും ഭാഷയുടെ ജൈവികമായ ആവശ്യങ്ങളും പ്രക്രിയകളുമാണ്.

- വായനയും ലേഖനവും മനുഷ്യൻ കൃത്രിമമായി രൂപീകരിച്ച ലിപികളെ ഉപയോഗിച്ചാണ് സാധ്യമാകുന്നത്.

# ശ്രവണം

- ശിശുവിൻറെ ആദ്യ ഇന്ദ്രിയങ്ങളിലൊന്നാണ് ശ്രവണേന്ദ്രിയം.
- ജനിക്കുമ്പോൾ തന്നെ ശ്രവണേന്ദ്രിയങ്ങൾ പ്രവർത്തനക്ഷമമായതു കൊണ്ട് ആ സമയം മുതൽ ശിശു വിവരശേഖരണത്തിന് വ്യഗ്രത കാട്ടുന്നു.
- ശിശുവിൻറെ വളർച്ചയ്ക്കനു സരിച്ച് ശ്രവണേന്ദ്രിയവും, ശ്രവണ ശേഷിയും

- സംസാരിക്കുന്ന വ്യക്തിയോടുള്ള മര്യാദാപൂർണമായ പെരുമാറ്റമാണ് ശ്രവണം.

- ശ്രവണ നൈപുണി വികസിക്കുന്നതിൽ കുടുംബാന്തരീക്ഷത്തിന് വലിയ പങ്കുണ്ട്.

- കുട്ടികൾക്ക് നിർദ്ദേശങ്ങൾ കൊടുക്കുന്നതോടൊപ്പം രക്ഷിതാക്കൾ അവർ പറയുന്നത് കേൾക്കാനും ശ്രദ്ധിക്കണം.

- വിദ്യാഭ്യാസപ്രക്രിയയിലെ എല്ലാ ഘട്ടങ്ങളിലും ശ്രവണത്തിന് വലിയ പ്രാധാന്യമുണ്ട്.

- ഭാഷാനൈപുണികളിൽ ആദ്യത്തേതും പ്രധാനപ്പെട്ടതുമാണ് ശ്രദ്ധ.
- ശ്രവണനൈപുണിയുടെ ശരിയായ വികസനത്തിലൂടെ മാത്രമേ മറ്റ് നൈപുണികളും ശരിയായി വികസിക്കുകയുള്ളൂ.
- ശ്രദ്ധ, ശ്രവണം ഇവ രണ്ടും നാം ഒരേ സാങ്കേതികാർത്ഥത്തിൽ പ്രയോഗിക്കാറുണ്ടെങ്കിലും അവ അർത്ഥവ്യത്യാസമുള്ളവയാണ്. രണ്ടും വ്യത്യസ്ത കഴിവുകളുമാണ്.
- ശബ്ദതരംഗങ്ങളുടെ ശ്രവണേന്ദ്രിയത്തിൽ കൂടിയുള്ള ഭൌതിക സ്വീകരണമാണ് ശ്രവണം. ഭൌതികമായി ശ്രവിച്ചതിന് നേർക്കുള്ള മാനസിക പ്രതികരണമാണ് ശ്രദ്ധ

- കുട്ടികൾ കൂടുതൽ സമയവും ചിലവഴിക്കുന്നത് അധ്യാപകരോ ടൊത്താണ്. അതുകൊണ്ട് അവരെ കൂടുതൽ ശ്രദ്ധാലുക്കളാക്കേണ്ടത് അധ്യാപകരുടെ ചുമതലയാണ്.
- നല്ല ശ്രദ്ധാലുക്കളാകണമെങ്കിൽ നന്നായി ശ്രവിക്കാനുള്ള കഴിവുണ്ടാകണം.
- ബുദ്ധിമാനായ കുട്ടി നല്ല ശ്രദ്ധാലുവായിരിക്കും. നല്ല വായനക്കാരനായ കുട്ടിയും പൊതുവെ മറ്റ് കുട്ടികളെ അപേക്ഷിച്ച് ശ്രദ്ധാലുവായിരിക്കും.

- ശ്രദ്ധയെ പൊതുവായി രണ്ടായി തിരിക്കാം
- അവഗാഢമായ ശ്രദ്ധ
- ബാഹ്യമായ ശ്രദ്ധ

- അവഗാഢമായ ശ്രദ്ധ
- ബോധപൂർവം വളരെ ഏകാഗ്രമായി ഒരു കാര്യത്തിൽ മുഴുകുന്നു.
- ധാരണാശക്തിയോടുകൂടിയ ശ്രദ്ധ
- പ്രത്ത്യേക സമയങ്ങളിലും സന്ദർഭങ്ങളിലും നടക്കുന്നു.

- ബാഹ്യമായ ശ്രദ്ധ
- നേരം പോക്കിന് വേണ്ടിയുള്ള അശ്രദ്ധമായ ശ്രദ്ധ
- അധികനേരം നീണ്ടുനിൽക്കില്ല

- സ്കോട്ലന്റ് നാല് വ്യത്യസ്തതരം ശ്രദ്ധയെക്കുറിച്ച് പറയുന്നു
- നാമമാത്രമായ ശ്രദ്ധ :-അദ്ധ്യാപകൻ ക്ലാസ്സിൽ പഠിപ്പിച്ചുകൊണ്ടിരിക്കുമ്പോൾ ചില കുട്ടികൾ മറ്റെന്തെങ്കിലും കാര്യം ചെയ്യുകയായിരിക്കും. അധികനേരം ശ്രദ്ധിക്കാൻ കഴിയുന്നില്ല.
- ആസ്വാദനപരമായ ശ്രദ്ധ :-അധ്യാപകൻ ക്ലാസ്സിൽ കഥപറയുകയോ കവിത ചൊല്ലുകയോ ചെയ്താൽ കുട്ടികൾ അധ്യാപകനെ ശ്രദ്ധിച്ചിരിക്കുന്നത് ആസ്വാദനപരമായ ശ്രദ്ധയാണ്.
- ബോധപൂർവ്വമായ ശ്രദ്ധ :-അധ്യാപകൻ നിർദ്ദേശം നൽകുമ്പോഴോ, കാര്യങ്ങൾ വിശദീകരിക്കുമ്പോഴോ കുട്ടികൾ ബോധപൂർവ്വം ശ്രദ്ധിക്കുന്നു.
- അപഗ്രഥനപരമായ ശ്രദ്ധ :-വസ്തുതകളുടെ വിശദാംശങ്ങളിലേക്ക് കടന്നുചെന്ന് വിശകലനം ചെയ്യാനുള്ള ശ്രദ്ധയാണിത്.

ബോധപൂർവ്വമായ ശ്രദ്ധയും ആസ്വാദനപരമായ ശ്രദ്ധയും

## ശ്രദ്ധാനൈപുണി വികസിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ

- പ്രസിദ്ധീകൃത പരിപാടികൾ:-
- റെക്കോർഡ് ചെയ്ത ടേപ്പുകളുടെ രൂപത്തിലോ, ദൃശ്യശ്രാവ്യ ഉപകരണങ്ങളുടെ സഹായത്തോടെ അവതരിപ്പിക്കുന്ന രീതിയിലോ ആയിരിക്കും ഇത്.
- പ്രവർത്തനങ്ങൾക്ക് ശേഷം നൈപുണീവികസനം നടന്നോ എന്ന് പരിശോധിക്കാനുള്ള പ്രത്യേകമാർഗ്ഗങ്ങളും രേഖപ്പെടുത്തിയിട്ടുണ്ടായിരിക്കും.
- അധ്യയനത്തിന് മുമ്പും പിൻപും നടത്താനുള്ള പരീക്ഷകളും ഉണ്ടായിരിക്കും.
- എന്നാൽ ഈ പരിപാടികൾ എല്ലാ കുട്ടികൾക്കും ഒരുപോലെ അനുയോജ്യ മാവില്ല.

- അധ്യാപകർ നിർമ്മിക്കുന്ന പരിപാടികൾ:-
- ശ്രദ്ധയിൽ കുട്ടികൾക്ക് മാതൃകയായിക്കൊണ്ടുവേണം അധ്യാപകർ അവരുടെ ശ്രദ്ധനൈപുണി വളർത്തിയെടുക്കേണ്ടത്.
- സംസാരത്തിൽ വാചാലനാകാതെ ശബ്ദത്തിന്റെ വേഗത, ഊന്നൽ, ആരോഹണാവരോഹണം തുടങ്ങിയവയിൽ ക്രമം പാലിക്കണം.
- ശ്രദ്ധാനൈപുണി നേടുന്നതിനുള്ള സാഹചര്യം കുട്ടികൾക്ക് ഒരുക്കിക്കൊടുക്കണം.
- കുട്ടികളുടെ വ്യക്തി വ്യത്യാസങ്ങൾ തിരിച്ചറിഞ്ഞു അനുയോജ്യമായ പ്രവർത്തനങ്ങൾ നൽകണം
- ശാരീരികമായ ബുദ്ധിമുട്ടുകൾ കൊണ്ട് കുട്ടികൾക്ക് ശ്രദ്ധയിലും തടസ്സങ്ങൾ ഉണ്ടാവും.

- ശ്രദ്ധയ്ക്ക് തടസ്സമാവുന്ന രീതിയിൽ ക്ലാസ്സിലുണ്ടാവുന്ന പ്രശ്നങ്ങളെ തിരിച്ചറിഞ്ഞു അവ മറികടക്കാനുള്ള പരിശീലനം നൽകണം.
- ബാഹ്യശബ്ദങ്ങളെ അവഗണിക്കാനുള്ള ശ്രദ്ധയുടെ ഏറ്റവും ഉയർന്ന നിലവാരത്തിലേക്ക് കുട്ടികളെ എത്തിക്കണം
- കുട്ടികൾക്ക് നല്ല ഭാഷാശ്രവണ സാഹചര്യം അധ്യാപകർ ഒരുക്കിക്കൊ ടുക്കണം. അത് കുട്ടികളുടെ വാചിക നൈപുണി വളർത്തും.

- ശ്രദ്ധാനൈപുണി വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ
- പ്രകൃതിശബ്ദങ്ങൾ ശ്രദ്ധിച്ച് എന്തിന്റെ ശബ്ദമാണെന്ന് തിരിച്ചറിയുക.
- നിർമ്മിതി ശബ്ദങ്ങളെ ശ്രവിച്ച് സന്ദർഭം, വസ്തു എന്താണെന്ന് പറയുക.
- ഭാഷണം കേൾപ്പിച്ച് ആരുടെ ശബ്ദമാണെന്ന് ഊഹിക്കാൻ

- ശബ്ദം കേട്ട ദിക്ക് തിരിച്ചറിയുക.
- ശബ്ദത്തിനെ തിരിച്ചറിയുക.
- മൗനമായിരുന്നോ, കണ്ണടച്ചിരുന്നോ കേൾക്കുന്ന ശബ്ദങ്ങളെ പട്ടികപ്പെടുത്തുക.
- കേട്ട കഥ, ആശയം, വിവരണം തുടങ്ങിയവ എഴുതാനുള്ള പ്രവർത്തനങ്ങൾ
- ഉച്ചരിതശബ്ദങ്ങളെ ലിപി ഉപയോഗിച്ച് എഴുതാനുള്ള പ്രവർത്തനങ്ങൾ.
- ദൃശ്യശ്രാവ്യ ഉപകരണങ്ങൾ ഉപയോഗിച്ച് ശ്രവണം രസകരവും ഫലപ്രദവുമാക്കാനുള്ള പ്രവർത്തനങ്ങൾ.

- ശ്രദ്ധയിലൂടെ കൈവരുന്ന നേട്ടങ്ങൾ
- പ്രകൃതിയെ ആസ്വാദിക്കൽ
- ശബ്ദങ്ങളെ അത് പുറപ്പെടുന്ന വസ്തുവുമായി ബന്ധിപ്പിക്കൽ.
- ശബ്ദങ്ങളെ താരതമ്യം ചെയ്യൽ

- ശ്രവണവൈകല്യം
- ശ്രവണേന്ദ്രിയത്തിന്റെ ഘടനയിലോ, ധർമ്മത്തിലോ ഉണ്ടാവുന്ന തകരാറ് മൂലം സാധാരണ ശബ്ദം കേൾക്കാൻ കഴിയാത്ത അവസ്ഥയാണ് കേൾവിക്കുറവ്.
- കേൾവിക്കുറവുള്ള കുട്ടികൾക്ക് ആശയങ്ങൾ പൂർണമായും ശ്രവണത്തിലൂടെ ഗ്രഹിക്കാൻ കഴിയില്ല

- ഇത് ഭാഷണശേഷിയെയും പദാവലിവികസനത്തെയും തടസ്സപ്പെടുത്തുന്നു.
- ശ്രവണശേഷിയിലെ പോരായ്മകൾ നേരത്തെ കണ്ടുപിടിച്ച് അനുയോജ്യമായ ശ്രവണസഹായി ഉപയോഗിച്ച് കേൾവിക്കുറവ് പരിഹരിക്കാവുന്നതാണ്.

## ❖ **<u>ഭാഷണം</u>**

1) ആശയ പ്രകടനത്തിന് വേണ്ടിയുള്ള ഉപാധിയാണ് ഭാഷണം .

2) ഭാഷയുടെ സ്വാഭാവിക രൂപം വാമൊഴി ആയതുകൊണ്ട് ഭാഷാ അഭ്യാസത്തിൽ ഭാഷണശിക്ഷണതിന് പ്രാധാന്യമുണ്ട്.

3)അറിവുകളും  അനുഭവങ്ങളും വികാരങ്ങളും നേടുന്നതും പ്രകടിപികുനതും വാമൊഴിയിലൂടെ യാണ് .

4) അതിനാൽ ഭാഷണ ഭാഷ ആർജിക്കുക എന്നതാണ് പ്രാഥമിക ലക്ഷ്യം.

5) നാടൻ പാട്ടുകളും ചൊല്ലുകളും മറ്റും കൈമാറി വന്നതും ഭാഷണത്തിലൂടെ ആയിരുന്നു...

## ❖ ഭാഷാ ശിക്ഷണത്തിന്റെ ലക്ഷ്യങ്ങൾ:

* കുട്ടികളിലെ മാനസിക വികസനത്തിനുള്ള മുഖ്യ ഘടകങ്ങളിലൊന്നാണ് ഭാഷണ വികാസം

* മാതൃകാപരം ആയിരിക്കണം അധ്യാപകരുടെ ഭാഷ

* നല്ല മാതൃകകൾ അനുകരിക്കാൻ  കുട്ടികളെ പരിശീലിപ്പിക്കുക

* അർത്ഥ വ്യക്തതയോടെ സംസാരിക്കാൻ കുട്ടികളെ പ്രാപ്തരാക്കുക

* കുട്ടികളിൽ ഉച്ചാരണം കൃത്യവും വ്യക്തവും ആയിരിക്കണം

* കുട്ടികളിൽ ഭാഷാ പ്രയോഗത്തിൽ വരുന്ന തെറ്റുകൾ ചൂണ്ടിക്കാണിക്കുകയും തിരുത്തുകയും തൽസ്ഥാനത്ത് ശരിയായ രൂപങ്ങൾ നിർദ്ദേശിച്ച അവരെക്കൊണ്ട് പ്രയോഗിച്ച് പരിശീലിപ്പിക്കണം

*കുട്ടികളിൽ ചിന്താ പ്രകടന ശേഷി ക്രമീകരിക്കുകയും ചിന്താശക്തി ശരിയായി ക്രമീകരിക്കുകയും ചെയ്യുക .

# ഭക്ഷണത്തിന്റെ ഘടകങ്ങൾ

പ്രസിദ്ധ മനശാസ്ത്രജ്ഞനായ ജീൻപിയാഷെ അഭിപ്രായത്തിൽ കുട്ടികളിൽ ഭാഷ വികസനം നടക്കുന്നത് രണ്ടു ഘട്ടങ്ങളിലൂടെയാണ്...

1- ആത്മനിഷ്ഠ ഘട്ടം

2- സാമൂഹ്യകാധിഷ്ഠിത ഘട്ടം

1----ആത്മനിഷ്ഠ ഘട്ടം...

ആന്തരികചോദനയിൽ കുട്ടി സംസാരിക്കുന്നതാണ് ഈ ഘട്ടത്തിൽ .
അവിടെശ്രോതാവിന്റെതാൽപര്യത്തിനും
വീക്ഷണത്തിനുംഅനുസരിച്ച്സംസാരിക്കുന്നില്ല ഇല്ല.

. ഈ ഘട്ടത്തിൽ  ഭാഷണം മൂന്നുവിധത്തിൽ ആണ് നടക്കുന്നത് ..

* ആവർത്തനം

വാക്കുകൾ ആവർത്തിച്ചു വരുന്ന സംഭാഷണ രീതിയാണിത്. സംഭാഷണം കൊണ്ട് ഉണ്ടാകുന്ന ഇന്ദ്രിയ സുഖം മാത്രമാണ് ഇവിടെ ലക്ഷ്യം വെക്കുന്നത് .

*) **ആത്മഭാഷണം**

സ്വയം സംസാരിക്കുന്ന രീതി അഥവാ ആരോടെന്നില്ലാതെ ഉറക്കെ സംസാരിക്കുന്നു.

*) **ദ്വന്ദ്വ ആത്മഭാഷണം**

മറ്റൊരാളുടെ സാന്നിധ്യത്തിൽ ആ വ്യക്തി ശ്രദ്ധിക്കുന്നുണ്ടോ ഇല്ലയോ എന്ന് നോക്കാതെ കുട്ടി ഉറക്കെ സംസാരിക്കുന്ന രീതി..

2- **സാമൂഹ്യ ധിഷ്ഠിത ഘട്ടം**

സമൂഹവുമായി അതല്ലെങ്കിൽ തന്റെ ചുറ്റുപാടുകളുമായി അല്ലെങ്കിൽ പരിസരവുമായി  കുട്ടിയെത്തുന്ന ഘട്ടമാണിത് ആണിത്.. അഞ്ച് വിധത്തിൽ ഇത് സംഭവിക്കാം.

*) **അനുയോജ്യ വൃത്താന്തം**

തൻ്റെചിന്തകൾകുട്ടികൾമറ്റുള്ളവരുമായി കൈമാറുന്നു

*) **<u>വിമർശനം</u>**

അഭിപ്രായപ്രകടനമാണ് ഈ ഘട്ടത്തിൽ നടക്കുന്നത് അഥവാ മറ്റുള്ളവരുടെ പെരുമാറ്റത്തെ പ്രവർത്തിയെ സംബന്ധിച്ച് അഭിപ്രായം പറയുക അല്ലെങ്കിൽ വിമർശിക്കുക .

*) **<u>ആജ്ഞകൾ, അപേക്ഷകൾ, ഭീഷണികൾ</u>**

രണ്ടുകുട്ടികൾ അഥവാ വ്യക്തികൾ തമ്മിൽ സംഭാഷണത്തിൽ ഏർപ്പെടുമ്പോൾ ഉണ്ടാകുന്ന പെരുമാറ്റങ്ങൾ ആണ് ഈ ഘട്ടത്തിൽ സൂചിപ്പിക്കുന്നത്

*) **<u>ചോദ്യം</u>**

കളികൾക്കിടയിൽ ഓ മറ്റ് ഉത്തരം ആവശ്യപ്പെടുന്ന രീതിയിൽ ഉള്ള ചോദ്യങ്ങൾ അഥവാ സമപ്രായക്കാരും ആയി കൂടുമ്പോൾ ഉണ്ടാകുന്ന ചോദ്യങ്ങളുടെ ഉത്തരങ്ങൾ കണ്ടെത്താനുള്ള ചോദ്യങ്ങൾ

❖

**<u>മറുപടികൾ</u>**

* മേൽപ്പറഞ്ഞ ചോദ്യങ്ങൾക്കുള്ള ഉത്തരം പറയുന്ന ഘട്ടമാണിത്.

*ആത്മനിഷ്ഠ ഘട്ടത്തിലും സാമൂഹിക അധിഷ്ഠിത ഘട്ടത്തിലും കുട്ടി മാറിമാറി പോകുന്നതായി കാണാൻ സാധിക്കും.

*തൻറെ ജീവിത സാഹചര്യങ്ങളിലും വീട്ടിലും ഉണ്ടാകുന്ന മാറ്റമാണ് ഇതിന് പ്രധാനകാരണം.

* ഈപ്രശ്നങ്ങളൊക്കെപരിഹരിക്കപ്പെടുന്ന സമയത്ത് കുട്ടി വീണ്ടും സാമൂഹിക അധിഷ്ഠിത ഘട്ടത്തിലേക്ക് തിരിച്ചു പോകുന്നു എന്നതാണ് .

* വ്യാകരണപരമായി ശരിയല്ലാത്ത കാര്യങ്ങളാണെങ്കിലും ബുദ്ധിപരമായ കുട്ടി തൻറെ തായ് രീതിയിൽ വാക്യങ്ങൾ നിർമ്മിക്കുന്നു.

* ഇത്തരത്തിലുള്ള ഭാഷയുടെ ഉത്പാദനം നടത്താൻ കുട്ടിയെ പ്രേരിപ്പിക്കുന്നത് രണ്ടു തരത്തിലുള്ള കാരണങ്ങളാണ്..

❖ . ജൈവശാസ്ത്രപരമായ കാരണങ്ങൾ

* ലെനി ബർഗിലെ വീക്ഷണങ്ങളാണ് ദേവിക ശാസ്ത്രപരമായ കാരണങ്ങൾക്ക് ഇവിടെ നൽകിയിരിക്കുന്നത്...

* കുട്ടികളിൽ വികാസം ശക്തമായതും സ്ഥിരവും ക്രമമായ തുമാണ്.. ഭാഷയുടെ നിലനിൽപ്പ് സാർവലൗകികം ആണ് ഭാഷ പഠിപ്പിക്കാൻ കഴിയില്ല എന്നതാണ് വാസ്തവം

**<u>പരിസ്ഥിതി പരമായ കാരണങ്ങൾ</u>**

* കെസ്ലഡൺ  ആണ് ഇതിൻറെ വക്താവ്.

*കുട്ടിയുടെ ജീവിതസാഹചര്യവും കുടുംബ സാഹചര്യം അനുസരിച്ച് ഭാഷയുടെ വികസനത്തിന് വ്യത്യാസം കാണാറുണ്ട്.

*അമ്മയും കുഞ്ഞും തമ്മിലുള്ള ഇടപഴകൽ ഇൻറെ രീതിയിലും സമയങ്ങളിലും ആശ്രയിച്ചായിരിക്കും വ്യത്യാസം. അതിനുള്ള അഞ്ചു കാരണങ്ങൾ ഇവിടെ വിശദീകരിക്കുന്നുണ്ട് കെസ്ലഡൺ..

**<u>അനുകരണ അവഗണന രീതി</u>**

*അമ്മ ഒരു വാക്യം പറയുന്നു കുഞ്ഞ് അനുകരിക്കുന്നു .. ഉദാഹരണമായി അമ്മ :വെള്ളം തരാം
കുട്ടി :അമ്മ വെള്ളം

- **<u>ഭാഷാ വികസന രീതി</u>**

  കുട്ടി സംസാരിക്കുന്നതിനിടയിൽ
  അവ്യക്തമായ ആശയത്തെ അമ്മ സങ്കൽപ്പിച്ച് കൂട്ടിച്ചേർത്തു പ്രയോഗിക്കുന്ന രീതി .

  ഉദാഹരണമായി- കുട്ടി :അമ്മ ചോറ്

- അമ്മ: അമ്മേ എനിക്ക് ചോറ് വേണമെന്ന്

  *<u>**ദക്ഷത**</u>

  *ഒരു പ്രത്യേക സന്ദർഭത്തിൽ കുട്ടിക്ക് യോജിച്ച പദങ്ങൾ ഉപയോഗിക്കാനുള്ള കഴിവിനെയാണ് ദക്ഷത എന്ന് പറയുന്നത്.

- 5 6 വയസ്സാകുമ്പോഴേക്കും കുട്ടികൾക്ക് അടിസ്ഥാന ദക്ഷത ഉണ്ട്. ഇതാണ് പിന്നീട് കുട്ടിക്ക് ലഭിക്കുന്ന ആദ്യത്തെ ഭാഷാ സിദ്ധി എന്ന് പറയാം ആം

*<u>**നിർവഹണം**</u>

ഭാഷ അക്ഷരം മാത്രമുണ്ടായാൽ പോരാ ഭാഷാ നിർവഹണവും നടക്കണം. നിർവഹണം ഭാഷാ പ്രയോഗത്തിൽ ആണ് വിശേഷിപ്പിക്കുന്നത് .

*സന്തോഷം ദേഷ്യം ,പേടി ,പരിഭ്രമം, വിരസത തുടങ്ങിയ സന്ദർഭത്തിലെ ഭാഷാ ദശരഥ പൂർണമായും കുട്ടിക്ക് പ്രയോജനപ്പെടുത്താൻ കഴിയൂ.

*പൊതുവേ കുട്ടികൾക്ക് സമപ്രായക്കാർ ക്കിടയിൽ ഭാഷാ നിർവഹിക്കുന്നതിന് ബുദ്ധിമുട്ടില്ല.

*എന്നാൽ അവർക്ക് അപരിചിതമായ ആളുകളുടെ എഴുത്തും സന്ദർഭത്തിനനുസരിച്ച് ഭാഷാ നിർവഹണം നടത്താൻ സാധിക്കുന്നില്ല

#**വിജ്ഞാനം**

*ഭാഷയുടെ ഘടന അതിൻറെ ആന്തരിക പ്രവർത്തനങ്ങൾ അതിനെ വർഗീകരിക്കുക എന്നിവയെപ്പറ്റിയുള്ള ഒരു ബോധമാണ് വിജ്ഞാനം..

*ഭാഷ എങ്ങനെ പ്രവർത്തിക്കുന്നു എന്ന ബോധം നേടിയെടുക്കാനാണ് സ്കൂളിലെ ഭാഷ ധ്യാനത്തിന് ഉദ്ദേശം.

# ഭാഷാശിക്ഷണത്തിനു ഉള്ള മാർഗങ്ങൾ

* സ്കൂളിലെ ഓരോ അധ്യായന ഘട്ടത്തിലും വ്യത്യസ്തനായ മാർഗങ്ങളാണ് ഭക്ഷണരീതികൾ സ്വീകരിക്കേണ്ടത്.

* ഭാഷ ഒരു ഉൽപാദന നൈപുണി ആണ് അതുകൊണ്ട് അവിടെ കുട്ടിയുടെ പ്രായവും താൽപര്യവും അനുസരിച്ച് മാത്രമായിരിക്കണം ഭാഷാണത്തിനായി സ്വീകരിക്കേണ്ട മാർഗങ്ങൾ തിരഞ്ഞെടുക്കാൻ

## <u>* പ്രൈമറി ഘട്ടത്തിൽ സ്വീകരിക്കാവുന്ന മാർഗങ്ങൾ</u>

* പല കുട്ടികളും പല ജീവിത സാഹചര്യത്തിൽ നിന്നായിരിക്കും വരുന്നത്. അതുകൊണ്ടുതന്നെ അവരുടെ ഭാഷയിലും ഒരു വ്യത്യാസം കാണാൻ സാധിക്കും.

* അദ്ധ്യാപകൻ ഇവിടെ കുട്ടികളുടെ ഭാഷാ പരിചയത്തിൽ സൂക്ഷ്മമായി പരിശോധിക്കേണ്ടതുണ്ട്.

* അദ്ധ്യാപകൻ റെ സ്നേഹപൂർണ്ണമായ പെരുമാറ്റം കൊണ്ട് കുട്ടികളെ സംസാരിക്കണം

*അപരിചിതമായ ചുറ്റുപാടുകളെ സ്വാഭാവികമായ ചുറ്റുപാടുകൾ ആയി മാറ്റാൻ അധ്യാപകൻ സാധിക്കണം.

*കുട്ടികൾക്ക് പരിചയവും ഇഷ്ടമുള്ള വിഷയങ്ങളെക്കുറിച്ച് കുട്ടികളോട് തന്നെ പറയാൻ ആവശ്യപ്പെടുക

*കുട്ടികൾ തമ്മിൽ തമ്മിൽ സംഭാഷണം ചെയ്യുന്നതുപോലെ സ്വാഭാവികമായ അവരുടെ അനുഭവങ്ങളെക്കുറിച്ചും പറയാൻ ആവശ്യപ്പെടുക

*അതിനോടൊപ്പം അധ്യാപകന് കുട്ടിയുടെ താല്പര്യം  സ്വഭാവം ആശയ ക്രമീകരണം ചുറ്റുപാട് എന്നിവ അറിയാൻ സാധിക്കണം.

*അധ്യാപകരുടെ പ്രാഥമിക കർത്തവ്യം എന്തെന്നാൽ ഭാഷാ പരിചയത്തിൽ അഥവാ ഭാഷാ പ്രയോഗത്തിൽ വന്നിട്ടുള്ള കുട്ടികളുടെ വൈകല്യം കണ്ടുപിടിക്കൽ ആണ് ആണ്.

*അധ്യാപകൻ കണ്ടുപിടിച്ച കാര്യങ്ങളെ പരസ്യമായി കുറ്റപ്പെടുത്തുകയോ വിമർശിക്കുകയോ ചെയ്യരുത്.

*ഇവിടെ അധ്യാപകൻ കുട്ടികളുടെ വാക്കുകൾ വ്യാകരണം അപൂർവ വാക്യങ്ങൾ ഇവയെക്കുറിച്ച് ശ്രദ്ധിക്കേണ്ട ആവശ്യം ഇല്ല .

*ഭാഷണ ത്തിൻറെ ഒഴുക്ക് വാക്കുകൾ പ്രയോഗിക്കുന്നതിൽ രീതി ഇവയിൽ ആയിരിക്കും അധ്യാപകൻ ശ്രദ്ധിക്കേണ്ടത്

*കുട്ടികളുടെ ഭക്ഷണത്തിലെ പ്രധാന പ്രശ്നം

***ഉച്ചാരണ വൈകല്യം ആണ് .**

*പ്രാഥമിക പ്രഭാഷണത്തിൽ നിന്ന് തന്നെ അധ്യാപകൻ കുട്ടിയുടെ ഉച്ചാരണ വൈകല്യം കാരണം മനസ്സിലാക്കണം .

*ഭാഷണത്തിന് ആധാരം ശ്വാസത്തിൻറെ നിയന്ത്രിതമായ വിനിയോഗം ആണ്.

*അതുകൊണ്ടുതന്നെ ശ്വാസത്തെ നിയന്ത്രിക്കാനും പ്രവർത്തിപ്പിക്കാനും അധ്യാപകൻ കുട്ടികളെ ശീലിപ്പിക്കണം.

*ശ്രവണം ആണല്ലോ അഥവാ ഭാഷാ ശ്രവണമാണ് ഭാഷണത്തിന് ആധാരം അതിനായി ശുദ്ധമായ ഭാഷ കുട്ടികൾ കേൾക്കണം.

- അതുകൊണ്ട് അദ്ധ്യാപകൻ റെ ഭാഷണം വ്യക്തവും ശുദ്ധവും സ്വാഭാവികവുമായ രീതിയിലായിരിക്കണം.

* കുട്ടികൾക്ക് താല്പര്യം ഉണ്ടാക്കുന്ന രീതിയിൽ ഉള്ള കാര്യങ്ങളെക്കുറിച്ച് ആയിരിക്കണം അധ്യാപകൻ ഭാഷണം നടത്തേണ്ടത്.

* കഥകളും മറ്റോ ആണെങ്കിൽ കുട്ടികൾക്ക് താൽപര്യമുണ്ടാകും കുട്ടികൾ കഥ കേട്ട് കഴിഞ്ഞാൽ
അവരെ കൊണ്ട് മുഴുവൻ കഥ പറയിപ്പിക്കാം അതല്ലെങ്കിൽ കഥാപാത്രങ്ങളോ പറയിപ്പിക്കാം

* അവർ പറയുന്ന വാക്യങ്ങൾ പൂർണമാകണം എന്നില്ല എങ്കിലും അവസരങ്ങൾ വീണ്ടുംകൊടുക്കുക .

* പ്രൈമറി ക്ലാസ്സുകളിലെ ഭാഷണത്തിന് വളരെ അനുയോജ്യമായ ആയ ഒരു ഉപകരണമാണ് ചിത്രം .

*അതിനെക്കുറിച്ച് രസകരമായ ആയി സംഭാഷണം നടത്താൻ ചിത്രങ്ങൾ ചിത്രങ്ങളെ കുറിച്ച് ചോദ്യങ്ങൾ ചോദിച്ച് ചോദിച്ച് ഉത്തരം പറയിപ്പിക്കാം.

* ചിത്രത്തിലെ വസ്തുക്കളെപ്പറ്റി യും ഉം പിന്നീട് അവ തമ്മിലുള്ള ബന്ധത്തെ പറ്റിയും പറയിപ്പിക്കാം.

*<u>അപ്പർ പ്രൈമറി ഘട്ടത്തിൽ സ്വീകരിക്കാവുന്ന മാർഗങ്ങൾ</u>

പ്രൈമറി ഘട്ടത്തിൽ നടത്തിയതിന് തുടർച്ചയായുള്ള അഭ്യാസങ്ങൾ അപ്പർപ്രൈമറി യിലും തുടരാവുന്നതാണ്.

പഠിച്ചു കഴിഞ്ഞ് കഥകൾ നാടകങ്ങൾ ആക്കി കുട്ടികളെക്കൊണ്ട് സംഭാഷണം പറയിപ്പിക്കാം ചെറിയ കഥാപ്രസംഗങ്ങൾ നടത്താം. ഇതിനെല്ലാം അവസരമുണ്ടാകണം അധ്യാപകൻ

കാഴ്ചകളെയും സാങ്കൽപ്പികമായ കാഴ്ചകളെയും ഒക്കെ വിവരിക്കാനോ കുട്ടികളോട് തന്നെ പറയുക

*കുട്ടികളെ കൊണ്ട് പ്രഭാഷണങ്ങൾ നടത്താം കുട്ടികൾക്ക് ഇഷ്ടമുള്ള വിഷയത്തെക്കുറിച്ചോ അതല്ലെങ്കിൽ ഇഷ്ടമുള്ള വ്യക്തികളെ കുറിച്ചോ ചെറു പ്രഭാഷണങ്ങൾ നടത്താവുന്നതാണ് .

*മറ്റൊരു പ്രവർത്തനം കവിതചൊല്ലൽ അക്ഷരം ശ്ലോകം അവയുടെ അവതരണവും നാടൻ പാട്ടുകൾ ചൊല്ലിക്കുന്നതും നല്ല ഭാഷ അഭ്യാസമാണ്.

*ഏകാങ്ക നാടകങ്ങൾ തൽക്ഷണ നാടകാഭിനയം ഇവയൊക്കെ നടത്താവുന്നതാണ് കുട്ടികൾക്ക് ചെറിയ വിഷയങ്ങൾ നൽകി പെട്ടെന്നുതന്നെ സംഭാഷണങ്ങൾ ഉണ്ടാക്കി അവരെക്കൊണ്ട് തന്നെ അഭിനയിപ്പിക്കുന്ന രീതി കൊണ്ടുവരാം

*ഇതൊക്കെ ഭാഷ അഭ്യാസത്തിന് ഏറ്റവും അനുയോജ്യമായ ഒരു രീതിയാണ്. ഇവിടെ അധ്യാപകൻ തിരഞ്ഞെടുക്കുന്ന വിഷയങ്ങൾ കുട്ടികൾക്ക് സ്വീകരിക്കാൻ കഴിയുന്നതും അവരുടെ അഭിപ്രായ വ്യത്യാസങ്ങൾ ഉള്ള വിഷയങ്ങളും ആയിരിക്കണം.

## ഉച്ചാരണ ശിക്ഷണം /ഭാഷണ ശിക്ഷണം

*ഭാഷയുടെ അടിസ്ഥാനഘടകം ശബ്ദമാണ് ശബ്ദം പുറപ്പെടുവിക്കുന്ന രീതിയാണ് ഉച്ചാരണം എന്ന് പറയുന്നത്.

*ഭാഷ ശിക്ഷണം ഒരർത്ഥത്തിൽ ആശയം പ്രകടന ശിക്ഷണം ആണ്

*അതിൻറെ കൂടെ തന്നെ നടക്കേണ്ട ഒന്നാണ് ഉച്ചാരണ ശിക്ഷണം. അഥവാ ഭാഷണ ശിക്ഷണം പൂർത്തിയാക്കാൻ ഉച്ചാരണ ശിക്ഷണം ആവശ്യമാണ്.

*ശ്വാസ വ്യതിയാനങ്ങളും ഇന്ദ്രിയ ചലനങ്ങളും ഉച്ചാരണ ശിക്ഷണത്തിന് ആവശ്യമാണ്.ശ്വാസോച്ഛ്വാസാവയവങ്ങൾ ഉച്ചാരണ ശിക്ഷണത്തിൽ പ്രാധാന്യമർഹിക്കുന്നു .

ശബ്ദം ഉത്പാദനത്തിൽ ഉൾപ്പെടുന്ന അവയവങ്ങളെ രണ്ടായി തരം തിരിക്കുന്നു

* ചലന സ്വാതന്ത്ര്യം ഉള്ള ഉച്ചാരണ അവയവങ്ങൾ

* ചലന സ്വാതന്ത്ര്യം ഇല്ലാത്ത ഉച്ചാരണ അവയവങ്ങൾതലച്ചോറിന് സംഭവിക്കുന്ന തകരാറുകൾ മാനസികരോഗങ്ങൾ ശാരീരികമായ വൈകല്യങ്ങൾ എന്നിവ കൊണ്ട് ഭാഷണത്തിൽ വൈകല്യങ്ങൾ സംഭവിക്കാം ഇത്തരത്തിലുള്ള വൈകല്യങ്ങളാണ് ഉച്ചാരണ വൈകല്യങ്ങൾ.

അതായത് വിക്കല് കുഞ്ഞൻ മുതലായ ശാരീരിക ഭാഷണ വൈകല്യങ്ങൾ ജന്മസിദ്ധം ആയിരിക്കും
എന്നാല് ബോധപൂർവ്വം ആയും അക്ഷരങ്ങളുടെ സ്ഥാനം മാറ്റി ഉച്ചരിക്കുന്നത് കൊണ്ടും ഭാഷണ വൈകല്യങ്ങൾ സംഭവിക്കാറുണ്ട്.

__*ഉദാഹരണമായി:- മുളക്----മുകള്*

വ്യഞ്ജനാക്ഷരങ്ങൾകുംസ്വരാക്ഷരങ്ങൾക്കും ഇടയിൽഇടയിൽ സംഭവിക്കുന്ന വൈകല്യങ്ങൾ ആണിവ..

## <u>ഉച്ചാരണ വൈകല്യത്തിനുള്ള കാരണങ്ങൾ</u>

ഭാഷണം നടക്കുമ്പോൾ തെറ്റായി ഉച്ചരിക്കുന്നതും പദപ്രയോഗങ്ങൾ

തെരഞ്ഞെടുക്കുമ്പോൾ വരുന്ന പ്രശ്നങ്ങളും മാനസിക ശാരീരിക പ്രശ്നങ്ങളും കൊണ്ട് ഉച്ചാരണ വൈകല്യം സംഭവിക്കാം..

**<u>ഉച്ചാരണ വൈകല്യം സംഭവിക്കുന്നതിന് പ്രധാന കാരണങ്ങൾ --</u>**

***നിർധാരണം- സംയോജനം**

*ഭാഷാശാസ്ത്ര നിയമങ്ങളും അർത്ഥങ്ങളുടെ ചേർച്ചയും അനുസരിച്ചാണ് ഭക്ഷണത്തിനുള്ള ശബ്ദങ്ങൾ തിരഞ്ഞെടുക്കേണ്ടത് ഈ പ്രക്രിയക്ക് പറയുന്നപേരാണ്ംനിർദ്ധാരണം.

*ഭക്ഷണത്തിനുവേണ്ടി തിരഞ്ഞെടുത്ത ശബ്ദങ്ങൾ സന്ദർഭത്തിനനുസരിച്ച് യോജിപ്പിക്കുന്ന പ്രക്രിയയാണ് സംയോജനം .

*നിർദ്ധാരണ വൈകല്യം ബാധിച്ചവരെ സംബന്ധിച്ചിടത്തോളം വാക്കുകൾ കിട്ടാനാണ് പ്രയാസം .

*വാക്കുകൾ കിട്ടിക്കഴിഞ്ഞാൽ ഉചിതമായ സന്ദർഭത്തിൽ ഉപയോഗിക്കേണ്ട വാക്കുകൾ പറഞ്ഞു കൊടുത്താൽ അവ കൂട്ടിച്ചേർത്ത് വാക്യങ്ങളിൽ ഉപയോഗിച്ചു കൊള്ളും.

എന്നാൽ സംയോജന വൈകല്യം ബാധിച്ചവർക്ക് പദങ്ങൾ തെരഞ്ഞെടുക്കുന്നതിൽ ബുദ്ധിമുട്ടില്ല

ഇല്ല പക്ഷേ അവയെ വ്യാകരണ നിയമം അനുസരിച്ച് കൂട്ടിച്ചേർത്തു പ്രയോഗിക്കാൻ അവർക്ക് കഴിയില്ല.

ഇത്തരം ആളുകളുടെ ഭാഷണത്തിൽ വാക്യത്തിലെ പദങ്ങൾക്ക് നിശ്ചിത സ്ഥാനങ്ങളിൽ ആയിരിക്കില്ല.

**<u>*മാനസിക പ്രശ്നങ്ങൾ</u>**

വ്യക്തിയുടെ യുടെ സവിശേഷ സ്വഭാവമോ ചുറ്റുപാടുകൾ കൊണ്ടുള്ള പൊരുത്തക്കേടുകൾ കൊണ്ടോ ആവാം മാനസിക പ്രശ്നങ്ങൾക്ക് കാരണം.

മാനസികരോഗം കൊണ്ടുള്ള ഭാഷണ വൈകല്യങ്ങൾ മാറ്റണമെങ്കിൽ ആ രോഗങ്ങളെ ചികിത്സിച്ചു ഭേദം ആക്കണം.

ലജ്ജ കൊണ്ടോ ഭയം കൊണ്ടോ സങ്കോചം കൊണ്ടോ വാക്കുകൾ തടഞ്ഞു വയ്ക്കപ്പെട്ട പല കാരണങ്ങളും ആയതുകൊണ്ടാവാം സംസാരിക്കാൻ മടി കുട്ടികൾ ഉണ്ടാവുന്നത്..

ഈയൊരു പ്രശ്നം അധ്യാപകൻ  സ്നേഹപൂർവ്വമായ സമീപനം കൊണ്ടാണ് മാറ്റാൻ സാധിക്കുക.

**<u>*ശാരീരികപ്രശ്നങ്ങൾ</u>**

ബധിരത യാണ് ഒന്നാമത്തെ ശാരീരിക പ്രശ്നമായി കാണുന്നത്
ചുരുങ്ങിയ ബധിരതയും സമ്പൂർണ്ണമായ ബധിരതയും കാണാൻ സാധിക്കുന്നതാണ്..

*ഇത് പഠനത്തിന് തടസ്സമാകും ആകും ഉച്ചാരണ അവയവങ്ങൾ ഉള്ള പ്രശ്നം ഉച്ചാരണ വൈകല്യം കാരണം ഉണ്ടാകുന്നു .

*വിക്ക്,കൊഞ്ഞ ഇത്തരത്തിലുള്ള  ശാരീരിക പ്രശ്നമാണ്.
ഞരമ്പുകളുടെ തകരാർ ,മാനസിക പ്രശ്നങ്ങൾ പാരമ്പര്യം ഇവയാണ് വിക്കിനെ പ്രധാന കാരണങ്ങൾ .

*എന്നാൽ മനശാസ്ത്ര പരമായ കാരണങ്ങൾ കൊണ്ട് ഉണ്ടാകുന്ന വിക്ക് അ ഒഴിവാക്കാൻ അധ്യാപകർക്ക് കഴിയുന്നതാണ്.

*അപകർഷതാബോധം അപരിചിതമായ ചുറ്റുപാട് എന്തിനോടും ഭയം ഇതൊക്കെ വിക്കിന് കാരണമാകും .

*കുട്ടികൾക്ക് സ്നേഹവും വേണ്ട ശ്രദ്ധയും പരിപാലനവും കൊടുത്താൽ ഒരു പരിധിവരെ വിക്ക് മാറ്റിയെടുക്കാവുന്നതാണ്..

*നാവിനെ വഴങ്ങാൻ പറ്റാത്ത തരത്തിലുള്ള വൈകല്യമാണ് കൊഞ്ഞ.

*ചികിത്സിച്ച് ഭേദമാക്കാവുന്നതാണ് കൊഞ്ഞ.അതുപോലെ തന്നെ അധ്യാപകൻ ശ്രദ്ധയോടുകൂടി ഉച്ചരിച്ച ച ശീലിപ്പിക്കുന്നത് ഏറെക്കുറെ കൊഞ്ഞയുടെ പ്രശ്നങ്ങൾ മാറ്റിയെടുക്കാവുന്നതാണ്.

*<u>**ദുശ്ശീലങ്ങൾ**</u>

പല ചുറ്റുപാടുകളിൽനിന്ന് ആകാം പല കുട്ടികളും സ്കൂളിൽ എത്തിച്ചേരുന്നത് സ്കൂളിൽ എത്തിച്ചേരുന്നതിനു മുമ്പ് തന്നെ കുട്ടികളിൽ ഉറച്ചുപോയ ദുശ്ശീലങ്ങളും ഉച്ചാരണ വൈകല്യത്തിന് കാരണമാകും.

ഭാഷണത്തിൽ കാണുന്ന ദുശ്ശീലങ്ങളെ പൊതുവേ മൂന്നായി തിരിക്കുന്നുണ്ട്..

•<u>**ദ്രുത ഭാഷണം**</u>

കാര്യങ്ങൾ പെട്ടെന്ന് പെട്ടെന്ന് പറഞ്ഞു തീർക്കുന്ന ഒരു പ്രവണതയാണ് ദ്രുത ഭാഷണം എന്ന് പറയുന്നത്.

•<u>**മന്ദ ഭാഷണം**</u>

വളരെയധികം സമയം എടുത്തു പറയുന്ന രീതിയിലുള്ള ഭക്ഷണമാണ് മന്ദ ഭാഷണം

•<u>**ആവർത്തനം**</u>

ഭാഷ ഓണത്തിനിടയിൽ പല പദങ്ങളും വാക്യങ്ങളും ആവർത്തിച്ചു വരുന്ന രീതിയാണ് ആണ് ആവർത്തനം

ഇതിനൊപ്പം തന്നെ സംഭാഷണത്തിൽ ആവശ്യമില്ലാത്ത നീട്ടലും കുറക്കല്ലുകളും ,മുക്കിയും മൂളിയും രീതിയിലുള്ള ഭാഷണം പ്രത്യേകത കൂടിയുള്ള സംസാരം ഇവയൊക്കെ ഉച്ചാരണ ദുശ്ശീലങ്ങൾ ആണ്..

ശരിയായ ഉച്ചാരണം മനസ്സിലാക്കി പരിശീലിപ്പിക്കുകയാണ് ദുശ്ശീലം ഒഴിവാക്കാനുള്ള ഏക മാർഗം..

•**<u>മാതൃകാപരമായ ഉച്ചാരണത്തിൻറെ അഭാവം</u>**

മാതൃകാപരമായി ഉച്ചാരണം കൃത്യമായിരിക്കണം കുട്ടികളുമായി ബന്ധപ്പെടുന്ന അവരുടേത്.. കാരണം ഉത്തമമാതൃക പലതും അനുകരണങ്ങൾ ആണ്..

അദ്ധ്യാപകൻ ഭാഷണം ഓണം വ്യക്തവും കൃത്യവും സ്വാഭാവികവും ആയിരിക്കണം.

ഉച്ചരിക്കുന്ന സമയത്ത് ചുണ്ട് നാക്ക് പല്ല് തുടങ്ങിയ വാക്ക് ഇന്ദ്രിയങ്ങളുടെ പ്രവർത്തനം കണ്ട് മനസ്സിലാക്കാൻ  കുട്ടിക്ക് അവസരം നൽകണം.

•**<u>അവധാനത - അജ്ഞത</u>**

ശ്രദ്ധ കുറവ് കൊണ്ട് ഉച്ചാരണത്തിൽ തെറ്റുകൾ വരാം.

അദ്ധ്യാപകൻ ക്ലാസ്സിൽ പറയുന്ന കാര്യം ശ്രദ്ധക്കുറവു കൊണ്ട് കേൾക്കാതെ ഇരിക്കുമ്പോൾ ആ വാക്കുകൾ പിന്നീട് എങ്ങനെ ഉച്ചരിക്കണം എന്ന കുട്ടിക്ക് അജ്ഞാതം ആകുന്നു.

ഇത്തരം തെറ്റുകൾ പരിഹരിക്കാൻ വേണ്ടി വ്യക്തിപരമായതും ശ്രദ്ധ കൊടുത്തുകൊണ്ടുള്ള ബോധനരീതികൾ ക്ലാസ്സിൽ ഉപയോഗിക്കാം.

•**<u>ഉച്ചാരണത്തിൽ സാദൃശ്യമുള്ള ശബ്ദങ്ങൾ</u>**

ഉച്ചാരണ സാമ്യമുള്ള അക്ഷരങ്ങൾ വല്ലപ്പോഴും ഉച്ചാരണ വൈകല്യത്തിന് ഇടയാക്കാറുണ്ട്.

ഉദാഹരണമായി ഗഥ - ഗദ.

ഈ ഒരു വൈകല്യം മാറാൻ കുട്ടികൾക്ക് ഉപയോഗിക്കുന്ന പദങ്ങളുടെ അർത്ഥം ബോധം ഉണ്ടാക്കുകയും അവയെ പരസ്പരം ബന്ധപ്പെടുത്തി പഠിപ്പിക്കുകയും ചെയ്താൽ ഒരു പരിധിവരെ ഇത് പരിഹരിക്കാം..

•**<u>ഉച്ചാരണം അഭ്യസിപ്പിക്കുന്ന അതിനുള്ള മാർഗങ്ങൾ</u>**

കുട്ടികളുടെ പ്രായത്തിനും അവരുടെ താൽപര്യത്തിനും അനുസരിച്ച് ഉള്ള രീതികൾ തെരഞ്ഞെടുക്കുന്നതിന് അധ്യാപകർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്..

*<u>**അദ്ധ്യാപകൻറെ മാതൃക**</u>

അദ്ധ്യാപകൻ റെ ഉച്ചാരണം വ്യക്തവും സ്പഷ്ടവും സ്വാഭാവികവും ആയിരിക്കണം ഓണം

*<u>**ആവർത്തനം**</u>

ഉച്ചാരണം ആവർത്തനം കൊണ്ട് ശീലിപ്പിക്കാം.

തുടർച്ചയായുള്ള ആവർത്തന അഭ്യാസങ്ങൾ കുട്ടികൾക്ക് കൊടുക്കുമ്പോൾ വിരസത അനുഭവപ്പെടും അപ്പോൾ അതിന് അനുയോജ്യമായ രീതികളും പാഠ സന്ദർഭങ്ങളും സ്വീകരിക്കണം.

**<u>അനു ക്രമീകരണം</u>**

ഭാഷാ ബോധന ത്തിൻറെ അടിസ്ഥാനതത്വം ആയ അനു ക്രമീകരണവും ഉച്ചാരണത്തിൽ സ്വീകരിക്കാം

**<u>അധ്യാപന ഉപകരണങ്ങൾ</u>**

ചാർട്ടുകൾ വിവിധയിനം മോഡലുകൾ കാർഡുകൾ റേഡിയോ ഇവ ഉപയോഗിച്ച് ഉച്ചാരണം പഠിപ്പിക്കാം ഭാഷയുടെ ലാബുകളിൽ കൊണ്ടുപോയി ഉച്ചാരണ ശിക്ഷണം കൊടുക്കാവുന്നതാണ് ആണ്

**<u>വിവിധ പഠന പ്രവർത്തനങ്ങൾ</u>**

കുട്ടികളെ വിവിധ പഠനപ്രവർത്തനങ്ങളിലൂടെയും ഉച്ചാരണ ശിക്ഷണം നടത്താവുന്നതാണ്..



**ശബ്ദാനുകരണം**

പക്ഷികളുടെയും മൃഗങ്ങളുടെയും ശബ്ദം കുട്ടികളെക്കൊണ്ട് ക്ലാസിൽ അവതരിപ്പിക്കുക

•**ഗാനങ്ങൾ**

താളത്തിനു പ്രാധാന്യം നൽകിയിട്ടുള്ള കവിതകൾ ഗാനങ്ങൾ ക്ലാസ്സിൽ അവതരിപ്പിക്കാൻ കുട്ടികൾക്ക് അവസരം ഉണ്ടാകണം

•**ശ്വാസ നിയന്ത്രണം**

ബലൂൺ ഊതി വീർപ്പിക്കുക കൽ അപ്പൂപ്പൻതാടി കാറ്റിൽ ഊതി പറപ്പിക്കുക തുടങ്ങിയ ചുണ്ട് കൊണ്ടുള്ള പ്രവർത്തനങ്ങളിൽ കുട്ടികളെ ഏർപ്പെടുത്തുക..

•**കഠിന പദങ്ങൾ ബോർഡിൽ ഉറപ്പിക്കൽ**

കുട്ടികൾക്ക് ഉച്ചാരണം വിഷമമുള്ള പുതിയ പദങ്ങൾ ബോർഡിൽ വൃത്തിയായി എഴുതി വായിക്കാം

- **കഠിനാക്ഷര ശൃംഖലകൾ**

ഉച്ചരിക്കാൻ വിഷമമുള്ള പദങ്ങൾ അല്ലെങ്കിൽ വാക്യങ്ങൾപഴഞ്ചൊല്ലുകൾ ഇവ ഉപയോഗിക്കാം.. ഇതിനായി ഭാഷാ ചമ്പുക്കളിൽ നിന്നും, ആട്ടക്കഥകളിൽനിന്നും ഭാഷയുമായി ബന്ധപ്പെട്ട കാവ്യങ്ങളിൽ നിന്നു വരികൾ ഉപയോഗിക്കാവുന്നതാണ്..

എന്നിങ്ങനെയുള്ള വിവിധ പ്രവർത്തനങ്ങളിലൂടെ കുട്ടികളിലെ ഉച്ചാരണ ശിക്ഷണം നടത്താം.

**ശബ്ദാനുകരണം**

പക്ഷികളുടെയും മൃഗങ്ങളുടെയും ശബ്ദം കുട്ടികളെക്കൊണ്ട് ക്ലാസിൽ അവതരിപ്പിക്കുക

•**ഗാനങ്ങൾ**

താളത്തിനു പ്രാധാന്യം നൽകിയിട്ടുള്ള കവിതകൾ ഗാനങ്ങൾ ക്ലാസ്സിൽ അവതരിപ്പിക്കാൻ കുട്ടികൾക്ക് അവസരം ഉണ്ടാകണം

•**ശ്വാസ നിയന്ത്രണം**

ബലൂൺ ഊതി വീർപ്പിക്കുക കൽ അപ്പൂപ്പൻതാടി കാറ്റിൽ ഊതി പറപ്പിക്കുക തുടങ്ങിയ ചുണ്ട് കൊണ്ടുള്ള പ്രവർത്തനങ്ങളിൽ കുട്ടികളെ ഏർപ്പെടുത്തുക..

•**കഠിന പദങ്ങൾ ബോർഡിൽ ഉറപ്പിക്കൽ**

കുട്ടികൾക്ക് ഉച്ചാരണം വിഷമമുള്ള പുതിയ പദങ്ങൾ ബോർഡിൽ വൃത്തിയായി എഴുതി വായിക്കാം

# വായന

കാണുന്നതും കാണാത്തതും ആയ അനുഭവങ്ങളുടെ, പെരുമാറ്റങ്ങളുടെ സംയോജനമാണ് വായന. വായന ഒരേ സമയം ക്രിയാത്മക നൈപുണിയും സ്വീകരണ നൈപുണിയും ആണ്. വായന എന്നത് ഒരു ഏക നൈപുണി അല്ല. ഒരുപാട് ഉപനൈപുണികൾ കൂടിച്ചേരുമ്പോഴാണ് എന്ന

# വായനയ്ക്ക് ഘട്ടങ്ങളുണ്ട്

- പദങ്ങളുടെ ലിഖിതരൂപം മനസ്സിലാക്കുക
- വിവിധ രൂപങ്ങളെ ശബ്ദങ്ങൾ ആക്കി മാറ്റുക
- ഓരോ ശബ്ദവും സൂചിപ്പിക്കുന്ന ആശയങ്ങൾ പ്രത്യേകമായി മനസ്സിൽ കൊണ്ടുവരിക
- മനസ്സിൽ കടന്ന ആശയങ്ങളെ ഏകീകരിക്കുക

- വായനയെ സഹായിക്കുന്ന പ്രധാന ഘടകം കണ്ണുകളാണ്. ശാരീരികമായ ചില പ്രത്യേകതകളും വായിക്കുമ്പോൾ സംഭവിക്കുന്നുണ്ട്. സൂക്ഷ്മമായ നിരീക്ഷണത്തിലൂടെ വായിക്കാൻ കഴിയൂ. ഒരു വാക്കിൽ നിന്നും മറ്റൊരു വാക്കിലേക്ക് കണ്ണുകൾ അതിവേഗം നീങ്ങുന്നു. ഒരു സെക്കന്റിന്റെ

- **നയന വിസ്തൃതി(eye span )**:കണ്ണുകൾ ഒരു തവണ തരണം ചെയ്യുന്ന ദൈർഘ്യത്തിന് നയന വിസ്തൃതി എന്ന് പറയുന്നു.
- **നയന കേന്ദ്രീകരണം ( eye fixation)**: ഒരു വാക്കിൽ നിന്ന് അടുത്ത വാക്കിലേക്ക് നീങ്ങുന്നതിനിടയിൽ കണ്ണുകൾ ആ വാക്കുകൾ തിരിച്ചറിയാൻ അൽപനേരം ശ്രമിക്കും. ഇതാണ് നയന കേന്ദ്രീകരണം.
- **അധോഗമനം( regression )**: യാദൃശ്ചികമായി ചില വാക്കുകൾ വിട്ടു പോകാം അല്ലെങ്കിൽ വായിച്ചത് മനസ്സിലാവാതെ വരാം.അപ്പോൾ മുമ്പ് കടന്നുപോയ ഭാഗത്തുകൂടെ കണ്ണുകൾ ഒരു

- നയന വിസ്തൃതി ദീർഘിപ്പിച്ചു നയന കേന്ദ്രീകരണം, അധോഗമനം എന്നിവകുറയ്ക്കുകയും ചെയ്താൽ വായനയിൽ വേഗത ലഭിക്കും.

## വായനയുടെ ലക്ഷ്യങ്ങൾ

- ആശയ ഗ്രഹണം
- പഠന താല്പര്യം
- വിജ്ഞാന സമ്പാദനം
- സാഹിത്യ ആസ്വാദനം
- സാംസ്കാരിക പുരോഗതി
- ഭാഷാ അഭിവൃദ്ധി

# വായന അഭ്യസിപ്പിക്കുന്നതിനുള്ള മാർഗങ്ങൾ

1. **യുക്തിപൂർവ്വമായ രീതികൾ**

ഓരോ ഭാഗവും പ്രത്യേകം പ്രത്യേകം പഠിച്ച് അവസാനം എല്ലാം കൂടി യോജിപ്പിച്ച് പൊതുവായ തിലേക്ക് കടക്കുന്നതിനാൽ ഈ രീതിക്ക് സംയോജന രീതികൾ ( synthetic method) എന്നും ഉദ് ഗ്രഥന രീതി എന്നും പറയുന്നു.

അക്ഷരം വാക്യം എന്ന ക്രമത്തിൽ അഭ്യസിപ്പിക്കുന്ന

# അക്ഷരാവതരണ രീതി( Alphabetic method )

ആധുനിക മനശാസ്ത്രസിദ്ധാന്തങ്ങളോട് യോജിക്കാത്ത രീതിയാണിത്. അക്ഷരങ്ങൾ അവതരിപ്പിച്ച് അതിൽ കൂടി പദങ്ങളും വാക്യങ്ങളും അവതരിപ്പിക്കുന്നു.

സ്വരങ്ങൾ,വ്യഞ്ജനങ്ങൾ, കൂട്ടക്ഷരങ്ങൾ എന്നീ ക്രമത്തിൽ അക്ഷരങ്ങൾ പഠിപ്പിച്ചു അതിനുശേഷം വായനയിലേക്ക് കടക്കുന്നു. അക്ഷരങ്ങൾ ഒറ്റയ്ക്കൊറ്റയ്ക്ക് എടുത്തു പഠിപ്പിക്കുന്ന ഈ രീതി കൃത്യമമാണ്. പഠന നിയമങ്ങളെയോ അനു ക്രമീകരണ തത്വങ്ങളെയോ ഈ രീതിയിൽ അനുസരിക്കുന്നില്ല. അക്ഷരങ്ങൾ മാത്രം പഠിക്കുമ്പോൾ കുട്ടി വായനയിൽ ഉച്ചാരണ പിശക് വരുത്തുകയും ശരിയായ രീതിയിൽ ആശയ ഗ്രഹണം നടക്കാതെ വരികയും ചെയ്യുന്നു.

# 2. അപഗ്രഥന രീതികൾ

ആധുനിക വിദ്യാഭ്യാസ ചിന്തകനും മനശാസ്ത്രജ്ഞരും അനുകൂലിക്കുന്ന രീതിയാണ് ഇത്. ഭാഷയുടെ മുഖ്യ ഘടകമായ ആശയത്തിനാണ് ഇതിൽ പ്രാധാന്യം.ആശയം, വാക്യം, കഥ,അക്ഷരം എന്നീ ക്രമത്തിലാണ് പഠനം നടക്കുന്നത്.ഇവിടെ കാര്യങ്ങൾ മുഴുവനായോ വിപുലമായോ പഠിക്കുന്നു. അതിനുശേഷം സൂക്ഷ്മമായ അംശത്തിലേക്ക് കടക്കുന്നു.

ഈ വിഭാഗത്തിൽപ്പെടുന്ന രീതികൾ ആണ്:-

# പദാവതരണരീതി

- രണ്ടുതരത്തിൽ പദാവതരണ രീതിയിൽ കൂടി കാര്യങ്ങൾ പഠിക്കാവുന്നതാണ്.1. ശബ്ദാവതരണരീതി(phonic method ), 2. ദൃശ്യ ഭാഷണ രീതി (look and say method)
- ശബ്ദാവതരണരീതി:- ഇവിടെ അധ്യാപകർ ശബ്ദങ്ങളുടെ ലിഖിത രൂപങ്ങൾ പ്രദർശിപ്പിച്ച് ആ ശബ്ദങ്ങൾ ഉച്ചരിക്കുന്നു. വാക്കുകൾ ബോർഡിൽ എഴുതിയോ, വാക്കുകൾ എഴുതിയ കാർഡുകൾ പ്രദർശിപ്പിച്ചോ ശബ്ദങ്ങൾ അവതരിപ്പിക്കാം. അങ്ങനെ ശബ്ദത്തിന്റെ

- ദൃശ്യാഭാഷണ രീതി:- ഇതനുസരിച്ച് വസ്തുക്കളുടെയോ ചിത്രങ്ങളുടെ താഴെ പേരെഴുതി കുട്ടികളെക്കൊണ്ട് വായിപ്പിക്കുകയും പറയിപ്പിക്കുകയും ചെയ്യാം. യഥാർത്ഥ വസ്തുക്കളോ രൂപങ്ങളോ ഉള്ളതുകൊണ്ട് ആശയ ഗ്രഹണത്തിന് ബുദ്ധിമുട്ടില്ല.
- ആദ്യം നാമപദങ്ങൾ പിന്നെ ക്രിയാപദങ്ങൾ തുടർന്ന് വിശേഷണ പദങ്ങൾ എന്നെ ക്രമത്തിൽ പഠിപ്പിക്കാവുന്നതാണ്. നിത്യ ജീവിതവുമായി ബന്ധപ്പെടുത്തി വസ്തു ബോധനത്തിലൂടെ ആശയം വ്യക്തമാക്കുന്നത് കൊണ്ട് കുട്ടികൾക്ക് ഈ രീതിയിൽ താല്പര്യം ഉണ്ടാകുന്നു എന്നതാണ് ഇതിന്റെ മേന്മ. പദത്തിൽ ശ്രദ്ധകേന്ദ്രീകരിക്കുന്നത് കൊണ്ട് അക്ഷരത്തിൽ ശ്രദ്ധ കുറയും, എല്ലാ പദങ്ങളും ആശയങ്ങളും ചിത്രങ്ങളിലൂടെയോ വസ്തുതകളുടെയോ പഠിപ്പിക്കാ

# വാക്യാവതരണരീതി

- പൂർണ്ണമായ ഒരു വാക്യത്തെ ഏകകം ആക്കുന്ന രീതിയാണ് ഇത്.വാക്യങ്ങളിൽ നിന്ന് പദങ്ങളിലേക്കും അതിൽനിന്ന് അക്ഷരങ്ങളിലേക്കും കടക്കുകയാണ് ഇവിടെ ചെയ്യുന്നത്.അക്ഷരമോ വാക്കോ വായിക്കുന്നതിനേക്കാൾ താല്പര്യം ആശയം വായിക്കുന്നതിൽ കുട്ടികൾ കാണിക്കും.കുട്ടികളുടെ സഹായത്തോടെ വാക്യം നിർമ്മിച്ച് ബോർഡിൽ എഴുതി വായിച്ചാൽ കുട്ടികൾക്ക് കൂടുതൽ താൽപര്യമുണ്ടാകും. ചിത്രങ്ങളുടെ സഹായത്തോടെ വാക്യങ്ങൾ അവതരിപ്പിക്കാം. സൃഷ്ടിക്കുന്ന ആശയങ്ങൾ കുട്ടികളുടെ അനുഭവവുമായി ബന്ധമുള്ളതാവണം. വളരെ നീണ്ട വാക്യങ്ങൾ ആവാൻ പാടില്ല. ആശയ സംവേദനത്തിന്റെ ഏകകം വാക്യം ആയതിനാൽ ഭാഷാപഠനത്തിൽ ഈ രീതി കൂടുതൽ ഫലപ്രദമാണ്  എന്നാൽ വാക്യത്തിലും

# ഖണ്ഡികാവതരണരീതി

ചെറിയ വാക്യങ്ങൾ അടങ്ങുന്ന ഖണ്ഡികകൾ ആണ് ഈ രീതി ക്ക് അനുയോജ്യം. ചെറിയ സംഭവങ്ങളോ, ലഘു വിവരണങ്ങളോ,ചെറിയ കഥകളോ ആവാം.ആസ്വാദന ശേഷി, സങ്കല്പ ശക്തി തുടങ്ങിയ മാനസിക ക വാസനകള വളരുന്നതോടൊപ്പം ഭാഷയുടെ സാഹിത്യാംശങ്ങളിലേക് കുട്ടികളെ എത്തിക്കാനും ഈ രീതിക്ക് കഴിയും. കഥകളു വിവരണങ്ങളും ആശയ സമ്പൂർണ്ണത ഉള്ളതുകൊണ്ട് കുട്ടികൾക്ക് കൂടുതൽ താല്പര്യം ഉണ്ടാക്കുന്നു എന്നത് ഈ രീതിയുടെ ഗുണവും കഥയിൽ കൂടുതൽ ശ്രദ്ധ കൊടുക്കുന്നത് കൊണ്ട് അക്ഷര ബോധം വരുന്നില്ല എന്നത്

# മിശ്ര രീതി

മേൽപ്പറഞ്ഞ ഓരോ രീതിക്കും അതിന്റെതായ ഗുണദോഷങ്ങൾ ഉണ്ട്. അതുകൊണ്ട് ആവശ്യാനുസരണ ഈ രീതിയിൽ കൂട്ടി യോജിപ്പിച്ച് ഉപയോഗിക്കാം. അക്ഷരോച്ചാരക ഭാഷയായതിനാൽ അക്ഷരത്തിൽ തുടങ്ങാം. അതിനാൽ ഉച്ചാരണ ക്ലിപ്തതയുമുണ്ടാകും. പദാവതരണ രീതിയിൽ അക്ഷര ബോധം നൽകിയതിനുശേഷം വാക്യാവതരണ രീതിയിൽ വാക്യങ്ങളും വാക്യ സമൂഹങ്ങളും പഠിപ്പിക്കുക. പുതിയ രീതികളും പഴയ രീതികളും യഥായോഗ്യം സമ്മേളിക്കുന്നത് അധ്യാപനം കൂടുതൽ രസകരവും സജീവവുമാക്കും  മനശാസ്ത്രപരമായ രീതികൾ

# വായന അഭ്യസിപ്പിക്കാൻ ഉള്ള രീതികൾ

- **ചിത്രങ്ങളും അക്ഷര കാർഡുകളും**:- ചിത്രങ്ങൾക്കും നേരെ അവയുടെ പേരെഴുതിയ കാർഡുകൾ വയ്ക്കാൻ നിർദ്ദേശിക്കുക. അക്ഷരങ്ങൾ എഴുതിയിട്ടുള്ള കാർഡുകൾ നൽകി പുതിയ വാക്കുകൾ നിർമ്മിക്കുക.
- **പദങ്ങൾ എഴുതിയ കാർഡുകൾ :- പ**ദങ്ങൾ എഴുതിയ കാർഡുകൾ നൽകി വാക്യ രൂപത്തിൽ സംയോജിപ്പിക്കാൻ ആവശ്യപ്പെടുക. അക്ഷരങ്ങൾ ശബ്ദരൂപത്തിൽ ആക്കി പിന്നീട് വാക്യരൂപത്തിൽ

- **അക്ഷര ആൽബം** :- വർണ്ണ കടലാസുകളിൽ വെട്ടിയെടുത്ത അക്ഷരങ്ങൾ കാർഡുകളിൽ ഒട്ടിക്കുക. അത് ഉപയോഗിച്ച് പദങ്ങൾ ഉണ്ടാക്കാം. ഈ അക്ഷരങ്ങൾ ക്രമത്തിൽ അടുക്കി ആൽബം പോലെയാക്കി കുട്ടികൾക്ക് വായിക്കാൻ കൊടുക്കുക.
- **വാക്യങ്ങൾ എഴുതിയ കാർഡുകൾ** :- ചെറിയ വാക്യങ്ങൾ എഴുതിയ നിരവധി കാർഡുകൾ കുട്ടികൾക്ക് കൊടുക്കുക അത് വായിച്ചു നോക്കി ആശയപ്രചരണം ക്രമത്തിൽ ആക്കാൻ അവരോട് പറയുക.

# വിവിധ വായനാ രീതികൾ

- ശ്രാവ്യ വായന(Loud Reading )
- വായനാ പരിശീലനത്തിന്റെ ആദ്യഘട്ടത്തിൽ ശ്രാവ്യ വായനയാണ് അത്യാവശ്യം. സ്വയം ആശയ ഗ്രഹണം നടക്കുകയും ആശയം മറ്റുള്ളവരെ ഗ്രഹിപ്പിക്കുകയും ചെയ്യുന്നതാണ് ശ്രാവ്യവായന. ഇതിൽ പരിശീലനത്തോടൊപ്പം പരിശോധനയും നടക്കുന്നു. വ്യക്തിപരമായി ശ്രദ്ധിക്കാൻ കഴിയുന്നതുകൊണ്ട് തെറ്റുകൾ തിരുത്തി കൂടുതൽ ഫലപ്രദമാക്കാൻ കഴിയും. നല്ല വായന കേട്ടാൽ

ഉയർച്ചതാഴ്ചകൾ ശരിയും. ചേർന്ന്
നിൽക്കുന്നവ വിടവില്ലാതെ ഉച്ചരിക്കാനും,
വാക്കുകൾകിടയ്ക്ക് നിർത്തലും,
ചിഹ്നങ്ങൾ വരുമ്പോൾ
അതിനനുസരിച്ചുള്ള വായനയും ഉണ്ടാകും.
വായിക്കുന്ന ഭാഗത്തിന്റെ അർത്ഥം
വായിക്കുന്ന ആൾക്ക് കൂടി
മനസ്സിലാകുന്നുണ്ട് എന്ന് ശ്രോതാവിന്
മനസ്സിലാകണം. വേണ്ടതുപോലെ
ശബ്ദനിയന്ത്രണം ഇല്ലാതെയും മുക്കിയും
മൂളിയും അക്ഷരങ്ങളുടെ സ്ഥാനം മാറ്റി
ഉച്ചരിച്ചുമുള്ള വായന പരാജയമാണ്.

കാഴ്ചയുടെയും ശബ്ദത്തിന്റെയും
ശ്രാവ്യവായനയുടെ

# മൗന വായന(Silent Reading )

- കുറഞ്ഞ സമയം കൊണ്ട് കൂടുതൽ വായിക്കാനും ആശയങ്ങൾ വ്യക്തമായി ഗ്രഹിക്കാനും മൗന വായനയിലൂടെ കഴിയും. പ്രായോഗിക ജീവിതത്തിൽ ഏറ്റവും കൂടുതൽ പ്രയോജനം മൗന വായനയാണ്. ശാരീരിക ക്ഷീണം അനുഭവപ്പെടാതെ കൂടുതൽ വായിക്കാൻ കഴിയുന്നു എന്നതാണ് ഇതിന്റെനേട്ടം. ശ്രാവ്യ വായനയിൽ ശരിയായ പരിശീലനം നേടിയതിനുശേഷം മാത്രമേ മൗനവായനയിലേക്ക് കടക്കാവു.
- മൗന വായന ഒരു മാനസിക പ്രവർത്തനമാണ്. സമയനഷ്ടവും ശക്തി നഷ്ടവും ഇല്ലാതെ ഇഷ്ടമുള്ള ഭാഗങ്ങൾ തെരഞ്ഞെടുത്തു  ഏകാഗ്രതയോടെ വേഗത്തിൽ വായിക്കാൻ കഴിയുന്നത് മൗന

## തീവ്രമായ വായന (Intensive Reading)

- കേന്ദ്ര ആശയം കണ്ടെത്തുന്നതിനോ, മുഴുവൻ അർത്ഥ ഗ്രഹണം നടത്തുന്നതിലോ, ഓരോ വാചകങ്ങളുടെ യും അർത്ഥം പ്രത്യേകമായി മനസ്സിലാക്കുന്നതിനോ, ആശയത്തിന്റെ ക്രമം മനസ്സിലാക്കുന്നതിനോ, വിവരങ്ങളെ വിശകലനം ചെയ്യുന്നതിനോ ഉതകുന്ന തരത്തിലുള്ള വായനയാണ് തീവ്ര വായന. വായിക്കുന്നതെന്തും നന്നായി മനസ്സിലാക്കുകയും പദാവലി വികസനം നടക്കുകയും ചെയ്യുന്നു എന്നത് തീവ്ര വായനയുടെ

## ( വിശാലവായന( വായന))(Extensive Reading )

- ഓരോ വാക്കും മനസ്സിലാക്കാതെ വായിക്കുന്നത് എന്തോ അതിന്റെ മൊത്തത്തിലുള്ള ആശയം മനസ്സിലാകുന്ന തരത്തിലുള്ള വായനയാണ് വിശാല വായന. തീവ്ര വായനയിലേക്ക് കടക്കുന്നതിനുള്ള ഒരു പടിയായി വിശാല വായനയെ കാണാം. വലിയൊരു ആശയത്തെ വളരെ വേഗം ഉൾക്കൊള്ളണമെങ്കിൽ അവിടെ വിശാല വായനയാണ് ആവശ്യം.

- ഭാഷാ നൈപുണി എന്ന നിലയിൽ വായനാ നൈപുണി വികസിക്കുമ്പോൾ അതിനോടൊപ്പം വികസിക്കുന്ന ഉപ വായനാ നൈപുണികൾ ആണ് :-

- **വേഗ വായന നൈപുണി (Skimming Skills )**
- കേന്ദ്ര ആശയം വളരെ പെട്ടെന്ന് തന്നെ വായിച്ചു മനസ്സിലാക്കുന്ന നൈപുണി.
- **സൂക്ഷ്മപരിശോധന നൈപുണി(Scanning Skills )**
- വലിയൊരു ആശയത്തിൽ നിന്ന് പ്രത്യേകമായ ഒരു ആശയം പെട്ടെന്ന് വായിച്ചു മനസ്സിലാക്കുന്ന നൈപുണി.
- **ശീഘ്രവായന നൈപുണി(Rapid Reading Skills )**
- പ്രധാന ആശയങ്ങളെ വിശാലമായ അർത്ഥത്തിൽ വായിച്ച് ഉൾക്കൊള്ളുന്നതിനുള്ള നൈപുണി ആണ്.
- **പഠന വായന നൈപുണി (Study Reading Skills)**
- അഗാധമായ തലത്തിൽ ആശയ ഗ്രഹണം നടക്കുന്നതിനുള്ള വായനാ നൈപുണി ആണ്.

# വായനാശീലം വളർത്തുന്നതിനുള്ള മാർഗ്ഗങ്ങൾ

- ഓരോ ദിവസവും പ്രധാനപ്പെട്ട പത്രവാർത്തകൾ ക്ലാസിൽ വായിപ്പിക്കുക.
- ക്ലാസ്സ് പിരീഡുകളിൽ തന്നെ ലൈബ്രറി സന്ദർശനത്തിന് പ്രത്യേക സമയം നൽകുക.
- ഇഷ്ടപ്പെട്ട പുസ്തകങ്ങൾ വായിച്ച് അതിന്റെ ഉള്ളടക്കം ക്ലാസ്സിൽ അവതരിപ്പിക്കാൻ പറയുക.
- പ്രഭാഷണമേളകൾ സംഘടിപ്പിക്കുക.
- വാദപ്രതിവാദ മത്സരങ്ങൾ സംഘടിപ്പിക്കുക
- വായനാക്കുറിപ്പുകൾ എഴുതിക്കുക
- വായന മത്സരങ്ങൾ സംഘടിപ്പിക്കുക

# എഴുത്ത്

- ഭാഷാനൈപുണികളിൽ ഏറ്റവും അവസാനത്തെ നൈപുണി .
- എഴുത്ത് പ്രബലന നൈപുണിയാണ്. എഴുത്ത് ഒരു ഉൽപ്പാദന നൈപുണിയാണ്.
- പദങ്ങളെ പ്രത്യേക ക്രമത്തിൽ പരസ്പരം ബന്ധപ്പെടുത്തി ഒരു വാക്യമുണ്ടാക്കുന്നതിനുള്ള കഴിവാണ് എഴുത്ത്.
- അക്ഷരാഭ്യാസനത്തിന് മുമ്പ് വിരലുകളുടെ വ്യത്യസ്തമായ ചലനങ്ങൾ ഉറപ്പിക്കുന്നതിനു വേണ്ടി വിരലുകൾ കൊണ്ട് പരുപരുത്ത പ്രതലങ്ങളിൽ എഴുതിക്കുന്നത് നല്ലതാണ്.

# അക്ഷരലേഖനത്തിനുള്ള വിവിധ രീതികൾ

- മണലിലെഴുത്ത്
  - പരുപരുത്ത പ്രതലത്തിലാണ് ആദ്യം അക്ഷരാഭ്യാസം തുടങ്ങേണ്ടത്. മണലിലെഴുത്തിലൂടെ അക്ഷരരൂപം എളുപ്പം ഉറയ്ക്കുമെന്നാണ് മനശാസ്ത്രജ്ഞന്മാരുടെ അഭിപ്രായം.

- ബോർഡിലെഴുത്ത്

- സ്ലേറ്റിലെഴുത്ത്
- ദൃഢമായ പ്രതലത്തിൽ നിന്ന് മിനുസമായ പ്രതലത്തിൽ എഴുതാനുള്ള തുടക്കം കുറിക്കുന്നത് സ്ലേറ്റിലെഴുത്തിലൂടെയാണ്. മിനുമിനുത്തതും പരുപരുത്തതുമായ സ്ലേറ്റുകൾ ഉണ്ട്. ആദ്യം പരുത്ത പ്രതലമുള്ള സ്ലേറ്റിലെഴുതുന്നതാണ് ഉത്തമം.

- കടലാസിലെഴുത്ത്
- സ്ലേറ്റിൽ എഴുതി പരിശീലിച്ചതിനുശേഷം മാർദ്ദവമുള്ള കടലാസിലെഴുതാൻ പഠിപ്പിക്കാം. കടലാസിലെഴുത്ത് ക്രമേണ കോപ്പി പുസ്തകത്തിലേക്ക് മാറ്റാം. കോപ്പി എഴുത്ത് അധിക നാൾ തുടർന്നാൽ ഈ ലക്ഷ്യത്തിലെത്തിച്ചേരാൻ കാലതാമസം നേരിടും . [illegible] രണ്ടു [illegible] കോപ്പി എഴുത്തിനു

- കളിരീതിയിലൂടെയുള്ള ലേഖനാഭ്യാസം

  - അക്ഷര നിർമ്മാണം, അക്ഷരാംശങ്ങൾ കടലാസിൽ വെട്ടി കൊടുത്ത് അതിൽ നിന്ന് പല അക്ഷരങ്ങൾ നിർമ്മിക്കുക. പയറുവർഗങ്ങൾ , ധാന്യങ്ങൾ മുതലായവ ഉപയോഗിച്ച് അക്ഷരം നിർമ്മിക്കുന്നതാണ്.

- അക്ഷര പരിവർത്തനം

  - ഒരക്ഷരത്തെ മറ്റൊരക്ഷരമായി മാറ്റുക.' ത'യെ' ത്ത'യായി മാറ്റാം'

- ക്രമം തെറ്റിച്ച വാക്കുകൾ ശരിയായി എഴുതുക
- ഉദാ:- ചുവന്ന/ഉള്ള/ നിറം/ റോസാപ്പൂ
- ചുവന്ന നിറം ഉള്ള റോസാപ്പൂ
- മാതൃകാ ശബ്ദം നൽകി അതു പോലുള്ളവ എഴുതിക്കുക.
- ഉദാ:- തല - വല, മല, നില, കല
- വാക്യം പൂരിപ്പിക്കൽ
- ഇതിലൂടെ ആശയം എഴുതി പ്രകടപ്പിക്കാനുള്ള അവസരം കുട്ടികൾക്ക് കൊടുക്കുന്നു.

# എഴുത്തിലുണ്ടാകുന്ന വൈകല്യങ്ങൾ

### അവ്യക്തതയും അഭംഗിയും

- അക്ഷരങ്ങൾ അവ്യക്തമായിരിക്കുകയും ഭംഗിയില്ലാതെയിരിക്കുന്നതുമായ അവസ്ഥയാണിത്.

### അക്ഷരങ്ങൾക്ക് ഏകരൂപമില്ലായ്മ

- അക്ഷരങ്ങൾ തുല്യ വലിപ്പത്തിൽ എഴുതാത്ത രീതിയാണിത്. അക്ഷരങ്ങൾ പല വലിപ്പത്തിലാകുമ്പോൾ എഴുത്തിന് അഭംഗി ഉണ്ടാകുന്നു.

### അക്ഷരങ്ങളെ വൈകൃതമാക്കൽ

- അക്ഷരങ്ങൾക്ക് അനാവശ്യമായ കുനിപ്പുകളും കൂട്ടിച്ചേർക്കലുമൊക്കെ നടത്തി വികൃതമാക്കുന്ന രീതിയാണിത്.

### അക്ഷരങ്ങളും പദങ്ങളും വാക്യങ്ങളും തമ്മിലുള്ള

# കൈയ്യക്ഷരത്തിനുണ്ടായിരിക്കേണ്ട ഗുണങ്ങൾ

നമുക്ക് മാത്രമല്ല മറ്റുള്ളവർക്കു കൂടി വായിക്കാനാണ് നാം എഴുതുന്നത്. അതുകൊണ്ട് എഴുത്ത് എപ്പോഴും വ്യക്തതയുള്ളതായിരിക്കണം. കൈയ്യക്ഷരത്തിനുണ്ടായിരിക്കേണ്ട ഗുണങ്ങൾ ഇനി പറയുന്നവയാണ്.

- ഭംഗി
  - വായനക്കാരുടെ ശ്രദ്ധ പിടിച്ചെടുക്കുന്ന വിധം ആകർഷകമായിരിക്കണം അക്ഷരങ്ങൾ .
- വേഗത

- ## വ്യക്തത

  - മറ്റുള്ളവർക്ക് വായിച്ചാൽ മനസ്സിലാകുന്ന തരത്തിൽ വ്യക്തതയുണ്ടാവണം എഴുത്തിന് .

## അനുപാതം

- അക്ഷരങ്ങൾ തമ്മിലും, പദങ്ങൾ തമ്മിലും, വാക്യങ്ങൾ തമ്മിലും, വരികൾ തമ്മിലും കൃത്യമായ അനുപാതം പാലിച്ചിരിക്കണം.

- **അക്ഷരത്തെറ്റിനുള്ള കാരണങ്ങൾ**

ശരിയായ രീതിയിൽ വചന ശിക്ഷണം ലഭിക്കാത്തതാണ് അക്ഷരതെറ്റു വരുത്തുന്നതിനുള്ള മുഖ്യകാരണം. വായനയിലെ തെറ്റുകളും അക്ഷര തെറ്റിന് കാരണമാകും. ശരിയായി കേട്ടിലെങ്കിലും കേൾവി പ്രശ്നം കുട്ടിയ്ക്ക് ഉണ്ടെങ്കിലും അക്ഷര തെറ്റ് സംഭവിക്കാം.

അക്ഷരതെറ്റ് കുറയ്ക്കുന്നതിനുള്ള ചില മാർഗങ്ങൾ നോക്കാം.

**കേട്ടെഴുത്ത്/അഭി വാചനം**

- കേട്ടെഴുത്ത് പരിഹരിക്കാൻ ഏറ്റവും ഫലപ്രദമായ രീതിയാണ് കേട്ടെഴുത്ത്.
- ഭാഷാപരമായ ഒന്നിലധികം നൈപുണികളുടെ സംയോജനമാണ് കേട്ടെഴുത്തിലൂടെ സംഭവിക്കുന്നത്. അതുകൊണ്ട് അക്ഷര തെറ്റ് പരിഹരിക്കുന്നതിന

## അക്ഷരശോധിനികളുടെയും കൈയ്യക്ഷര സ്കെയിലുകളുടെയും ഉപയോഗം

- അക്ഷരത്തെറ്റുകൾ വരുത്താനിടയുള്ള പദങ്ങളുടെ പട്ടിക തയ്യാറാക്കി ക്ലാസ്സിൽ തൂക്കിയിടണം. ഇവയാണ് അക്ഷരശോധിനികൾ .
- അക്ഷരശോധിനിയിൽ തെറ്റിക്കാൻ ഇടയുള്ള അക്ഷരങ്ങൾക്ക് വിവിധ നിറം കൊടുക്കാവുന്നതാണ്. വളരെ പെട്ടെന്ന് കുട്ടികളുടെ ശ്രദ്ധയിൽ പെടുത്താൻ ഇതുപകരിക്കും.

## ചിഹ്നങ്ങൾ

- അക്ഷര തെറ്റില്ലാതെ അർത്ഥപൂർണമായി ആശയ വ്യക്തതയോടെ എഴുതണമെങ്കിൽ ചിഹ്നങ്ങൾ ആവശ്യമാണ്  ചിഹ്നങ്ങൾ

# UNIT 4-PPRINCIPLES OF LANGUAGE TEACHING AND MICRO **TEACHING**

## ഭാഷാ ബോധന തത്വങ്ങൾ

- ഭാഷാ പഠനത്തിന്റെ പ്രാഥമിക ലക്ഷ്യം ആശയ ഗ്രഹണവും ആശയ പ്രകടനവുമാണ്. ശ്രദ്ധ ഭാഷണം വായന ലേഖനം എന്നീ നൈപുണി കളിലൂടെ മാത്രമേ ഭാഷ അദ്ധ്യാനത്തിന്റെ ഈ ലക്ഷ്യത്തിൽ എത്തിച്ചേരാൻ സാധിക്കുകയുള്ളൂ.
- ഭാഷാ ബോധനത്തിലെ ശാസ്ത്രീയ സമീപനങ്ങളിൽ നിന്നാണ് ഭാഷാ ബോധന ത്തിന്റെ തത്വങ്ങൾ ഉടലെടുത്തത്.
- ശാസ്ത്രീയമായ അറിവിലും ഭാഷാ സിദ്ധാന്തങ്ങളിലും അധിഷ്ഠിതമാണ് ഈ ശാസ്ത്രീയ സമീപനം.

1.ഭാഷണം ലേഖനത്തിനു മുൻപ്

ശ്രദ്ധയും ഭാഷണവും ആണ് വായനക്കും ലേഖനത്തിനു മുൻപ് പഠിക്കേണ്ടത്.

2. അടിസ്ഥാന വാചകങ്ങൾ

ഭാഷണ വാചകങ്ങൾ ഓർമ്മിച്ചെടുക്കാൻ പഠിതാവിന് ഉള്ള കൃത്യതയാണ് ഈ തത്വത്തിന്റെ അടിസ്ഥാനം

3. ഭാഷ മാതൃകകൾ

ഭാഷാ മാതൃക മനസ്സിലാക്കുന്നതിലൂടെ ആ ഭാഷയുടെ പ്രയോഗ മാതൃക കുട്ടി മനസ്സിലാക്കുന്നു.

4 ശബ്ദ വ്യവസ്ഥ

വിശദീകരണം അനുകരണം തുടങ്ങിയവയിലൂടെ ഭാഷയുടെ ശബ്ദ ഘടനയെ കുറിച്ച് പഠിക്കേണ്ടതാണ്.

## 5. പദാവലിയുടെ നിയന്ത്രണം

ഭാഷയുടെ അടിസ്ഥാന ഘടന ആയുധമാക്കിയ അതിനുശേഷം ആകണം പദാവലി വികസിപ്പിക്കേണ്ടത്.

## 6.രചന വചനത്തെ പ്രതിനിധീകരിക്കുന്നു

പഠിതാവിനെ നേരത്തെ തന്നെ അറിയാവുന്ന ഭാഷ മാതൃകകളുടെ പ്രയോഗങ്ങളുടെയും രേഖീയ പ്രതീകമെന്ന നിലയിലാണ് വായനയും രചനയും പഠിപ്പിക്കേണ്ടത്.

## 7. ശ്രേണികരിച്ച ഭാഷ മാതൃകകൾ

ഭാഷാ ബോധനം പലതരത്തിൽ ശ്രേണീകരിച്ച ഭാഷ മാതൃകകളിലൂടെയാണ് സാധ്യമാകേണ്ടത്

## 8. ഭാഷപരിശീലനവും തർജ്ജമയും

അർഥപൂർണമായ തർജ്ജമ രണ്ടാം ഭാഷയുടെ പരിപുഷ്ടിയാണ് അടിസ്ഥാനമാക്കുന്നത്. ഭാഷാ ബോധനത്തിന് ശേഷമാണ് വ്യത്യസ്തമായ ഒരു നൈപുണി എന്ന നിലയിൽ തർജ്ജമ പരിശീലിപ്പിക്കേണ്ടത്.

## 9. ആധികാരിക ഭാഷാ നിലവാരം

ഭാഷയുടെ ഏതെങ്കിലും ഒരു ശൈലി മാത്രമാണ് ശരി എന്ന രൂപത്തിലല്ല ഭാഷാബോധനം നടത്തേണ്ടത്. ആശയവിനിമയഘടന തന്നെയാണ് ഭാഷ.

**10.പരിശീലനം**

ഭാഷാപഠന സമയത്ത് പഠിതാവ് പരിശീലനത്തിലൂടെയായിരിക്കണം കടന്നുപോകേണ്ടത്.

**11. പ്രതികരണങ്ങളെ രൂപപ്പെടുത്തൽ**

അനുഭവങ്ങളിലൂടെയും പരിശീലനത്തിലൂടെയും പുതിയ പുതിയ ഭാഷാപ്രതികരണങ്ങൾ രൂപപ്പെടുത്തേണ്ടത്.

**12.വേഗതയും ശൈലിയും**

**13. പെട്ടെന്നുള്ള പ്രബലനം**

**14. ഉള്ളടക്കം**

# അനുക്രമീകരണ തത്വങ്ങൾ

ഭാഷ പഠിപ്പിക്കുന്നതിനുള്ള ശാസ്ത്രീയമായ ക്രമമാണ് അനുക്രമീകരണ തത്വം എന്ന് പറയുന്നത്. ഭാഷ നൈപുണികളായ ശ്രവണം , ഭാഷണം , വായന, ലേഖനം എന്നിവ ആർജിക്കലാണ് അനുക്രമീകരണത്തിന്റെ തത്വം.

ആധുനിക വിദ്യാഭ്യാസ മനശാസ്ത്ര സിദ്ധാന്തങ്ങളും , ശിശു മനശാസ്ത്ര സിദ്ധാന്തങ്ങളും അനുകരിച്ചാണ് അനുക്രമീകരണ തത്വങ്ങൾ രൂപപ്പെടുത്തിയിരിക്കുന്നത് ഭാഷാധ്യാപകർ

## 1 പ്രകടനത്തിനു മുമ്പ് സ്വീകരണം.

______കുട്ടിയോട് സ്വന്തം കഴിവു പ്രകടിപ്പിക്കാനാവശ്യപ്പെടുന്നതിനു മുമ്പ് അധ്യാപകൻ ഉത്തമമാതൃകയിലൂടെ അതിനുള്ള സന്നദ്ധത ജനിപ്പിച്ചിരിക്കണമെന്നാണ്.

## 2 . കാഴ്ച്ചയ്ക്കു മുമ്പ് കേൾവി

ഭാഷയുടെ കൃത്രിമരുപങ്ങളാണ് അക്ഷരങ്ങൾ അവ വായിക്കുന്നതിനും എഴുതുന്നതിനുമുൻപ് യഥാർത്ഥ രൂപമായ

## 3.വായനക്ക് മുമ്പ് വചന ശിക്ഷണം

വായിക്കുന്നതിനു മുമ്പ് വായിക്കാനുള്ളത് പറഞ്ഞു ശീലിപ്പിക്കണം .
അതിനാൽ ശബ്ദങ്ങൾ ശരിയായി ഗ്രഹിച്ചു വേണം അവയുടെ ലിഖിതരൂപമായി ബന്ധിപ്പിക്കാൻ .

## 4 . അകന്ന സ്മൃതിക്ക് മുമ്പ് നിരന്തര സ്മൃതി

പുതിയ കാര്യങ്ങളും വാക്കുകളും പലതവണ പറയിക്കുക എന്നതാണ് നിരന്തര സ്മൃതി .കുട്ടികൾക്ക് ധാരാളം മാതൃകകൾ നൽകുകയും അവ അപ്പപ്പോൾ അനുകരിക്കുന്നതിനും ആവർത്തിക്കുന്നതിനും അഭ്യസിക്കുകയും വേണം .

## 5. വ്യക്തിയത്നത്തിനുമുൻപ് സംഘയത്നം

തുടക്കത്തിൽ ഒറ്റയ്ക്ക് ഒരു പ്രവർത്തി ചെയ്യാൻ കുട്ടികളോട് പറഞ്ഞാൽ അവർക്ക് മടിയായിരിക്കും .അതുകൊണ്ട് ആദ്യം സംഘമായി കാര്യങ്ങൾ ചെയ്യിക്കുക .അത് അവർക്ക് ധൈര്യവും ആത്മവിശ്വാസവും നൽകും .

## 6.സ്വാതന്ത്ര്യയത്നത്തിന് മുൻപ് ശിക്ഷണം

സ്വതന്ത്രമായി ആയി എന്തെങ്കിലും കുട്ടികളെക്കൊണ്ട് ചെയ്യിക്കുന്നതിനും മുൻപ് ചെയ്യേണ്ടതിന്റെ വ്യക്തമായ [illegible] പറഞ്ഞു

# 7.അമൂർത്തിനു മുൻപ് മൂർത്തം

**മൂർത്തമായ വ്യക്തമായ വസ്തുക്കളെ കുട്ടികൾക്ക് ഗ്രഹിക്കാൻ കഴിയൂ.കുട്ടികളുടെ ഭാഷ എപ്പോഴും പ്രതീക്ഷ വസ്തുക്കളുമായി ബന്ധപ്പെട്ടിരിക്കുന്നു.അവർ അവർ കണ്ടും കേട്ടും അനുഭവിച്ചതുമായ കാര്യങ്ങളെ നാളെ പ്രതിപാദിക്കുന്ന ഭാഷയാണ് അവരുടെ മുമ്പിൽ പ്രകടിപ്പിക്കേണ്ടത്.**

# അധ്യാപന പ്രമാണങ്ങൾ

പാഠ്യ വസ്തുവിനെ സ്വഭാവം , കുട്ടികളുടെ അറിവും താൽപര്യവും , മുൻധാരണ ,കുട്ടികളുടെ പ്രായം ,ഇവയെല്ലാം ആധാരമാക്കി ആസൂത്രണം ചെയ്താണ് അധ്യാപന രീതികൾ തയ്യാറാക്കുന്നത്.ഈ അധ്യാപനരീതികൾ കുട്ടികളിലേക്ക് എത്തിക്കുന്നതിനായി ആയി തയ്യാറാക്കപ്പെട്ട തത്വങ്ങളാണ് ആണ് അധ്യാപന പ്രമാണങ്ങൾ .

1. അറിയുന്നതിൽ നിന്ന് അറിയാത്തതിലേക്ക്

കുട്ടികൾക്ക് നന്നായി അറിയാവുന്ന കാര്യങ്ങൾ പറഞ്ഞു കൊടുത്തുകൊണ്ട്.അറിയാത്ത പുതിയ കാര്യങ്ങൾ ,ആശയങ്ങൾ പറഞ്ഞു

## 2.ലളിതമായതിൽ നിന്ന് സങ്കീർണ്ണമായതിലേക്ക്

കുട്ടികൾക്ക് എളുപ്പമുള്ളത് ആദ്യവും ബുദ്ധിമുട്ടുള്ളത് പിന്നീട് വരുന്ന രീതിയിൽ ആയിരിക്കണം അധ്യാപനം.

## 3.അവ്യക്തമായതിൽ നിന്ന് വ്യക്തമായതിലേക്ക്

ആദ്യഘട്ടത്തിൽ ആശയങ്ങളെ കുറിച്ച് അവ്യക്തമായ ധാരണകളാണ് കുട്ടികൾക്ക് ഉണ്ടാക്കുക.അത് വ്യക്തവും , നിശ്ചിതവും ക്രമീകൃതവും ആകേണ്ടതുണ്ട്.

## 4.മൂർത്തമായതിൽ നിന്ന് അമൂർത്തമായതിലേക്ക്

കുട്ടികൾക്ക് പ്രത്യക്ഷമായത് അല്ലെങ്കിൽ മൂർത്തമായതാണ് പെട്ടെന്ന് ഗ്രഹിക്കാൻ കഴിയുന്നത്.അതുകൊണ്ട് അവർക്ക് നൽകുന്ന ഭാഷാഭ്യസനം പ്രാരംഭത്തിൽ പ്രത്യക്ഷ അനുഭവങ്ങളെ ആസ്പദമാക്കിയുള്ള ആയിരിക്കണം.

## 5.പ്രത്യേകമായതിൽ നിന്ന് സാമാന്യമായതിലേക്ക്

പൊതു തത്വങ്ങളും ,നിയമങ്ങളും പറഞ്ഞു കൊടുക്കുന്നതിനു മുൻപ് പ്രത്യേക ഉദാഹരണങ്ങളിലൂടെ കാര്യങ്ങൾ കുട്ടികളു

## 6.അപഗ്രഥനത്തിൽ നിന്ന് ഉദ്ഗ്രഥനത്തിലേക്ക്

ബുദ്ധിമുട്ടുള്ള ഉള്ള ആശയങ്ങൾ പഠിക്കേണ്ടത് ആയി വരുമ്പോൾ  ആശയങ്ങളെ പലതായി തിരിച്ച്കുട്ടിക്ക് ഗ്രഹിക്കാൻ പറ്റുന്ന തരത്തിൽ ആക്കി മാറ്റുന്നു.ആശയ ഗ്രഹണം നടന്നു കഴിഞ്ഞാൽ ആശയത്തിന്റെ  ഭാഗങ്ങളെ കൂട്ടിയോജിപ്പിച്ച ഉദ്ഗ്രഥനം നടത്തുന്നു.

## 7.അടുത്തുള്ളതിൽ നിന്ന് അകലെയുള്ള അതിലേക്ക്

നമ്മുടെ ചുറ്റുമുള്ള കാര്യങ്ങൾ , കുട്ടികളുടെ അറിവിൽ പെടുന്ന കാര്യങ്ങൾ മാത്രം പഠിപ്പിക്കുക.അതിനുശേഷം അകന്ന കാര്യങ്ങളിലേക്ക് പ്രവേശിക്കുക

## 8.യഥാർത്ഥമായതിൽ നിന്ന് പ്രാതിനിധ്യ സ്വഭാവമുള്ളതിലേക്ക്

യഥാർത്ഥ വസ്തുക്കളുടെ പഠനത്തിൽ നിന്ന് അതിന്റെ പ്രാധിനിത്യ സ്വഭാവമുള്ള ഉള്ള വസ്തുക്കളിലേക്ക് നടക്കുന്നതാണ് നല്ലത്.

## 9.അനുഭവസിദ്ധമായതിൽ നിന്ന് യുക്തിയുക്തമായതിലേക്ക്

കുട്ടികൾക്ക് ഇന്ദ്രിയങ്ങളിലൂടെയുള്ള അറിവാണ് ആദ്യം ലഭിക്കേണ്ടത് .അതിലൂടെ ചിന്തിക്കാൻ സാധിക്കുകയുള്ളൂ.

## 10.മുഴുവനായതിൽ നിന്ന് ഭാഗങ്ങളിലേക്ക്

**ഭാഗങ്ങളായി ആശയത്തെ മനസ്സിലാക്കുന്നതിനേക്കാൾ മുഴുവനായി ആശയത്തെ മനസ്സിലാക്കുന്നതാണ് നല്ലത്.**

## 11.മനശാസ്ത്രപരമായതിൽ നിന്ന് സംയുക്തികത്തിലേക്ക് .

വിഷയത്തിന് ക്രമീകരണവും ആയി ബന്ധപ്പെട്ടതാണ് സംയുക്തികപരമായ സമീപനം.നമ്മുടെ കാഴ്ച്ചപ്പാടിൽ നിന്ന് വ്യത്യസ്തമായി കുട്ടികളുടെ താൽപര്യങ്ങൾ, ആവശ്യങ്ങൾ [illegible] പകപത എന്നിവയ്ക്കാ [illegible]

## **നൈപുണികളും അവയുടെ ഘടകങ്ങളും**

നൈപുണി :പാഠഭാഗം പരിചയപ്പെടുത്തൽ

ഘടകങ്ങൾ
ആവശ്യമുള്ളവ

- മുന്നറിവുകൾ പരിശോധിക്കുക
- ശരിയായ തന്ത്രങ്ങളുടെയും ഉപകരണങ്ങളുടെയും ഉപയോഗം.

ഒഴിവാക്കേണ്ടവ

- തുടർച്ചയില്ലായ്മ
- സന്ദർഭോചിതമല്ലാത്ത പദങ്ങളുടെയാ ചേഷ്ടകളുടെയാ പ്രയോഗം.

## അഭികാമ്യ ഘടകങ്ങൾ

- ഉചിതമായ തുടക്കം
- കണ്ണികളെ ബന്ധിപ്പിക്കൽ
- ഉചിതമായ കൂട്ടിയാജിപ്പിക്കലുകൾ
- പ്രധാന ആശയങ്ങളുടെ അവതരണം
- കുട്ടികളുടെ ഗ്രഹണത്തെ പരിശാധിക്കൽ
- അനുയാജ്യമായ ഉപസംഹാരം

അഭികാമ്യമല്ലാത്തവ

- അനുചിതമല്ലാത്ത പ്രസ്താവന
- തുടർച്ചയില്ലായ്മ
- ഒഴുക്കിന്റെ അപര്യാപ്തത
- അനുചിതമായ പദപ്രയോഗം
- അവ്യക്തമായ വാക്കുകളും പ്രയോഗങ്ങളും

അന്വേഷണാത്മക ചോദ്യങ്ങൾ

- പ്രോത്സാഹനം
- പുനർവിവരശേഖരണം
- പുനർശ്രദ്ധ
- വിമർശനചിന്ത

വളർത്തുന്ന

ചോദ്യങ്ങൾ

- തിരിച്ചു വിടൽ

## ഉദാഹരണസഹിതം വ്യക്തമാക്കൽ

- ലളിതമായ ഉദാഹരണങ്ങൾ
- ഉചിതമായ ഉദാഹരണങ്ങൾ
- താത്പര്യജനകമായ ഉദാഹരണം
- അനുയോജ്യമായ മാധ്യമങ്ങൾ
- ഉചിതമായ രീതി

ബ്ലാക്ക് ബോർഡിന്റെ ഉപയോഗം

- വ്യക്തത
- വൃത്തി
- ക്രമം
- പ്രധാന വസ്തുതകളുടെ രേഖപ്പെടുത്തൽ
- അനുയോജ്യമായ ഉപയോഗം.

ചോദകവ്യതിയാനം

- ശാരീരിക ചലനം
- ആംഗ്യവിക്ഷേപം
- ശബ്ദവ്യതിയാനം
- പെട്ടെന്നുള്ള നിറുത്തൽ
- ശ്രദ്ധ ക്ഷണിക്കൽ
- ഇടപെടലുകളിലുള്ള മാറ്റം
- ദൃശ്യശ്രാവ്യ വ്യതിയാനങ്ങൾ

പ്രബലനം
അനുയാജ്യമായവ
• പ്രശംസാവാചകങ്ങൾ
• കുട്ടികളുടെ വികാരങ്ങളെ അംഗീകരിക്കുന്ന പ്രസ്താവനകൾ
• കുട്ടികളുടെ പ്രതികരണത്തെ ആവർത്തിക്കുക,മാറ്റംവരുത്തുക,ചുരുക്കി അവതരിപ്പിക്കുക
• കുട്ടികളുടെ പ്രതികരണങ്ങൾ ബോർഡിൽ എഴുതുക
• ആംഗ്യങ്ങളുടെയും മറ്റു ചലനങ്ങളുടെയും പ്രയോഗം

അഭികാമ്യമല്ലാത്തവ

• നിരുത്സാഹപ്പെടുത്തുന്ന വാക്കുകളുടെ പ്രയോഗം
• നിരുത്സാഹപ്പെടുത്തുന്ന സൂചനകളോ ശബ്ദങ്ങളോ ഉപയോഗിക്കുക
• നിരുത്സാഹപ്പെടുത്തുന്ന വാചക പ്രയോഗം
• ഉചിതമല്ലാത്ത പ്രബലനം
• ആംഗ്യങ്ങളുടെയും മറ്റു ചലനങ്ങളുടെയും പ്രയോഗം
• പ്രബലനത്തിന്റെ നിഷേധം /പ്രബലനം നൽകാതിരിക്കൽ

# സൂക്ഷ്മാധ്യാപനം അല്ലെങ്കിൽ ഹ്രസ്വാധ്യാപനം(Micro teaching)

അധ്യാപന കഴിവുകൾ മെച്ചപ്പെടുത്തുന്നതിനായി ഉപയോഗിക്കുന്ന അധ്യാപന പരിശീലന തന്ത്രങ്ങളാണ് മൈക്രോ ടീച്ചിംഗ്. മൈക്രോ ടീച്ചിംഗ് പ്രാഥമികമായി ലക്ഷ്യമിടുന്നത് സങ്കീർണ്ണമായ അധ്യാപന നൈപുണ്യങ്ങൾ വികസിപ്പിക്കുന്നതിനാണ്

അധ്യാപനം ഗണ്യമായി മെച്ചപ്പെടുത്താൻ കഴിയുന്ന നിരവധി അധ്യാപന കഴിവുകൾ ഉണ്ട്.
അതിൽ ചിലതാണ് പാഠഭാഗം പരിചയപ്പെടുത്തുക, ബ്ലാക്ക്ബോർഡ്, വിശദീകരണം, ചോദകവ്യതിയാനം, തുടങ്ങിയവ.

വിവിധ അദ്ധ്യാപന കഴിവുകൾ  അധ്യാപക പരിശീലകന്റെ
മൈക്രോടീച്ചിംഗ് സെഷനുകളിലൂടെ ഏറ്റവും ഫലപ്രദമായി പരിശീലിപ്പിക്കാൻ കഴിയും. ഓരോ നൈപുണികളും കൃത്യമായി നിർണയിച്ച് അവയ്ക്ക് പ്രാധാന്യം നൽകി പ്രാക്ടീസ്
ചെയ്യുന്നതിനെയാണ് മൈക്രോടീച്ചിങ് അഥവാ സൂക്ഷ്മാധ്യാപനം അല്ലെങ്കിൽ ഹ്രസ്വാധ്യാപനം എന്ന് പറയുന്നത്.

1960 കളിൽ സ്റ്റാൻഡ് ഫാർഡ്
യൂണിവേഴ്സിറ്റിയിൽ D W അലെനും കൂട്ടരും
അവതരിപ്പിച്ചതാണ് മൈക്രോ ടീച്ചിങ്.
അലെൻ 14 നൈപുണികളാണ്
പ്രധാനമായും പറഞ്ഞതെങ്കിലും ഇന്ന്
ഏകദേശം 100 ഓളം
നൈപുണികൾ വികസിപ്പിച്ചിട്ടുണ്ട്.
എങ്കിലും പ്രധാനമായും 7
നൈപുണികളാണ്
പ്രാഥമികനൈപുണികളായി
കണക്കാക്കുന്നത്.
[illegible] വകഭേദങ്ങളാണ് മറ്റുള്ള[illegible]

ഓരോ നൈപുണിക്കും അതിന്റെതായ
ഘടകങ്ങൾ ഉണ്ട്.അതിൽ
ആവിശ്യമായയവയും
ഒഴിവാക്കേണ്ടവയും ഉൾപ്പെടുന്നു
ഓരോ നൈപുണിക്കും അതിന്റേതായ
ഘടക സ്വഭാവം ഉൾപ്പെടുന്നു, അതിനാൽ
അവയുടെ
പരിശീലനത്തിനും വികസനത്തിനും ഒരു
പ്രത്യേക ഇടപെടൽ ആവശ്യമാണ്.
ഇത്തരത്തിലുള്ള ഓരോ
നൈപുണിയുടെയും പരിശീലനവും
മാറ്റങ്ങളും ഉൾകാളളുന്ന പ്രവർത്ത

## പ്രധാന നൈപുണികൾ

* പാഠഭാഗം പരിചയപ്പെടുത്തുക.
*വിശദീകരണം
*ബ്ലാക്ക്ബോർഡിന്റെ ഉപയോഗം.
*ചോദകവ്യതിയാനം
*ഉദാഹരണസഹിതം വ്യക്തമാക്കുക
*പ്രബലനം
*അന്വേഷണാത്മകമായ ചോദ്യങ്ങൾ ചോദിക്കൽ

## നിർവചനം

**ക്ലാസ് വലുപ്പം, ദൈർഘ്യം, പാഠം, കഴിവുകൾ എന്നിവ ഉൾക്കൊള്ളുന്ന അധ്യാപനത്തിന്റെ ഒരു ചെറിയ മാതൃകയാണ് മൈക്രോ ടീച്ചിംഗ്.**

- അലെൻ A W

“മൈക്രോ ടീച്ചിംഗ് ഒരു അധ്യാപക വിദ്യാഭ്യാസ രീതിയാണ് , ഇത് യഥാർത്ഥ വിദ്യാർത്ഥികളുമായി കണ്ടുമുട്ടുന്നതിന് അഞ്ച് മുതൽ പത്ത് മിനിറ്റ് വരെ ആസൂത്രിതമായ ഒരു ശ്രേണിയിൽ ശ്രദ്ധാപൂർവ്വം തയ്യാറാക്കിയ പാഠങ്ങളിൽ വ്യക്തമായി നിർവചിക്കപ്പെട്ട അധ്യാപന കഴിവുകൾ പ്രയോഗിക്കാൻ അധ്യാപകരെ സഹായിക്കുന്നു ,ഇത് വീഡിയോ ടേപ്പിലൂടെ നിരീക്ഷിക്കാൻ അവസരമുണ്ട്

"ചുരുങ്ങിയ സമയത്തിനുള്ളിൽ ഒരു ചെറിയ
എണ്ണം വിദ്യാർത്ഥികൾക്ക് നിർദ്ദിഷ്ട
അധ്യാപന കഴിവുകൾ ഉപയോഗിച്ച് ഒരൊറ്റ ആശയം
പഠിപ്പിക്കാൻ വിദ്യാർത്ഥി അധ്യാപകർക്ക്
ആവശ്യമായ ഒരു പരിശീലന സാങ്കേതികതയാണ്
മൈക്രോ ടീച്ചിംഗ്".

ബി.കെ പാസിയും എം.എസ് ലളിറ്റയും(1976)

"സാധാരണ ക്ലാസ് റൂം അധ്യാപനത്തിന്റെ സങ്കീർണ്ണതകൾ കുറയ്ക്കുന്ന വിദ്യാർത്ഥി-അധ്യാപകർക്കുള്ള പരിശീലനമാണ് മൈക്രോ ടീച്ചിംഗ്:എൻ.കെ. ജംഗിറയും അസിത് സിങ്ങും (1982)

ഒരു സമയം ഒരു ഘടക വൈദഗ്ദ്ധ്യം പരിശീലിക്കുന്നു.

5 മുതൽ 10 വരെ വിദ്യാർത്ഥികളുടെ വലുപ്പം കുറയ്ക്കുന്നു.

ഒരൊറ്റ ആശയത്തിലേക്ക് ഉള്ളടക്കത്തെ പരിമിതപ്പെടുത്തുന്നു.

പാഠത്തിന്റെ ദൈർഘ്യം 5 - 10 മിനിറ്റായി കുറയ്ക്കുന്നു

# മൈക്രോ ടീച്ചിംഗിലൂടെ കഴിവുകൾ വികസിപ്പിക്കുന്നതിനുള്ള ഘട്ടങ്ങൾ

മൈക്രോടീച്ചിംഗിലൂടെ അധ്യാപന കഴിവുകൾ വികസിപ്പിക്കുന്ന ഒരാൾക്ക് മൂന്ന് ഘട്ടങ്ങളിലൂടെ കടന്നുപാകണം

## വിജ്ഞാന സമ്പാദന ഘട്ടം (പ്രീ-ആക്റ്റീവ് ഘട്ടം)

ഈ ഘട്ടത്തിൽ അധ്യാപകവിദ്യാർത്ഥി അധ്യാപന നൈപുണ്യത്തെക്കുറിച്ചുള്ള അറിവ് നേടുന്നു.

അദ്ദേഹം അധ്യാപന വൈദഗ്ധ്യത്തിന്റെ പ്രകടനം നിരീക്ഷിക്കുകയും ഓരോ നൈപുണ്യത്തെക്കുറിച്ചും അറിവ് നേടുന്നതിന് വിദഗ്ദ്ധരുടെ പ്രകടന ക്ലാസ് വിശകലനം ചെയ്യുകയും ചെയ്യുന്നു

## നൈപുണ്യ ഏറ്റെടുക്കൽ ഘട്ടം (സംവേദനാത്മക ഘട്ടം)

ഈ ഘട്ടം യഥാർത്ഥ മൈക്രോ ടീച്ചിംഗ് സെഷനാണ്, അധ്യാപകവിദ്യാർത്ഥി മൈക്രോ പാഠം തയ്യാറാക്കുകയും അത് പഠിപ്പിക്കുകയും ഫീഡ്ബാക്ക് സ്വീകരിക്കുകയും ചെയ്യുന്നു.അങ്ങനെ അവൾ / അവൻ ആ പ്രത്യേക നൈപുണ്യത്തിൽ വൈദഗ്ദ്ധ്യം നേടുന്നതുവരെ റീപ്ലാൻ ചെയ്യുക, വീണ്ടും പഠിപ്പിക്കുക വീണ്ടും ഡ്ബാക്ക്

## ട്രാൻസ്ഫർ ഘട്ടം (പാസ്റ്റ്-ആക്റ്റീവ് ഘട്ടം)

ടീച്ചർ ട്രെയിനി മൈക്രോ ടീച്ചിംഗ് സെഷനുകളിലൂടെ അവർ പരിശീലിച്ചു നേടിയ വിവിധ അധ്യാപന കഴിവുകൾ സമന്വയിപ്പിച്ച് യഥാർത്ഥ ക്ലാസ് റൂം സാഹചര്യങ്ങളിലെ കഴിവുകൾ കൈമാറുന്നു.

## മൈക്രോ ടീച്ചിങ് ഘട്ടങ്ങൾ (steps of Micro Teaching )

## ഇനിപ്പറയുന്ന 9 ഘട്ടങ്ങൾ ഉൾപ്പെടുന്നു:

ഘട്ടം 1: ഓറിയന്റേഷൻ

ഘട്ടം 2: അധ്യാപന നൈപുണ്യത്തെക്കുറിച്ചുള്ള ചർച്ച

ഘട്ടം 3: ഒരു പ്രത്യേക അധ്യാപന വൈദഗ്ദ്ധ്യം തിരഞ്ഞെടുക്കൽ

ഘട്ടം 4: നൈപുണ്യ പരിശീലനം

ഘട്ടം 5: ഫീഡ്ബാക്ക് തെളിയിക്കുന്നു
ഘട്ടം 6: പുനർ ആസൂത്രണം
ഘട്ടം 7: വീണ്ടും പഠിപ്പിക്കുക
ഘട്ടം 8: വീണ്ടും ഫീഡ്ബാക്ക്
ഘട്ടം 9: മൈക്രോ ടീച്ചിംഗ് സൈക്കിളിന്റെ ആവർത്തനം

# മൈക്രോ ടീച്ചിംഗിന്റെ പ്രയോജനങ്ങൾ

പ്രധാനപ്പെട്ട അധ്യാപന കഴിവുകൾ വികസിപ്പിക്കുന്നതിനും മാസ്റ്റേഴ്സ് ചെയ്യുന്നതിനും മൈക്രോ ടീച്ചിംഗ് സഹായിക്കുന്നു.

അധ്യാപകന്റെ പെരുമാറ്റം പരിഷ്കരിക്കുന്നതിന് ഇത് വളരെ ഫലപ്രദമാണ്.

കഴിവുകൾ വികസിപ്പിക്കുന്നതിന് ഇത് യഥാർത്ഥ അധ്യാപന സാഹചര്യങ്ങൾ ഉപയോഗിക്കുന്നു .

മൈക്രോ ടീച്ചിംഗ്പാഠഭാഗം കുറച്ചുകാണ്ടുള്ള അദ്ധ്യാപനം ആയതിനാൽ, ഇത് അധ്യാപന പ്രക്രിയയുടെ സങ്കീർണ്ണത കുറയ്ക്കുന്നു.

അദ്ധ്യാപന കലയെക്കുറിച്ചും ശാസ്ത്രത്തെക്കുറിച്ചും ആഴത്തിലുള്ള അറിവ് നേടാൻ ഇത് സഹായിക്കുന്നു.

ഇത് ഒരു വ്യക്തിഗത അധ്യാപക പരിശീലന സാങ്കേതികതയാണ്.

നിർദ്ദിഷ്ട അധ്യാപക കഴിവുകൾ നിറവേറ്റുന്നതിന് ഇത് സഹായിക്കുന്നു

## മൈക്രോ ടീച്ചിംഗിന്റെ പോരായ്മകൾ

മൈക്രോ ടീച്ചിങ്ങിൻ്റെ ആദ്യ അപാകത അത് നൈപുണ്യത്തെ അടിസ്ഥാനമാക്കിയുള്ളതാണ്; ഉള്ളടക്കങ്ങൾക്ക് പ്രാധാന്യം നൽകിയിട്ടില്ല.

അമിതമായ ആത്മവിശ്വാസം പിന്നീടുള്ള യഥാർത്ഥ ബോധന പ്രക്രിയ യെ ബാധിക്കും.

മൈക്രോ ടീച്ചിംഗിന് പ്രത്യേക ക്ലാസ്
റൂം ക്രമീകരണം ആവശ്യമാണ്.

കുറച്ച് നിർദ്ദിഷ്ട കഴിവുകൾ മാത്രം
ഉൾക്കൊള്ളുന്നു.

ഇത് സാധാരണ ക്ലാസ് റൂം
അധ്യാപനത്തിൽ നിന്ന്
വ്യതിചലിക്കുന്നു.

ധാരാളം ട്രെയിനി അധ്യാപകർക്ക് റീ-
ടീച്ചിംഗിനും റീ പ്ലാനിംഗിനുമുള്ള
അവസരങ്ങളുടെ
എണ്ണം സാധ്യമല്ല.

ഇത് സമയമെടുക്കുന്ന അധ്യാപന
സാങ്കേതികതയാണ്.

മൈക്രോലെസ്സണുകൾ ക്രമീകരിക്കുമ്പോൾ
നിർവഹണവുമായി ബന്ധപ്പെട്ട നിരവധി
പ്രശ്നങ്ങൾ ഉണ്ടാകുന്നു.

# UNIT 5 MALAYALAM CURRICULAM

# പാഠ്യപദ്ധതി നിർമ്മാണത്തിന്റെ അടിസ്ഥാനതത്വങ്ങൾ

1. ശിശുകേന്ദ്രീകൃതം

- പാഠ്യപദ്ധതി പഠിതാവിന്റെ വയസ്സിനും,കഴിവുകൾക്കും താൽ
  പര്യത്തിനും ആവശ്യത്തിനുമനുസരിച്ചുള്ളതാവണം.

2.പാലനതത്വം(The conservative principle)

- ഭൂതകാലം ഭാവിയുടെ വഴികാട്ടിയാണ്.വർത്തമാനകാല
  ജീവിതത്തെ സഹായിക്കാവുന്നതെന്തും ഭൂതകാലത്തിൽ
  നിന്ന് തിരഞ്ഞെടുക്കുക എന്നുള്ളതിലാണ് ഈ തത്വം
  ഊന്നൽ നൽകുന്നത്.

3. പുരോഗമന വീക്ഷണതത്വം(Forward Looking)

ഇന്നത്തെ കുട്ടികൾ നാളത്തെ പൗരൻമാരാണ് . അതുകൊണ്ടു തന്നെ പുരോഗമന ചിന്താഗതി ഉണ്ടാക്കാനുതകുന്ന വിദ്യാഭ്യാസമാണ് അവർക്ക് നൽകേണ്ടത്.

4. ഉദ്ദേശ്യാധിഷ്ഠിതതത്വം(Objective basedness)

മുൻകൂട്ടി നിർണയിക്കപ്പെട്ട ഉദ്ദേശ്യങ്ങൾ നേടാൻ പര്യാപ്തമാവണം ഭാഷാപാഠത്തിന്റെ പാഠ്യപദ്ധതി .

5. സർഗ്ഗാത്മകതത്വം(Creativity)

പഠിതാവിന്റെ സർഗ്ഗാത്മകമായ കഴിവുകൾ വികസിപ്പിക്കാനുതകുന്ന പ്രവർത്തനങ്ങൾ പാഠ്യപദ്ധതിയിൽ ഉൾകൊള്ളിക്കണം.

6. പ്രവർത്തനാധിഷ്ഠിതം(Activity Orientation)

പ്രവർത്തനത്തിനും അനുഭവങ്ങൾക്കും ഊന്നൽ നൽകണം.

7. ജീവിതായോധനതത്വം(principle of prepration

for life)

നല്ലൊരു ജീവിതത്തിനുവേണ്ടിയുള്ള തയ്യാറെടുപ്പു-

തന്നെയാണ് വിദ്യാഭ്യാസം .ആ നിലയ്ക്ക് ജീവിതത്തിലെ

സങ്കീർണമായ വെല്ലുവിളികളെ നേരിടാനുള്ള

പരിശീലനവും പഠിതാക്കൾക്കു നൽകേണ്ടതുണ്ട്.

അതിന് പര്യാപ്തമാവണം പാഠ്യപദ്ധതി .

8. പക്വതത്വം(principle of Maturity)

പഠിതാവിന്റെ ബൗദ്ധികവും മാനസികവുമായ പക്വത-
യുടെ നിലവാരം അറിഞ്ഞുവേണം പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തേണ്ടത്.

9. വ്യക്തി വൈജാത്യതത്വം(principle of individual differences)

പഠിതാക്കളുടെ വ്യക്തിവ്യത്യാസങ്ങളെ പരിഗണിക്കുന്ന-
താവണം പാഠ്യപദ്ധതി .

10. സന്തുലനതത്വം(principle of Balance)

സാമൂഹികവും,സാംസ്കാരികവും,സാമ്പത്തികവും,
രാഷ്ട്രീയവുമായ വ്യത്യസ്തതലങ്ങളെ കൈകാര്യം
ചെയ്യുമ്പോൾ പാഠ്യപദ്ധതി സന്തുലനം
പാലിക്കേണ്ട-
തുണ്ട്.

11.വക്രീകരണതത്വം(principle of Flexibility)

സമയം,സ്ഥലം,പരിതസ്ഥിതി തുടങ്ങിയവയെ
പരി-
ഗണിച്ച് ഇവയ്ക്കനുയോജ്യമായ തരത്തിൽ
ഉപയോഗിക്കാൻ വഴക്കമുള്ളതാവണം
പാഠ്യപദ്ധതി .

12.വിശ്രമവേളാതത്വം(principle of Leisure)

പഠിതാക്കളുടെ ഒഴിവുസമയം അഭിലക്ഷണീയമായ

രീതിയിൽ ഉപയോഗിക്കാനുള്ള സന്ദർഭങ്ങൾ ഒരുക്കണം

13. സമൂഹ കേന്ദ്രീകൃതം(Community Orientation)

പാഠ്യപദ്ധതി സാമൂഹ്യജീവിതത്തിന്റെ നേരെ പിടിച്ച

ഒരു കണ്ണാടിയാകണം. സാമൂഹിക ജീവിതം തന്നെ-

യാണ് യഥാർത്ഥ പഠനത്തിന്റെ പരീക്ഷണശാല.

14. ലോകദേശീയഐക്യം

ദേശീയതയെയും ലോകമാനവികതയെയും പോഷിപ്പിക്കുന്നതാവണം കരിക്കുലം.

15. നൈരന്തര്യം(Continuity)

പഠിതാവിന്റെ വളർച്ചക്കനുസരിച്ച് പാഠ്യപദ്ധതി ആഴത്തിലും പരപ്പിലും നിരന്തരം വളരേണ്ടതുണ്ട്.

16.പഠിതാവിന്റെ ആവശ്യങ്ങൾ(Pupils Needs)

പഠിതാവിന്റെ പക്വതയും അനുഭവങ്ങളുടെ വ്യാപ്തിയും
കണക്കിലെടുത്തുള്ള ആവശ്യപൂർത്തീകരണത്തിനുതകുന്നതാകണം പാഠ്യപദ്ധതി .

17. ഏകകേന്ദ്രാസൂത്രണതത്വം(Concentric Plans)

പാഠ്യവസ്തു ഏകകേന്ദ്രമായി വികസിക്കുന്ന തരത്തിൽ ആസൂത്രണം ചെയ്താൽ പഠിതാവിന് ഒരേ പാഠ്യവസ്തുവിന്റെ ലളിതവും സങ്കീർണ്ണവുമായ തലങ്ങൾ പ്രയാസം കൂടാതെ ഉൾക്കൊള്ളാൻ കഴിയും.

18.അനുക്രമതത്വം(principle of Sequance)

ഏകകേന്ദ്രമായി ആസൂത്രണം ചെയ്ത പാഠ്യവസ്തു-

പദ്ധതിയിലെ ആശയങ്ങൾ അനുക്രമമായിരിക്കണം.

കാര്യകാരണബന്ധമോ,കാലാനുക്രമമോ മറ്റേതെങ്കിലും

മാനദണ്ഡമോ ഇതിന് അടിസ്ഥാനമാക്കാം.

19. കാലഗണന(Chronology)

സംഭവങ്ങളുടെ കാലഗണന,വ്യക്തവും,യുക്തിഭദ്രവു-

മായ ഒരു ചട്ടക്കൂട് ഭാഷാപാഠ്യപദ്ധതിക്കുണ്ടാവണം.

20.ലാളിത്യത്തിൽനിന്ന് സങ്കീർണ്ണതയിലേക്ക്

(Simple to Complex)

പാഠ്യവസ്തുക്കളുടെ ക്രമീകരണം ലളിതമായതിൽ നിന്ന്
തുടങ്ങി സങ്കീർണ്ണമായതിൽ അവസാനിക്കുന്ന തര-
ത്തിലായിരിക്കണം.

21.പ്രകരണങ്ങൾ(Topics)

പാഠ്യവസ്തുവിനെ വിവധ പ്രകരണങ്ങളായി(topics)
അവതരിപ്പിക്കുന്നത് ഏകകേന്ദ്രകത്വവും ഉറപ്പു വരു-
ത്താൻ സഹായിക്കും.

## 22.ഉപപ്രകരണങ്ങൾ(Units)

പ്രകരണങ്ങളായി തിരിച്ച പാഠ്യപദ്ധതിയെ
വീണ്ടും
ചെറുയൂണിറ്റുകളാക്കാനും പഠിതാവിന്റെ
ആവശ്യ-
ത്തിനും പ്രദേശിക സൗകര്യങ്ങൾക്കുമനുസരിച്ച്
അതിൽ
മാറ്റം വരുത്താനും അധ്യാപകന്
സൗകര്യമുണ്ടായി-
രിക്കണം.

# പാഠ്യപദ്ധതി രൂപീകരണ സമീപനങ്ങൾ

**1- രേഖീയ സമീപനം (Linear Approach )**

- ഒരാശയത്തെ ക്രമാനു കൃതമായ പടികളായി തിരിച്ച് ഒന്ന് പഠിച്ച് കഴിഞ്ഞതിനു ശേഷം അടുത്തത് എന്ന രീതിയിൽ പഠനത്തെ സമീപിക്കുന്ന രീതി.
- പഠനത്തിന്റെ സങ്കീർണ്ണതകളെ പരിഗണിക്കാതെ നേർരേഖയിൽ സമീപിക്കുന്നു.

ഉദാ: സന്ധി പഠിപ്പിക്കുമ്പോൾ ഓരോ സന്ധികൾ ക്രമമായി പഠിപ്പിക്കുന്നത്.

**2- ചാക്രി കാരോഹണ സമീപനം( Spiral Approach )**

- ജെറോം എസ്. ബ്രൂണറാണ ഈ കാഴ്ചപ്പാട് ആദ്യമായി അവതരിപ്പിച്ചത്.

- അനുഭവങ്ങളുടെ പുനരാവർത്തനം പഠനം കൂടുതൽ മികവുറ്റതാക്കുന്നു.

- ഒരിക്കൽ ചെയ്ത പ്രവർത്തനം / പഠനാനുഭവം ഓരേ പോലെ ആവർത്തിക്കാതെ പുതിയ സന്ദർഭത്തിലും ആ പ്രവർത്തനത്തിന്റെ ആഴങ്ങളിലേക്ക് പോകുന്നു. ധാരണകൾ വിപുലീകരിക്കുന്നു. പ്രക്രിയാശേഷികൾ കൂടുതൽ വികസ്വരമാക്കുന്നു.

**3- കേന്ദ്രീയ സമീപനം ( Concentrate Approach)**

- ഒരാശയം ആദ്യ ക്ലാസുകളിൽ ലഘുവായി തുടങ്ങി ഓരോ ക്ലാസുകളിലൂടെയും മുന്നേറുമ്പോൾ അതിനെ വ്യാപ്തിയും കൂടിവരുന്ന ഉള്ളടക്കത്തെ

- ഓരോ ക്ലാസുകളിലെയും കുട്ടികളുടെ ഗ്രഹണ നിലവാരവും ആശയങ്ങളുടെ കാഠിന്യവും ഉള്ളടക്കത്തിന്റെ വ്യാപ്തിയും ആഴവും തീരുമാനിക്കുന്നു.

**4- പ്രക്രിയാധിഷ്ഠിത സമീപനം (Process based Approach)**

ഓരോ കുട്ടിയുടെയും കാഴ്ചപ്പാടിനും പെരുമാറ്റത്തിനും പരിഗണന ലഭിക്കുന്നതോടൊപ്പം പഠന സംഘങ്ങളുടെ സാമൂഹ്യ സന്ദർഭങ്ങളിലുള്ള വൈവിധ്യവും പരിഗണിക്കുന്നു എന്നതാണ് ഈ സമീപനത്തിന്റെ പ്രത്യേകത.

**5- പ്രയോഗാധിഷ്ഠിത സമീപനം (Application based Approach)**

- പഠിക്കുന്ന കാര്യങ്ങൾ ജീവിതത്തിൽ പ്രയോഗിക്കുന്നു.
- പഠനാനുഭവങ്ങളിലൂടെ കുട്ടി നേടുന്ന അറിവുകളെ സാമൂഹ്യ ജീവിത സന്ദർഭങ്ങളിലോ മറ്റ് പഠന സന്ദർഭങ്ങളിലോ പ്രയോഗിക്കാനുള്ള പ്രാപ്തി കുട്ടികളിൽ ഉണ്ടാക്കുന്നു.

**6- പ്രശ്നാധിഷ്ഠിത സമീപനം (Problem based Approac)**

- പ്രശ്ന പരിഹരണാനുഭവങ്ങളിലൂടെ വിഷയങ്ങൾ പഠിക്കുന്ന രീതി.
- അറിവിന്റെ മേഖലകളും ചിന്തിക്കാനുള്ള തന്ത്രങ്ങളും കുട്ടികൾ മനസ്സിലാക്കുന്നു.

- അയവാർന്ന അറിവും ഫലപ്രദമായ പ്രശനപരിഹരണ നൈപുണികളും സ്വയാതീത പഠനവും ഫലപ്രദമായ സഹപ്രവർത്തനവും വികസിപ്പിക്കാൻ ഈ സമീപനം കുട്ടികളെ സഹായിക്കുന്നു.
- പഠിതാക്കൾ അവരുടെ നിലവിലുള്ള ധാരണകൾ, കൂടുതൽ അറിയേണ്ടവ, പ്രശ്നപരിചരണത്തിനാവശ്യമായ പുതിയ വിവരങ്ങൾ അവയുടെ സ്രോതസ്സുകൾ തുടങ്ങിയവ സംഘത്തിൽ ചർച്ച ചെയ്യുന്നു. അധ്യാപകന്റെ ആവശ്യമായ സഹായവും നൽകുന്നു.

## 7- ഇന്ററർ ഡിസിപ്ലിനറി സമീപനം

- വ്യത്യസ്ത വിഷയങ്ങളുടെ പാഠ്യപദ്ധതി ഭാഗങ്ങളെ ബന്ധിപ്പിച്ചു കൊണ്ടു പോകുന്ന രീതി.
- കൂടുതൽ പാഠ്യപദ്ധതി ഭാഗങ്ങളുടെ അടിസ്ഥാന ഉദ്ദേശ്യങ്ങളെ സൂക്ഷ്മമായി പരിശോധിച്ചു കൊണ്ടുള്ള ആസൂത്രണം ഇതിനാവശ്യമായി വരുന്നു.
- കൂടുതൽ ശക്തമായ അറിവുകളും പ്രചോദനാത്മകമായ അനുഭവങ്ങളും പ്രദാനം ചെയ്യാൻ ഈ സമീപനത്തിലൂടെ സാധിക്കുന്നു.

# പാഠ്യപദ്ധതി വ്യത്യസ്ത വീക്ഷണങ്ങൾ

**1- വിഷയാധിഷ്ഠിത പാഠ്യപദ്ധതി**

- പാഠ്യപദ്ധതിയുടെ ലക്ഷ്യങ്ങൾ, ഉള്ളടക്കം, പഠനാനുഭവങ്ങൾ, വിനിമയ രീതികൾ, മൂല്യ നിർണ്ണയ രീതികൾ എന്നിവ  തിരഞ്ഞെടുക്കപ്പെട്ട ചില വിഷയങ്ങളുടെ അടിസ്ഥാനത്തിൽ സംവിധാനം ചെയ്യുക എന്നതാണ് ഇതിന്റെ അടിസ്ഥാന സമീപനം.
- ഏറ്റവും പഴക്കം ചെന്നതും പ്രാചീനവുമായ പാഠ്യപദ്ധതി.
- ചില വിഷയങ്ങളിൽ പ്രാവീണ്യം നേടുക എന്ന വീക്ഷണം

## 2 - ഉദ്ദേശ്യാധിഷ്ഠിത പാഠ്യപദ്ധതി

- വിഷയങ്ങളും അവയുടെ ഉള്ളടക്കവും പ്രസ്താവിക്കുക എന്നതിലുപരി വ്യക്തമായ ലക്ഷ്യങ്ങളും പഠനാനുഭവങ്ങളും പ്രധാന പദ്ധതികളും ചിട്ടപ്പെടുത്തിയ ചട്ടക്കൂടാണിത്.
- വിദ്യാഭ്യാസത്തിന്റെ ഉദ്ദേശ്യങ്ങളും ലക്ഷ്യങ്ങളും സമഗ്രവും സൂക്ഷ്മവുമായി തീരുമാനിക്കുകയും അവയ്ക്കനുയോജ്യമായ പഠനാനുഭവങ്ങൾ കണ്ടെത്തുകയും ചെയ്യുക എന്നതാണ് പ്രയോഗ രീതി.

## 3- ഉദ്ഗ്രഥിത പാഠ്യപദ്ധതി

വിഷയങ്ങളുടെ ഉള്ളടക്കവും പ്രക്രിയ

**4- പ്രവർത്തനാധിഷ്ഠിതം / അനുഭവാധിഷ്ഠിത പാഠ്യപദ്ധതി**

- ജോൺ ഡ്യൂയിയുടെ സിദ്ധാന്തങ്ങളുടെ അടിസ്ഥാനത്തിൽ രൂപം കൊണ്ടു.
- നേരിട്ടുള്ള അനുഭവങ്ങളാണ് പഠനത്തിന് അടിസ്ഥാനം.
- പഠിതാവിന് സാംഗത്യമുള്ള പ്രവർത്തനങ്ങളിലൂടെയാണ് പഠനവും ബോധവും നിർവ്വഹിക്കപ്പെടേണ്ടത്.
- പഠിതാക്കളുടെ താല്പര്യങ്ങളും ആവശ്യങ്ങളുമായിരിക്കണെ പഠന പ്രവർത്തനത്തിന്റെ പശ്ചാത്തലം.

**5- പ്രാപ്ത്യാധിഷ്ഠിത പാഠ്യപദ്ധതി**

- വിദ്യഭ്യാസത്തിന്റെ ഓരോ ഘട്ടത്തിലും ഓരോ വിഷയവും സംബന്ധിച്ച് കുട്ടിയിലുണ്ടാകേണ്ട പ്രാപ്തിയെ ( ശേഷി ) മുൻകൂട്ടി നിശ്ചയിക്കുകയും അതിനുതകുന്ന രീതിയിൽ ഉള്ളടക്കം ക്രമീകരിച്ച് പഠനാനുഭവം നൽകുക എന്നതാണ് ഈ പാഠ്യപദ്ധതി.

**6- പ്രശ്നാധിഷ്ഠിത പാഠ്യപദ്ധതി**

- കാതലായ സാമൂഹ്യ പ്രശ്നങ്ങൾ പരിഹരിക്കത്തക്ക വിധം വിവിധ വിഷയങ്ങൾ പഠിക്കുന്നതിലൂടെ ഇത്തരം സാമൂഹിക പ്രശ്നങ്ങള തിരിച്ചറിയുകയും അത് പരിഹരക്കത്തത്ത വിധമുള്ള ചിന്തയും

# ഭാഷാ പാഠത്തിന്റെ കരിക്കുലം സംഘാടനം
**(Modern Trends in Curriculum Construction)**

വ്യത്യസ്ത പഠനതലങ്ങൾക്കനുസരിച്ച് പാഠ്യവസ്തുതകളെ തരം തിരിക്കുകയും സംഘടിപ്പിക്കുകയും ചെയ്യേണ്ടതുണ്ട്. ഇതിന് വ്യത്യസ്ത രീതികൾ അവലംബിക്കാറുണ്ട്. ചില രീതികൾ:

**ഏകകേന്ദ്രരീതി**

- പ്രൈമറി ക്ലാസുകളിലെ കുട്ടികൾ മനുഷ്യന്റെ നിത്യജീവിതത്തിന്റെ പ്രതിഭാസങ്ങളെ കുറിച്ച് സാമാന്യ ധാരണ നേടുന്നു.
- സെക്കന്ററി, ഹയർ സെക്കന്ററി തലങ്ങളിലെത്തുന്നതനുസരിച്ച് ഈ ധാരണകൾ

**ഗുണങ്ങൾ**

1) താല്പര്യമുണർത്തുന്നതും തുടർപഠനം എളുപ്പമാക്കുന്നതുമാണ്.
2) വളരെ ലളിതമായ രീതി.

3) ഏതാനും വർഷങ്ങൾക്കൊണ്ട് പഠനം പൂർത്തിയാക്കാം

4) ഭാഷ പഠങ്ങളെ വളര എളുപ്പത്തിൽ കൈകാര്യം ചെയ്യുന്നു.

5) ലളിതമായതിൽ നിന്ന് പ്രയാസമേറിയ തിലേക്ക പൂർണതയിൽ നിന്ന്  ഘടക ഭാഗങ്ങളിലേക്ക എന്നീ തത്വങ്ങൾ പാലിക്കുന്നു.

6) കുട്ടിയുടെ ബൗദ്ധിക നിലവാരം പരിഗണിക്കപ്പെടുന്നു.

**ദോഷങ്ങൾ**

1. ഒരേ പാഠ്യ വസ്തുവിന്റെ ആവർത്തനം ഒരു ദോഷമായും പരിഗണിക്കപ്പെടാം

**പ്രകരണ രീതി**

പഠിതാവിന്റെ പ്രായം, കഴിവ്, താല്പര്യം എന്നിവ കണക്കിലെടുത്ത മൊത്തം പാഠ്യപദ്ധതിയെയും ചില പ്രകരണങ്ങൾ (topics ) ളായി തിരിക്കുന്നു. ഓരോ പ്രകരണവും പൂർണവും സ്വതന്ത്രവുമാണെങ്കിലും അധ്യാപകന് അന്വയാധ്യായങ്ങ (link lessons) ളിലൂടെ അവയെ ബന്ധിപ്പിക്കാൻ കഴിയും. പഠന പ്രവർത്തനങ്ങളുടെ അടിസ്ഥാനമായി ചില പ്രത്യേക പ്രകരണങ്ങളെ പരിഗണിക്കുന്നു.

ഗുണങ്ങൾ

- ദീർഘമായ പാഠ്യപദ്ധതി സൃഷ്ടിക്കുന്ന പ്രശ്നങ്ങൾക്ക് യുക്തമായ ഒരു പരിഹാരം
- പഠിതാവ് അമിതഭാരം നൽകാതെ തന്നെ ഉദ്ഗ്രഥിത

- പഠിതാവിന്റെ വികസന തലത്തിനനുസരിച്ച് പാഠ്യവസ്തുക്കൾ വിലയിരുത്തപ്പെടുന്നു.

ദോഷങ്ങൾ

- പ്രയാസമേറിയ സമീപനം
- ലൈബ്രറിയും മറ്റ് വിജ്ഞാനി സ്രോതസ്സുകളും അനുപേക്ഷണീയമാണ്.
- വിദഗ്ദ്ധരും ഊർജ്ജസ്വലരുമായ അധ്യാപകർക്ക് മാത്രമേ ഈ രീതി പ്രായോഗികമാകൂ.
- പഠന ഉപകരണങ്ങളുടെ ലഭ്യത ഒരു പ്രശ്നമാണ്.

**ഉപപ്രകരണ രീതി (Unit Approach)**

- ഗസ്റ്റാൾട്ട് ക്ഷേത്രസിദ്ധാന്തത്തിന്റെ സ്വാധീനം കാണുന്ന സമീപനം.
- ധാരണ, നൈപുണി , മനോഭാവം തുടങ്ങിയ വികസിപ്പിക്കുക എന്ന നിയതമായ ലക്ഷ്യം ഓരോ ഉപപ്രകരണത്തിനുമുണ്ട്.
- ലക്ഷ്യ കേന്ദ്രീതമായ പാഠ്യവസ്തുക്കൾ മാത്രമേ ഓരോ യൂണിറ്റിലും ഉൾപ്പെടുകയുള്ളൂ.സന്ദർഭത്തിനനുസരിച്ച് പ്രശ്നങ്ങളായോ വ്യതിരിക്ത അധ്യായങ്ങളായി യൂണിറ്റുകൾ അവതരിപ്പിക്കാം.

(കുട്ടിയുടെ പഠനഫലത്തെ രൂപപ്പെടുത്താൻ പര്യാപ്തമായ തരത്തിൽ സംഘടിക്കപ്പെട്ട

ഉപപ്രകരണങ്ങൾ പല തരം

**1 - റിസോഴ്സ് യൂണിറ്റ്.**

പ്രധാനപ്പെട്ട ഒരു പ്രകരണത്തെ കേന്ദ്രീകരിച്ച് സംഘടിപ്പിക്കപ്പെടുന്ന പഠനാശയങ്ങളുടെയും നിർദ്ദേശങ്ങളു ഒരു ശേഖരണമാണ് ഒരു റിസോഴ്സ് യൂണിറ്റ്. അധ്യാപകരും വിദ്യാഭാസ വിചക്ഷണരും മറ്റും കൂടിയിരുന്ന് വിപുലമായ ഗ്രന്ഥ സാമഗ്രികളുടെ സഹായത്താൽ തയ്യാറാക്കുന്നതാണിത്.

പ്രധാന ഘടകങ്ങൾ :-

- പഠനാശയവുമായി ബന്ധപ്പെടുത്തി ലക്ഷ്യങ്ങളെ നിർവചിക്കുക.
- പ്രശ്നം
- പ്രാരംഭം
  പാഠ്യവസ്തുവിന്റെ ഉള്ളടക്കം

## 2 - ബോധന യൂണിറ്റ്

- ഒരു പ്രത്യേക ചുറ്റുപാടിലുള്ള ഒരു സംഘം കുട്ടികൾക്ക് വേണ്ടിയുള്ള നിയതമായ ഒരു ആസൂത്രണമാണ് ബോധന യൂണിറ്റ് .
- റിസേഴ്സ് യൂണിറ്റ് ബോധന യൂണിറ്റ് തയ്യാറാക്കുന്ന അധ്യാപകർക്ക് ഒരു കരുതൽ ശേഖർ മായി (reserve ) വർത്തിക്കുന്നു.
- പഠന യൂണിറ്റ് ഊന്നൽ നൽകുന്നത് പഠന പ്രക്രിയയുടെ പ്രായോഗിക തലത്തിലാണ്.
- പഠിതാവിന്റെ ആവശ്യം, പകപത, പശ്ചാത്തലം തുടങ്ങിയവയാണ് ഒരു പഠനയൂണിറ്റിന്റെ പരിധിയും ദിശയും നിർണയിക്കുന്നത്.

## ഒരു ഉപപ്രകരണത്തിന്റെ സവിശേഷതകൾ

- ഉള്ളടക്കത്തിന്റെ വലിപ്പം അനുയോജ്യമായിരിക്കണം.
- പഠിതാവിന്റെ ധാരണ, തല്പര്യം, കഴിവ് എന്നിവക്കസെനുരിച്ചാവണം യൂണിറ്റിന്റെ കാഠിന്യ നിലവാരം.
- ദൃശ്യോ ശ്രവ്യോപകരണങ്ങൾ, നാടകീകരണം, പഠന യാത്രകൾ, ബോധന സഹായികളുടെ നിർമ്മാണം, ആസൂത്രണം, ചർച്ച, മൂല്യനിർണയം തുടങ്ങിയവയ്ക്ക ഊന്നൽ നൽകുന്നതായിരിക്കണം.
- കുട്ടിയുടെ നിലവാരത്തിനനുസരിച്ചതാവണം.
- വികസന പ്രക്രിയയെ സഹായിക്കുന്നതാവണം
- പഠിതാക്കളുടെ ഭൂതകാല അനുഭവങ്ങളിൽ ഊന്നി വിശാലമായ കാഴ്ചപ്പാടിലേക്കും താത്പര്യത്തിലേക്കും

## ഉപപ്രകരണ രീതിയുടെ ഗുണങ്ങൾ

- ഈ രീതി പഠിതാവിൽ കഴിവും നൈപുണ്യങ്ങളും ജനാധിപത്യ മനോഭാവങ്ങളും വളർത്തുന്നു.
- പാഠ്യപദ്ധതിയെ വിവിധ ഏകകങ്ങളായി തിരിക്കുന്നതിലൂടെ ആശയങ്ങളുടെ പരസ്പരബന്ധം കണ്ടെത്താൻ കുട്ടിക്ക് കഴിയുന്നു.
- അയവുള്ള രീതിയായതിനാൽ വ്യക്തി ഭേദമനുസരിച്ച് ബോധന രീതിയിൽ മാറ്റം വരുത്താൻ കഴിയുന്നു.
- പഠിതാവിന് എന്താണ് ആവശ്യം എന്നതിനാണ് വലിയ പരിഗണന നൽകുന്നത്.
- പഠനഫലത്തിലാണ് ശ്രദ്ധയെന്നതിനാൽ പ്രാധാന്യമില്ലാത്ത മറ്റു കാര്യങ്ങളിൽ ശ്രദ്ധിക്കേണ്ട കാര്യമില്ല

## ഉദ്ഗ്രഥിത പാഠ്യപദ്ധതി

- കഥാ സാഹിത്യം, കവിതാ സാഹിത്യം, നാടൻ കലകൾ, വൈജ്ഞാനിക സാഹിത്യം, വ്യാകരണ കാര്യങ്ങൾ തുടങ്ങിയവയെല്ലാം കൂടിച്ചേർന്ന ഒരു സംഘാതമായ പാഠ്യപദ്ധതിയാണ് ഉദ്ഗ്രഥിത പാഠ്യപദ്ധതി.
- വിവിധ ഭാഷാനൈപുണികൾ വികസിപ്പിക്കുകയും അർത്ഥവത്തും ഫല പ്രദവുമായ പഠന യൂണിറ്റുകൾ ഭാഷാ പഠന ലക്ഷ്യങ്ങൾ മെച്ചപ്പെട്ട രീതിയിൽ നേടിയെടുക്കുന്നതിനും സഹായകം.
- വ്യത്യസ്ത സാഹിത്യരൂപങ്ങൾ ഒരു യൂണറ്റായി പഠിക്കുന്നതിനേക്കാൾ അവ തമ്മിലുള്ള സജാത്യ വൈജാത്യങ്ങൾ മനസ്സിലാക്കാനും അതുമായി

## ഗുണങ്ങൾ

- പഠിതാവിന്റെ ആവശ്യങ്ങളെ പരിഗണിക്കുന്നു.
- മനശ്ശാസ്ത്രപരമായി മെച്ചപ്പെട്ട നേടുന്നത.
- സാമൂഹ്യവല്ക്കരണത്തെ സഹായിക്കുന്നു.
- അഭിപ്രേരണ ആന്തരികമാണ്.
- പഠിതാവ് വസ്തുക്കളും ആശയങ്ങളും നൈപുണികളും നേടുന്നത ഉപരിപഠനത്തിനു വേണ്ടി മാത്രമല്ല. അത് ജീവിതാവശ്യമാണ് എന്ന തിരിച്ചറിവു കൊണ്ട് കൂടിയാണ്.
- പഠിതാക്കളുടെ വ്യക്തി വൈജാത്യത്തെ പരിഗണിക്കുന്നു.

## ദോഷങ്ങൾ

- പഠിതാവിന്റെ ആവശ്യങ്ങൾ പരിഗണിക്കുന്നതു കൊണ്ടു മാത്രം ജീവിതത്തിനു പരിശീലനം നൽകുന്നു എന്ന് വാദിക്കാനാവില്ല.
- ഇത്തരം പാഠ്യപദ്ധതി അസംഘടിതമാണ്. അതിനാൽ നിയതമായ ഒരു ഘടനക്കുള്ളിൽ ഒതുക്കുക പ്രയാസമാണ്.
- ക്രമവും നൈരന്തര്യവും അവകാശപ്പെടാനാവില്ല.
- അനിതരസാധാരണമായ കഴിവുള്ള അധ്യാപകർക്കേ ഈ രീതി വിജയകരമായി പ്രയോഗിക്കാനാകൂ.
- ഈ രീതിക്കനുസൃതമായി നിലയിലുള്ളതല്ല പൊതുവെ പാഠപുസ്തകങ്ങളും മറ്റു

## വ്യതിരിക്ത പാഠ്യപദ്ധതി

അതാതു വിഷയങ്ങളിൽ ഗഹനമായ അറിവ് ലഭിക്കാൻ സഹായകമായ പാഠ്യപദ്ധതി

## ഗുണങ്ങൾ

- അതാതു വിഷയത്തിൽ കൂടുതൽ ധാരണ വളർത്തുന്നു
- ഒരു വിഷയത്തിന്റെ അടിസ്ഥാന സ്വഭാവത്തെ കുറിച്ചും അതിലെ അടിസ്ഥാന ആശയങ്ങൾ, തത്വങ്ങൾ എന്നിവ തമ്മിലുള്ള ബന്ധത്തെ കുറിച്ചുമുള്ള ധാരണയുണ്ടാക്കുന്നു.
- വിവരണ രീതി, അനുത്സുക സ്മരണ (Passive memmorization) പകരം പഠനത്തിന് കണ്ടെത്തൽ സമീപനം സ്വീകരിക്കുന്നു

## ദോഷങ്ങൾ

- അറിവിന്റെ ഉദ്ഗ്രഥനത്തിന സഹായിക്കാത്ത ശകലിക പദ്ധതി.
- വിദ്യാലയ പഠനവും ജീവിതവും തമ്മിലുള്ള ബന്ധത്തെ അഭിമുഖീകരിക്കാൻ ഇത് പര്യാപ്തമല്ല.
- പഠിതാവിക താല്പര്യത്തിനും അനുഭവങ്ങൾക്കും വേണ്ടത്ര ഊന്നൽ നൽകുന്നില്ല.
- പാഠ്യപദ്ധതിയുടെ ഉപയോഗത്തിന് ഫലപ്രദമായ ഒരു നിർവ്വഹണ രീതി മാത്രമാണിത്.
- ഇതിന്റെ വ്യാപ്തി പരിമിതമാണ്.

## കാതൽ പാഠ്യപദ്ധതി

- പാഠ്യപദ്ധതി വ്യക്തിപരവും ജനാധിപത്യപരവുമായ മൂല്യങ്ങളും വികസനത്തിനുതകുന്നതാവണമെന്ന ചിന്തയുടെ അടിസ്ഥാനത്തിൽ വ്യക്തിപരവും സാമുഹികവുമായ ആവശ്യങ്ങളെ കേന്ദ്രമാക്കിയാണ് കാതൽ പാഠ്യപദ്ധതിയെന്ന ആശയം അവതരിക്കപ്പെടുന്നത്.
- പാഠ്യ പദ്ധതിയുടെ ഏകീകൃതമായ ഒരു കാമ്പ് അവതരിപ്പിക്കുകയും എല്ലാ വിഷയങ്ങളെയും അതുമായി ബന്ധിപ്പിക്കുകയും ചെയ്യുക എന്നതാണ് ഇതിന്റെ അടിസ്ഥാന ആശയം.
- പ്രത്യേക പഠനത്തിന് പുറമെയായി എല്ലാവരും ആവശ്യം പഠിച്ചിരിക്കേണ്ട വിഷയങ്ങളെയാണ് കാതൽ

## വ്യത്യസ്ത കാതൽ രൂപകല്പനകൾ (Core Designs )

1) **വ്യതിരിക്ത വിഷയകം (Seperate subject core):** വ്യതസ്ത വിഷയങ്ങൾ അതത് വിഷയ വിദഗ്ദ്ധന്മാർ പഠിപ്പിക്കുന്നു.
2) **പരസ്പര ബന്ധിത കാൽ (Correlated core) :** രണ്ടോ അതിലധികമോ വിഷയങ്ങളും പരസ്പര ബന്ധം വിശദീകരിക്കുന്നതിലൂടെ പൊതു പഠനം സാധ്യമാക്കുന്നു.

**3) സംയോജിത കാതൽ (fused core) :** വിവിധ വിഷയങ്ങളുടെ സംയോജനമാണ് ഇതിൽ നടക്കുന്നത്.

**4) പ്രവർത്തനാധിഷ്ഠിതം ( Activity core) :** പഠിതാവിന്റെ താല്പര്യത്തിലും ആവശ്യങ്ങൾക്കും അനുസരിച്ചുള്ള ഒരു രൂപകല്പന

**5) ജീവിത മേഖലാ ധിഷ്ഠിതം ( Areas of Living core):**
മനുഷ്യന്റെ സാമൂഹിക ജീവിതത്തിൽ നിന്ന് ഉരുത്തിരിയുന്ന പ്രശ്നങ്ങളുടെ അടിസ്ഥാനത്തിൽ ആസൂത്രണം ചെയ്യുന്ന രൂപരേഖ. പ്രബലമായ ഒരു കോർ ഡിസൈനാണിത് കാരണം.

1- വിഷയാധിഷ്ഠിതമല്ല മറിച്ച് പ്രശ്നാധിഷ്ഠിതമാണ്.

2- സമഗ്രമായി മുന്നൊരുക്കം വേണ്ടതാണ്.

3 - ഉദ്ഗ്രഥിത സമീപനത്തിൽ അധിഷ്ഠിതം.

4- അധ്യാപകന് ക്ലാസിൽ ഒരു മാർഗനിർദ്ദേശകന്റെ സ്ഥാനം കൂടിയുണ്ട്.

**6) സാമൂഹിക പ്രശ്നാധിഷ്ഠിതം ( Social Problem Core) :** ഈ രൂപരേഖയുടെ അടിസ്ഥാനം ആധുനിക ജീവിതത്തിന്റെ ... മനുഷ്യൻ നേരിടുന്ന പ്രധാന

## ഭാഷ ഒരു കാതൽ വിഷയമെന്ന നിലയിൽ

- ആധുനിക സമൂഹത്തിൽ ജീവിക്കാനാവശ്യമായ കഴിവുകൾ നൽകുക എന്നതാണ് കാതൽ പാഠ്യപദ്ധതിയുടെ കേന്ദ്രാശയം.
- ഭാഷാപരമായി പറയുമ്പോൾ ഭാഷയുടെ വിവിധ വശങ്ങളെ കുറിച്ചു ഭാഷയിലെ വിവിധ സാഹിത്യ വ്യവഹാരരൂപങ്ങളെ കുറിച്ചും ഭാഷയിലെ പ്രധാന നൈപുണികളെ കുറിച്ചും ശരിയായി കാര്യങ്ങൾ ധരിക്കുകയും അതുൾക്കൊണ്ട് ഭാഷാപരമായ പ്രവർത്തികളിൽ പങ്കാളികളാകണം.
- മാതൃഭാഷയിലെ വിവിധ കാതൽ വിഷയങ്ങൾ

1- ഭാഷാശാസ്ത്രം
2-നാടോടി വിജ്ഞാനീയം
3- താരതമ്യ സാഹിത്യം
4- വ്യാകരണ ശാസ്ത്രം
5- വൈജ്ഞാനിക സാഹിത്യം
6- പ്രാചീന സാഹിത്യം
7- മധ്യകാല സാഹിത്യം
8- ആധുനിക സാഹിത്യം
9- ഉത്തരാധുനിക സാഹിത്യം
10- പുരോഗമന സാഹിത്യം